333

4 ആദി ശങ്കരന്റെ സത്യദർശനം.

(Adisankara's Vision of Reality by വിദ്യാവാചസ്പതി പനോളി- മാതൃഭൂമി ഗ്രന്ഥവേദി)

ഏറെ പ്രതീക്ഷകളോടെയാണ് ഞാൻ വിദ്യാവാചസ്പതി പനോളിയുടെ ഗ്രന്ഥം വായിച്ചത്. ശങ്കരന്റെ ഉപനിഷദ് ഭാഷ്യങ്ങൾക്കുള്ള ഇംഗ്ലീഷ് തർജ്ജമയിലൂടെ മാതൃഭൂമിയും പനോളിയും വൈജ്ഞാനിക രംഗത്തിന് ചെയ്ത സംഭാവനയെ അങ്ങേയറ്റം വിലമതിക്കുന്നവരാണ് ഞാൻ. എന്നാൽ ശങ്കരന്റെ സത്യദർശനത്തെക്കുറിച്ചുള്ള സ്വന്തം അഭിപ്രായങ്ങൾ നിറയുന്ന ഈ ഗ്രന്ഥം ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തുന്നു. ഒരുപാട് തെറ്റിദ്ധാരണകൾ പരത്തുന്നു. ശങ്കരൻ വെറും ഭാഷ്യകാരനാണെന്നും പ്രത്യേക ദർശനമുണ്ടാവാനുള്ള ശക്തി പോലുമില്ലാത്തയാളാണെന്നും ഈ ഗ്രന്ഥം വായിച്ച് പുതിയ തലമുറ തെറ്റിദ്ധരിച്ചാൽ അതിൽ അവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഇന്ത്യയിൽ ആഗമം, നിഗമം എന്ന് രണ്ടു ശാസ്ത്ര ശാഖകൾ അനാദികാലം മുതൽ ഉണ്ട്. ഇവയിൽ രണ്ടിലും അവഗാഹവും അനുഭൂതിയും നേടിയവർക്ക് മാത്രമാണ് സർവ്വജ്ഞപീഠത്തിന് അർഹതയിരുന്നത്. നിഗമത്തിൽ ഉൾപ്പെട്ട തന്ത്രം, ജ്യോതിഷം, സംഗീതം, കാവ്യം മുതലായവയും അവയുടെ ആഗമവും നിഷേധിച്ച് വെറും പാണ്ഡിത്യം മാത്രം ശങ്കരനിൽ ആരോപിക്കുന്നത് അദ്ദേഹത്തെ സർവ്വജ്ഞനല്ല എന്ന് മുദ്രകുത്തുന്നതിന് സമമാണ്. ഈ ഗ്രന്ഥം അതാണ് ചെയ്യുന്നത്. ശങ്കരന്റേത് എന്ന് ഒരുവിഭാഗം വിശ്വസിക്കുന്ന പല സ്തോത്രങ്ങളും കാളിദാസൻ, ആര്യഭടൻ മുതലായവരുടെ അനേകരെന്ന മട്ടിലെന്ന പറയാൻ ശങ്കരൻ ഒരു കവിതയെഴുതാനറിയാത്തവനെന്നും ആളുകൾ ധരിച്ചേക്കാം. ഭാഷ്യകാരനായ ശങ്കരൻ, വിദ്യ വിനയം നൽകുന്ന എന്ന ദർശനം സ്വജീവിതത്തിൽ

ചാർത്തിക്കാണിക്കുന്ന അഹങ്കാരിയായിരുന്ന എന്നോ ഗ്രന്ഥകാരനിലുള്ള ഈ ഗ്രന്ഥത്തിൽ. സ്വന്തം വ്യാഖ്യാനം കാരികാത്മകമായ ശ്രുതിയാണെന്നാണ് ഗ്രന്ഥകാരൻ കരുതുന്നത്. അതിനാൽ അതിന്റെ ആദ്യഭാഗം വായിക്കുന്നത് ഗ്രന്ഥകാരനെന്ന വാദം സ്വീകരിക്കുമ്പോഴും ഗ്രന്ഥത്തിന്റെ മനസ്സിൽ കാലം ആലോചിക്കേണ്ടിവരും. മറിച്ച്, ഗ്രന്ഥങ്ങളുടെ കർത്താവ് എന്ന് സ്വീകരിക്കുമ്പോൾ "സ്വസ്വരൂപസ്ഥിതി" യുടെ അനുസന്ധാനത്തിന്റെ ദർശനത്തിലും അതുനൽകുന്ന അനുഭവാന്തർഗതിയിലും മറ്റു തെളിവുകളുടെയും ഉള്ളടക്കത്താൽ ഗ്രന്ഥം സ്വാതന്ത്ര്യം പരിപ്പിക്കുന്ന വെറും ഇല്ല. ഭാവിതമെന്ന് വിചാരിക്കേണ്ടിവരും. ഇത് ഗ്രന്ഥത്തിന്റെ വാദങ്ങൾക്ക് വിരുദ്ധമാണ്. ഭേദാഭേദം, സ്വാതന്ത്ര്യവാദം, സ്വാത്മജ്ഞാനീയം എന്നിവയുടെ ദാർശനികതയെ ഗ്രന്ഥമല്ലാതെ അവതാരികയിൽ ഗ്രന്ഥകാരനെന്നും തെളിയിക്കാനുള്ള ഗ്രന്ഥത്തിൽ ഒട്ടേറെ ചാരിത്രികൾ കാണുന്നു.

ഇങ്ങനെ 'ചിന്താഭേദം കാരണമായ' 'വാഗ്ജാലം' വാരിവിതറിയ ഒരു കൃതി വായിച്ചിട്ട് ആശയപരമായ അഭിപ്രായവ്യത്യാസങ്ങൾ ഉന്നയിക്കുന്നത് തത്ത്വചിന്താപരമാണ് എന്ന തോന്നലുള്ളതുകൊണ്ട്, അതോടൊപ്പം ദർശനവും കൂടാതെ ചിലതു കുറിക്കുന്നു. മാതൃഭൂമി ഈ ആശയസംവാദത്തെ ആരോഗ്യകരമായ രീതിയിൽ കണ്ട് വായനക്കാർക്കായി ഇത് പ്രസിദ്ധീകരിക്കുമെന്ന പ്രത്യാശയോടെ!

<u>അവതാരിക</u> :-

അവതാരികയിൽ ചിലരെങ്കിലും ഇങ്ങനെ എഴുതുന്നു.

Pratyabigna system which consists in itself the purest tenets of Saivāgamas is not fundamentally different from Vedanta is a widely

acknowledged fact. പ്രത്യഭിജ്ഞാപദ്ധതി ശൈവാഗമത്തിന്റെ ഉപബൃംഹണമാണ്. അത് അദ്വൈതവേദാന്തത്തിൽ നിന്ന് വിഭിന്നമല്ല എന്നത് ഒരംഗീകൃതസത്യവുമാണ്. ഇത് അവതാരികയിൽ തന്നെ അംഗീകരിച്ചിട്ടും, സൌന്ദര്യലഹരിപോലുള്ള ഒരു "തന്ത്രഗ്രന്ഥം" ശങ്കരൻ എഴുതുകയില്ല എന്ന് തെളിയിക്കാൻ ശ്രീ [illegible]യുടെ ഗ്രന്ഥം പാടുപെടുന്നത് അത്ഭുതമായിരിക്കുന്നു.

പ്രത്യഭിജ്ഞാ എന്നാൽ പ്രത്യക്ഷമായ പ്രത്യുസ്മരണ. പ്രത്യുസ്മരണത്തിനുള്ള തത്ത്വം അറിയാത്തവർ ഈ ജന്മത്തിൽ സ്വീകരിച്ച ദൈനംദിക ദേഹാത്മഭാവങ്ങൾ മാത്രം "സത്യ"മെന്ന് കരുതുന്നു. അവരുടെ അറിവ് കാലദേശസീമിതമാണ്. ശങ്കരന്റെ സത്യദർശനം [illegible] ദൈനംദിക ദേഹാത്മഭാവത്തിന്റെ പ്രത്യഭിജ്ഞ മാത്രമായിരുന്നില്ല. ജന്മജന്മാന്തരങ്ങളിലെ "വിദ്യ"യുടെ പ്രത്യഭിജ്ഞയായിരുന്നു. സർവ്വാത്മപുരുഷൻ താൻ പ്രാപഞ്ചികമെന്ന സ്വരൂപകല്പന ചെയ്ത്, ഏകം പലതായി പരിണമിച്ചു എന്നത് അവരോഹണക്രമത്തിലുള്ള സർഗ്ഗം. (ആഗമം). അപ്രകാരം പരിണമിച്ച ജൈവശരീരത്തിലിരുന്ന്, ആ 'രൂപ'ത്തിൽ നിന്ന് നിർമ്മുക്തിയും, സർവ്വഗതമായ സർവ്വാത്മപുരുഷനാണ് താനെന്ന് സ്വസ്വരൂപാനുസന്ധാനം ചെയ്ത് "അഹം ബ്രഹ്മാസ്മി" എന്ന് അനുഭൂതിവിഷയമാക്കുകയും ചെയ്യുന്ന "നിർമ്മല"തത്ത്വം നിഗമം. ആഗമം പുരുഷനിൽനിന്ന് പ്രകൃതിയിലേക്കുള്ളതിൽ നിഗമം പ്രകൃതിയിൽനിന്ന് പുരുഷനിലേക്കുള്ളതാണ്. (ദിശയിൽ മാത്രമേ വ്യത്യാസമുള്ളൂ.) ഭൂമിയിൽ ശരീരമെടുത്ത ഒരു ജീവിയും (ലിംഗഭേദം കൂടാതെ) "നിഗമ"ത്തിലൂടെ (സ്വസ്വരൂപ ശക്തി – പരാശക്തി –) ഭക്തിയോടൊത്തു മാത്രമേ "അപരോക്ഷാനുഭൂതിയിലെത്തുള്ളൂ എന്ന് "അദ്വൈ

[illegible]"യിൽ ശങ്കരൻ എടുത്തു പറയുന്നുണ്ട്.

ഗ്രന്ഥത്തിന്റെ 60-ാം പേജിൽ "ഭക്തി"എന്ന പദത്തിന് ആചാര്യൻ നൽകിയ "നിഗമാചാര്യവാക്യേഷു ഭക്തി: ശ്രദ്ധേതി വിശ്രുതാ" എന്ന നിർവ്വചനം എടുത്തുകാണിച്ചു പനോളി [illegible] ത്തുകയിൽ "നിഗമ"ത്തിന് Scripture എന്ന് അർത്ഥം കൊടുത്തിരിക്കുന്നത് ശ്രദ്ധേയം. Implicit faith അഥവാ ചോദ്യം ചെയ്യാത്ത "വിശ്വാസ"മാണ് ഭക്തി എന്നല്ല "നിഗമത്തിലുള്ള ശ്രദ്ധയാണ് ഭക്തി" എന്നാണ് ആചാര്യൻ പറഞ്ഞതെന്ന് അടിവരയിട്ടു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രത്യഭിജ്ഞ അഥവാ ഈശ്വരപ്രത്യഭിജ്ഞാപദ്ധതിയെ സർവ്വദർശനസംഗ്രഹം വേദാന്തത്തോടൊപ്പം പരാമർശിക്കുന്നത് ഇന്നും അറിഞ്ഞിട്ടാണ്. ശങ്കരതന്ത്രങ്ങൾ ശൈവസിദ്ധാന്തത്തിൽ പ്രായോഗികമായ ശുദ്ധമായ അദ്വൈതമാണ് പ്രത്യഭിജ്ഞ എന്നത്രേ. ചിലരുടെ അഭിപ്രായം അവതാരികാകാരൻ ഉദ്ധരിച്ചിട്ടുണ്ട്. കാശ്മീരത്തിലും (കല്ലടൻ, സോമാനന്ദൻ) [illegible]ിലും (അഭിനവഗുപ്തൻ) ഈ പദ്ധതി നാട്യ, കാവ്യ, സംഗീതാദികളിൽ ഉപയോഗിക്കുന്നത് അവ നിഗമമാതൃകയാലാണ്. സാരസ്വതതന്ത്രമെന്ന് ശ്രീശാരദാതിലകവും സൌന്ദര്യലഹരിയും കരുതുന്ന "വാഗീശ്വരി"യുടെ ആരാധന, സർവ്വജ്ഞപീഠാരോഹണ എന്നിവ ഭാരതത്തിൽ അതിപ്രാചീനകാലം മുതൽ ഉണ്ട്. മോഹഞ്ജൊദാരോവിൽ നിന്ന് ഇതിനെപ്പോൽ ചില തെളിവുകൾ കിട്ടിയിട്ടുണ്ട്. ഇന്ത്യയിലെ പ്രാചീന "വിദ്യാ"സമ്പ്രദായങ്ങളെല്ലാം വിദ്യയെ മാത്രം ഉപാസിക്കുന്ന ഒരാൾ അനുഷ്ഠിക്കുന്ന 'ശ്രീവിദ്യോപാസനയെയും കുറിച്ച് ഒക്കെയോ ജ്ഞാനം പോലുമില്ലാത്ത ഒരാൾ മാത്രമേ ഏതാനുമാണ്ടിലെ "വിദ്യോപാസക"നായ ഒരാൾ വാഗ്ദേവിയെ ഉപാസിച്ചില്ല എന്ന് കരുതുകയുള്ളൂ. ഡോക്ടർ കാവിന് (KAW) അതി

ജ്ഞാതിരുന്നതിനാൽ ഭാഷ്യകാരനായ ശങ്കരന് തന്നെയാണ് അറി-
യാമെന്നതിന് തെളിവുകളില്ലെന്ന് സമർത്ഥിച്ചു. ശ്രീ ബലദേവ
'ഹോർവിന്റെ' നിന്നാലെ കൂടി ഒരു സമ്പ്രദായം മാറ്റമാണ് പണ്ടേ
ഇ നടന്നിരിക്കുന്നത്. രണ്ടു മൂന്നു വർഷം മുമ്പ് തൃശ്ശൂരിൽ നടന്ന
ഒരു ജ്യോതിഷ സമ്മേളനത്തിൽ ഒരു ജ്യോതിഷി ഇപ്രകാരം അഭിപ്രായ-
പ്പെട്ടു പറഞ്ഞു: "സർവ്വജ്ഞനായ ശങ്കരനു പോലും ഗ്രഹിക്കാൻ സാധി-
ക്കാതിരുന്ന ശാസ്ത്രമാണ് ജ്യോതിഷം. അദ്ദേഹത്തിന് ജ്യോതിഷത-
ത്ത്വങ്ങൾ അറിയാമെന്നതിന് ഭാഷ്യങ്ങളിൽ തെളിവുകളില്ല."
(സർവ്വജ്ഞനാണെങ്കിൽ ജ്യോതിഷത്തെയും അറിഞ്ഞിരിക്കണം. അറി-
ഞ്ഞിരുന്നു എന്നതിന് ധാരാളം തെളിവുകൾ ഭാഷ്യങ്ങളിലുണ്ടുതാനും).
പണ്ഡിതരുടെ ഗ്രന്ഥം പഠിച്ചു എങ്കിലും ശങ്കരൻ ഇങ്ങനെ
അഹങ്കരിച്ചു കാണുകയില്ല. സർവ്വജ്ഞപീഠത്തിന് എട്ടാം നൂറ്റാണ്ടി-
ലെ അർത്ഥം, ഇരുപതാം നൂറ്റാണ്ടിലെ ഇന്ത്യയുടെ "ജ്ഞാനപീഠ"മെ-
ന്നായിരുന്നില്ല എന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പി-
ക്കട്ടെ.

വിദ്യാപീഠത്തിൽ വിദ്യയുടെ അടയാളമായ ചക്രം വരച്ച്
ആയിരത്താണ്ട് തൊട്ട് ഇന്നു വരെയുള്ള എല്ലാ ജനതയും
(ശൈവജനത — ബുദ്ധിസ്റ്റ്, ജൈനമതക്കാർ ഉൾപ്പെടെ) ചെയ്തു-
വന്നു. 976 ശ്ലോകവും ഋഗ്യജുർവേദശ്ലോകങ്ങളായ ഉപനിഷത്തു-
കളിൽ നിന്നും 709 ശ്ലോകവും സാമവേദശ്ലോകമായ ഛാന്ദോ-
ഗ്യത്തിൽ നിന്നും ശങ്കരൻ ശ്ലോകങ്ങൾ ഉദ്ധരിച്ചതായി ഗ്രന്ഥകാരൻ
പറയുന്നു. വേദങ്ങളിൽ ഞാൻ 'സാമ'മാണെന്ന പ്രഖ്യാപിച്ച
വിഷ്ണുവിന്റെ 'ഗീത'യ്ക്കും ശങ്കരൻ ഭാഷ്യം ചമച്ചിട്ടുണ്ട്. വൈഷ്ണവ-
മായ ഗീതക്കു ഭാഷ്യം രചിച്ച ശങ്കരൻ 'സാമഗാനപ്രിയ'നായ ശിവന്റെ
അവതാരമെങ്കിൽ ആ "ഹരിഹര" സമന്വയമായ ശങ്കരപീഠത്തിൽ

സ്വപ്നഗതിയെ അനുസന്ധാനം ചെയ്ത് അനുഭവിക്കുന്നതിൽ
നാം എന്തിന് അസ്വസ്ഥരാകണം? എന്തിന് ഖേദിക്കണം?
മറ്റൊരു പ്രധാന കാര്യം – ഒരു ഗ്രന്ഥത്തിൽ നിന്ന് ഒരാൾ ഒരു പ്രാവശ്യം
ഒരു ഉദ്ധരണി എടുത്തു എന്ന് എണ്ണം നോക്കി, ആ ഗ്രന്ഥം മുഴുവൻ
ആ ആൾക്ക് സ്വീകാര്യമാണെന്ന് പറയുന്നതും, ഒരു പ്രാവശ്യം മാത്രം
ഉദ്ധരിച്ച ഒരു ഗ്രന്ഥത്തെ ഒരാൾ തിരസ്കരിക്കുന്നു എന്ന് പറയുന്നതും
ഒട്ടും ശാസ്ത്രീയമല്ലാത്ത ഒരു നിലപാടാണ്. ഇങ്ങനെ ഉദ്ധരി-
ക്കാൻ ഇത്രയേറെ വാക്യജാലം ഉപയോഗിക്കുന്നു എന്നതാണ്
മറ്റൊരു പ്രത്യേകത. പണ്ട് നാടൻ പാട്ടുകളെ ഉദ്ധരിച്ച് എല്ലാം
കാലവിഭാഗങ്ങളെ വിഭജിച്ചിരുന്ന പോലെ, അതിനെ ഉദ്ധരണം
ഇങ്ങനെ കലാംശമാകാം. ആരും ഉദ്ധരിക്കാൻ ഇഷ്ട-
പ്പെടുന്നതെന്തായാലും ഇങ്ങനെ ഉദ്ധരണം ഒരുക്കിയാണ് അവലംബി-
ക്കുകയും ചെയ്യും.

വൈരുദ്ധ്യം: ഗ്രന്ഥകാരന്റെ ഭേദമുഖം എടുത്ത് കാണിക്കുന്ന
വൈരുദ്ധ്യഭാവത്തിൽ കാണുന്ന ആദ്യവാക്കിൽ തന്നെയുണ്ട്. How far...
How far... എന്ന് എവിടെയോ അങ്ങകലെ കിടക്കുന്ന ലക്ഷ്യ-
ത്തെ പ്രതിനിധീകരിക്കുന്നത് സന്ദേഹത്തോടെയാണ് (ആരംഭ-
ത്തിലെ) ആശങ്കയാണ്. കൈകളിലെ ആശ്രയം നൽകാൻ
വരമായിട്ടും ഗ്രന്ഥകാരന് സാധിച്ചില്ല. ഇവിടെ ഇപ്പോൾ
സാക്ഷാത്കരിക്കാവുന്ന അനുഭവങ്ങൾ ഉണ്ടായ ഒരാൾ അങ്ങ-
നെ ഒരു ഭാവിയെ കാണുന്നില്ല. ആനന്ദം ധ്യാനത്തിന്റെയും
ധർമ്മത്തിന്റെയും ഫലമാണെന്ന തെറ്റിദ്ധാരണ ഉദ്ധരിച്ച
ഗ്രന്ഥകാരൻ "ആനന്ദലഹരി" ഇങ്ങനെ നിഷേധിക്കുകയും ചെയ്യുന്നു.
ആസ്തിക്യബുദ്ധിയുടെയും, ഒരുവിധം ആചാരത്തിന്റെയും, മനുഷ്യൻ ഒരു

ഋഷികളുടേയും വാക്ക് മനസ്സിന്റേയും രസമാണെന്നും, ആ വാക്കാണ്
മനസ്സിന്റെ പാരമെന്നും, ഒരു പാത്രം പാത്രത്താൽ പകർത്തുന്ന
ഇതുപോലെ വാക്ക് എന്നിടത്ത് മനസ്സും പകർത്തുന്നതെന്നുമുള്ള
ഛാന്ദോഗ്യ ഭാഷ്യ ഭാഗങ്ങൾ ഉദ്ധരിച്ചിട്ടും "വാഗ്ദേവി"യുടെ
സൗന്ദര്യലഹരിയിൽ (aesthetics) മനസ്സിനില്ല ഒരു മനസ്സിന്
സംവേദിക്കുന്ന "ശബ്ദദേവ"നെ നിഷേധിച്ച് അദ്ദേഹത്തെ
ഒരു ഇരുട്ടു പണ്ഡിതനാക്കുന്നു.

ഗുരുവായൂരിലേയ്ക്കു നോക്കുക. വേദകാലത്തെ ബ്രാഹ്മണൻ
മാനവവംശത്തിന്റെ ശൈശവാവസ്ഥയിലെന്നും ജീവിതത്തിലും ചിന്തയി
ലും ലക്ഷ്യത്തിലും കൂടി വിശുദ്ധി അവന്റെ കവചമായിരുന്നു എ
ന്നും സത്യദർശിയായ അവൻ ഈശ്വരഉള്ളം സർവ്വജ്ഞനായി ജാത
കർമ്മം മുതൽ ഉദകക്രിയാപര്യന്തം വിശുദ്ധനായി ജീവിച്ചു
എന്നും, ഉയിരുന്ന സുസ്വരത്തിൽ നാദോപാസന ചെയ്തു
സാമഗാനത്താൽ ഈശ്വരനെ സ്തുതിച്ചു എന്നും പണ്ഡിതന്മാർ
പറയുന്നു. (In resonant and vibrant voice the
Brahmanas sang to propitiate God) ആ
വേദകാല ബ്രാഹ്മണന്റെ ഏകോപാസനയും ഈശ്വരസ്തുതി
യും മാത്രം, നിത്യശുദ്ധബുദ്ധമുക്തസ്വരൂപമായ ഭഗവാന്റെ
ആത്മാവിന് നാം നിവേദിക്കുന്നതെന്തിന് എന്ന ചോദ്യം
അദ്ദേഹം തന്നോടുതന്നെ ചോദിച്ചിരുന്നുവെങ്കിൽ !!

പറയാത്തത് - പറഞ്ഞത്:—

ഇനിയും ഇങ്ങനൊക്കെ ധാരാളമുണ്ട്. വിദ്യാധര
ങ്ങളൊക്കെ ഉദ്ധരിക്കുന്നു. "മാതൃവാൻ പിതൃവാൻ ആചാര്യവാൻ
ബ്രൂയാത്" എന്ന് ശങ്കരൻ പലവട്ടം പറഞ്ഞതുകൊണ്ട്, അദ്ദേഹത്തിന്
ഒരമ്മയും ഒരച്ഛനും ഒരു ആചാര്യനും ഉണ്ടായിരുന്നിരിക്കുമെന്ന

വാദം അതിനാൽ ബാലിശമാണ്; മഹാഭാരതത്തിൽനിന്ന് ഇഷ്ടംപോലെ ആവശ്യം ശ്ലോകങ്ങൾ ഉദ്ധരിച്ച ശങ്കരൻ (അതും, 18 പ്രാവശ്യം വിഷ്ണുസഹസ്രനാമം ഇടം ഉൾപ്പെടുന്ന ശാന്തിപർവ്വത്തിൽനിന്ന് !!!) ഇതിനെ ഒന്നു പ്രാവശ്യമേ പരാമർശിച്ചിട്ടുള്ളൂ, രാമനെ പരാമർശിച്ചിട്ടേയില്ല, വ്യാസനെ മാത്രമാണ് പേരെടുത്ത് ആക്രമിച്ചത് ഇതൊക്കെയാണ് മറുവാദങ്ങൾ.

മാതാപിതാക്കളുടെ പേര് എടുത്തു പറയാത്ത ശങ്കരൻ മാതാപിതാക്കളെ അനാദരിച്ചിരുന്നു എന്ന് സ്ഥാപിക്കാൻ വല്ല വകുപ്പും ഉണ്ടോ? ഉണ്ടെങ്കിൽ മാത്രമേ പേരെടുത്തു പറയാത്ത വാല്മീകിയെയും രാമനെയും മറ്റു ഋഷിമാരെയും അദ്ദേഹം അനാദരിച്ചിരുന്നതായി കരുതാൻ ന്യായമുള്ളൂ. (ഇതിൽ വിഷ്ണുവിന്റെ ഏഴാമത്തെ അവതാരമാകയാൽ ഇതിനെ പരാമർശിക്കുമ്പോൾ രാമനെയും പരാമർശിച്ചു കഴിഞ്ഞു) വിഗ്രഹാരാധനയെക്കുറിച്ച് നാലു സ്ഥലത്തേ പരാമർശിച്ചുള്ളൂ എന്നാണ് മറ്റൊരു കണ്ടെത്തൽ. ശങ്കരാചാര്യരെപ്പോലെ ഒരാൾ ഒരു പ്രാവശ്യം ഒരു കാര്യം പറഞ്ഞാൽത്തന്നെ അത് നമ്മളെപ്പോലുള്ളവർ ഒരു കോടിവട്ടം പറഞ്ഞ കാര്യത്തേക്കാൾ ശക്തമല്ലേ? ഈ നാട്ടിലെ കവികളെയും തീർത്ഥാടന കേന്ദ്രങ്ങളെയും പരാമർശിക്കാത്തതാണ് മറ്റൊരു വിഷയം. ഒരു പ്രത്യേക കാലഘട്ടത്തിലെയോ, ഒരു പ്രത്യേക ദേശത്തിലെയോ നാമരൂപങ്ങൾ എടുത്ത വ്യക്തികളെ പരാമർശിക്കുന്നില്ല, കാലദേശാതീതമായ സത്യത്തെ പരാമർശിക്കുന്നതാണ് ശങ്കരദർശനം. അതുകൊണ്ട് അദ്ദേഹം കഴിയുന്നതു നാമരൂപങ്ങൾ ഒഴിവാക്കി എന്നു മാത്രം പറഞ്ഞാൽ മതിയല്ലോ. മൗനത്തിന്റെ അർത്ഥം അറിവില്ലായ്മയോ അനാദരവോ അല്ല എന്ന് നാം ഓർക്കണം. ഹരിദ്വാരം, പാടലീപുത്രം, കാശി എന്നിവയുടെ കൂടെ അയോധ്യയെയും പുണ്യ തീർത്ഥാടന കേന്ദ്രമായി പരാമർശിച്ച ശങ്കരന് രാമനെയും വാല്മീകിയെയും അറിയില്ലെന്നോ, അവരോട്

അനാദരവുണ്ടെന്നോ, തീർത്ഥാടനത്തിന്റെ പ്രാധാന്യം അദ്ദേഹം ചൂണ്ടിക്കാട്ടാത്തതു കൊണ്ട് അദ്ദേഹം ഒരു തീർത്ഥാടനകേന്ദ്രത്തിലും പോയില്ലെന്നോ അനുമാനിക്കാൻ സാധ്യമല്ല. ഭഗവാൻ രചിതങ്ങൾ ജീവിതലക്ഷ്യങ്ങളെ കൊണ്ട് അതു ചെയ്തില്ല. പക്ഷെ ഹിമാലയം മുതൽ കന്യാകുമാരി വരെ തീർത്ഥാടനം ചെയ്ത ശേഷം 'വാഗ്ദേവി' യാൽ സർവ്വജ്ഞ പ്രഖ്യാപിതനായി.

രുദ്രനാമം - ഒന്നിലധികം വ്യാഖ്യാനം:

സഹസ്രനാമ ഭാഷ്യത്തിൽ 'രുദ്ര' നാമത്തെ മൂന്നു വിധം വ്യാഖ്യാനിച്ചിരിക്കുന്നത് ആചാര്യന്റേതല്ല എന്ന് പണ്ഡിതർ കരുതുന്നു. അതേ സമയം, ഈ ശബ്ദത്തിന് ഈ ഭാഷ്യത്തിലും ഗീതാഭാഷ്യത്തിലും ആചാര്യൻ വ്യത്യസ്ത അർത്ഥമാണ് നൽകിയിരിക്കുന്നത് എന്നും (പേജ് 50) പറയുന്നു. സ്കന്ദ ശബ്ദത്തിന് ഗീതാഭാഷ്യത്തിൽ ദേവസേനാപതി എന്നും ഛാന്ദോഗ്യത്തിൽ സനത്കുമാരനെന്നും രണ്ടു വിധത്തിൽ അർത്ഥം ആചാര്യൻ കൊടുത്തിട്ടുണ്ട്. പിന്നെ, സഹസ്രനാമ ഭാഷ്യത്തിൽ മൂന്നാമതൊരർത്ഥം കൊടുക്കാൻ ഇടയില്ലെന്നദ്ദേഹം പറയുന്നു. ഒരു പദത്തിന് രണ്ടർത്ഥം കൊടുത്ത ഒരാചാര്യന് മൂന്നാമതൊരർത്ഥം കൊടുത്തുകൂടാ എന്ന് എന്തുകൊണ്ട് പറയുന്നു? അമൃതമായി സർവ്വഗതമായി പ്രവഹിക്കുകയും വായുരൂപേണ സർവ്വത്തെയും ശോഷിപ്പിക്കുകയും ചെയ്യുന്നവൻ എന്ന വിഷ്ണു സഹസ്രനാമഭാഷ്യത്തിലെ അർത്ഥമാണ് സ്കന്ദ പദത്തിന്റെ പ്രധാന അർത്ഥം. സൃഷ്ടിസ്ഥിതിസംഹാരശക്തികളെ ആ അർത്ഥമാണ് സൂചിപ്പിക്കുന്നത്. ഗീതയിൽ "കുരുക്ഷേത്ര യുദ്ധഭൂമി"യിൽ വെച്ച് ദേവസേനാപതി എന്നും, ഛാന്ദോഗ്യത്തിൽ നാരദസനത്കുമാര സംവാദവേളയിൽ സനത്കുമാരനെന്നും പറയുന്നത് വെറും സാന്ദർഭികങ്ങളായ അർത്ഥങ്ങൾ മാത്രമാണ്. ഒരിടത്ത്

സംഹാരശക്തിയും, ഒരിടത്ത് സ്ഥിതിയും സൂചിപ്പിക്കുന്നു. സൃഷ്ടിയെ പരാമർശിക്കുന്നില്ല. ഒരു പദത്തിന് നാനാർത്ഥമെന്നതിനാൽ സിംഹാളിക്ക് ചിത്രലിപികൾ മുതൽ അക്ഷരകോശം വരെയുള്ള എല്ലാ വ്യാഖ്യാനഭാവങ്ങളുടേയും ഇതിലാണ്.

ഇനി ഗായത്രിയെക്കുറിച്ച്. ഗായത്രീമന്ത്രത്തിന്റെ ഋഷിയും ബ്രഹ്മർഷി ശ്രേഷ്ഠനുമായ വിശ്വാമിത്രനെ അറിയാതെ ഗായത്രീ മന്ത്രോപാസന സാദ്ധ്യമല്ല എന്ന് മന്ത്രശാസ്ത്രം അറിയാവുന്ന ആർക്കും പറഞ്ഞുകൊടുക്കേണ്ടതില്ല. ശങ്കരൻ വിശ്വാമിത്രനെക്കുറിച്ചു പറയാതെ ഗായത്രീ ഉപാസനയെ പറയുന്നു. ഋഷിയെ നിന്ദിച്ചുകൊണ്ട് മന്ത്രത്തെ ഉപാസിക്കാനാവില്ല. അപ്പോൾ വിശ്വാമിത്രനെ പേരെടുത്തു പറഞ്ഞില്ലെങ്കിലും ശങ്കരൻ ആദരിക്കുന്നുണ്ട്. വിശ്വാമിത്രൻ പുരാണത്തിൽ എങ്ങനെയുള്ള ആളായിരുന്നു എന്ന് ചിന്തിച്ചു നോക്കിയിട്ടില്ല, മന്ത്രത്തിന്റെ ദ്രഷ്ടാവായ ഋഷിയായിട്ടാണ് ശങ്കരൻ ആദരിക്കുന്നത്. മേനകയുടെ കഥ ഭാരതത്തിൽ ശ്രവിച്ച ശങ്കരൻ കേൾക്കാതെ പോവില്ല, എന്നിട്ടും അദ്ദേഹം മന്ത്രത്തെ ആദരിക്കുംവഴി മന്ത്രദ്രഷ്ടാവായ ഋഷിയെ ആദരിച്ചു. മഹാഭാരതത്തിൽ നിന്ന് ഒട്ടേറെ ഉദ്ധരണികൾ എടുത്ത ശങ്കരൻ വ്യാസൻ പരാശരന് [illegible] പിറന്ന കാനീനനെന്നറിയുന്നുണ്ടാവണം. രണ്ടു രാജകുമാരിമാരിലും ഒരു ദാസിയിലും അദ്ദേഹത്തിനു പിറന്ന വംശപരമ്പരയുടെ കഥയാണ് മഹാഭാരതമെന്നും അറിവുണ്ടാവണം. എന്നിട്ടും വ്യാസനെ ദുഷിക്കാൻ മെനക്കെടാതെ അദ്ദേഹത്തെ പേരെടുത്തു പറഞ്ഞ് ആദരിക്കാൻ ശങ്കരൻ തയ്യാറായി. ഇതൊക്കെ നമ്മെ ചിന്തിപ്പിക്കേണ്ടതാണ് — ഭിന്നതകളെയാണ് നാം വിലയിരുത്തേണ്ടത്: പുരാണകഥകളിലും ഐതിഹ്യങ്ങളിലും കാണുന്ന കാര്യങ്ങൾ വെച്ചുകൊണ്ടാവരുത് ആ വിലയിരുത്തൽ.

സനത് സുജാതീയം

നിഗൂഢമായ ആഗമനിഗമങ്ങളുടെ സൂക്ഷിപ്പുകാരായ കുമാരന്മാർ വൈഷ്ണവ സമ്പ്രദായത്തിൽ, ക്രൈസ്തവർക്ക് മൈക്കേൽ, ഗബ്രിയേൽ, റഫായേൽ പ്രഭൃതികളായ മാലാഖമാർക്കു സമമാണ്. ഗീതയ്ക്കോ രാമായണത്തിനോ ഭാഗവതത്തിനോ നാരായണീയത്തിനോ ഉള്ള പ്രചാരം സനത് സുജാതീയത്തിനില്ലാത്തത് അതിന്റെ നിഗൂഢസ്വഭാവം കൊണ്ടാണ്. ഗഹനമായ ജ്ഞാനരീതിയും, ലളിതമായ ഭക്തിഭാവവും തമ്മിലുള്ള വ്യത്യാസമുണ്ട് അവയിൽ. സനത് സുജാതീയ ഭാഷ്യം ജ്ഞാനമാർഗ്ഗ സഞ്ചാരികൾക്കും, വിഷ്ണു സഹസ്രനാമ ഭാഷ്യം ഭക്തിമാർഗ്ഗ സഞ്ചാരികൾക്കും വേണ്ടിയാണ് രചിച്ചിട്ടുള്ളത്.

ശമം, ദമം, തിതിക്ഷ ഇവയെ കുറിച്ച് അപരോക്ഷാനുഭൂതിയിലും സനത് സുജാതീയ ഭാഷ്യത്തിലും വ്യത്യാസമുള്ളതിനാൽ സനത് സുജാതീയം ഉത്കൃഷ്ടമാണെന്ന് ഉദാഹരിക്കുന്നു.

	അപരോക്ഷാനുഭൂതി.	സനത് സുജാതീയം
ശമം –	വാസനാത്യാഗം	അന്തഃകരണോപരതി
ദമം	ബാഹ്യവൃത്തിനിരോധം	മനസോ ദമനം.
തിതിക്ഷ	സർവ്വ ദുഃഖസഹനം.	ദ്വന്ദ്വ സഹിഷ്ണുത

ഇതാണ് കൃതികൾ തമ്മിലുള്ള വ്യത്യാസം. വാസനാത്യാഗം കൊണ്ടു മാത്രമേ അന്തഃകരണം വിഷയത്തിൽ ഉപരതിവന്ന് ശാന്തമാകയുള്ളൂ. അതിനാൽ വാസനാത്യാഗവും അന്തഃകരണോപരതിയും ചേർന്നതാണ് ശമം. ശമനം നേടിയ ശാന്തമായ മനസ്സിന്റെ പ്രവർത്തനത്തിൽ ഉണ്ടോ, ആ വ്യക്തിയുടെ ബാഹ്യ കർമ്മങ്ങളിൽ മാത്രമേ ദമം (ബാഹ്യവൃത്തിനിരോധം) നടക്കൂ

സാമ്യങ്ങളുണ്ട്: സുഖദുഃഖം, ലാഭാലാഭം, ജയാപജയം എന്നിവ
യിൽ സമചിത്തത, സ്ത്രീപുത്രമിത്രാദികളിലുള്ള അനാസക്തി
ബോധം, — ഈ ദൃഷ്ടാന്തങ്ങളിൽ ഉള്ള അൽപ്പം സുഖദുഃഖ
സമ്മിശ്രമായ [illegible] ഒഴിവാക്കുന്ന സിദ്ധദുഃഖസ്വഭാവം അശാശ്വ
തത്തിന്റെ സാദൃശ്യമാണ്. ചുരുക്കത്തിൽ, 61-ാം പേജിൽ പറഞ്ഞ
ഉണ്ടെന്ന് സൂചിപ്പിക്കുന്ന "departure from the clearcut
definition given by the Acharya in Aparokshanu-
bhoothi" സനത്സുജാതീയ ഭാഷ്യത്തിലെ പലയിടങ്ങളിലും ഉദാഹ
രണങ്ങളിൽ കാണാൻ കഴിയില്ല.

വിദ്യ - അവിദ്യ:

ഈശാവാസ്യ ഭാഷ്യത്തിൽ വിദ്യയെ ശങ്കരൻ "ദേവതാജ്ഞാന"മെന്നു വിളിക്കുന്നു. ദേവതാജ്ഞാനമെന്ന ഈ "ദൈവവിത്തം" കൊണ്ട് ദേവതാലോകം ലഭിക്കുമെന്നു പറയുന്നു. (Page 63) സനത്സുജാതീയ ഭാഷ്യത്തിൽ വിദ്യ അമൃതത്വമാണ്; വിദ്യയും അവിദ്യയും വ്യത്യസ്ത ഫലം തരുന്നു. ഈശാവാസ്യപ്രകാരം വിദ്യയും അവിദ്യയും ഒരാളിൽത്തന്നെ ഇരിക്കുന്നു; രണ്ടിന്റെ ഫലവും ഒരാൾ തന്നെ അനുഭവിക്കുന്നു. ഈശാവാസ്യ ഭാഷ്യം മാത്രമാണ് ശങ്കരന്റേതെന്നും, സനത്സുജാതീയ ഭാഷ്യം അതിനു വിരുദ്ധമാകയാൽ ശങ്കരന്റേതല്ലെന്നുമാണ് ലേഖകന്റെ നിലപാട്. പറയപ്പെട്ട രണ്ട് പ്രയോഗങ്ങളെ പരിശോധിക്കുക.

① വിദ്യ = ദേവതാജ്ഞാനം ⟶ ദേവതാലോകം.
② വിദ്യ = അമൃതത്വം ⟶ അമൃതത്വം.

മർത്ത്യലോകം എന്നാൽ മരണമുള്ളവരുടെ ലോകം. അമർത്ത്യ

ലോകം എന്നാൽ മരണമില്ലാത്തവരുടെ (അമൃതപാനം ചെയ്ത വരുടെ) അമൃതത്വലോകം. അങ്ങനെ വരുമ്പോൾ, മനുഷ്യ ലോകത്തെ അപേക്ഷിച്ച് ദേവതാലോകം അമൃതത്വലോകമാണ്. (കല്പ ഗണിതസംഖ്യകളായ പ്രകാരമാണ് ദേവതാലോകങ്ങളും മരണമുള്ള വയാവുന്നത്) അതായത്, പറയപ്പെട്ട വൈരുദ്ധ്യം നിലനിൽക്കുന്നില്ല.

അദ്ദ്വൈത് ദേവന്മാരുടെ പരമനായ "ദൈവത്തിന്" ആണ് വിഷ്ണു എന്ന ഭാരതത്തിലെ പരമ്പരാഗത സങ്കല്പത്തെ ദൈവ വിത്തമെന്ന പദം കൊണ്ട് ശങ്കരൻ അംഗീകരിക്കുന്നു. അദ്ദേഹം ദൈവത്തിനെ തന്നെ ബാഹ്യദേവതയായ ശ്രീവിഷ്ണുവിനെ ഉപാസിക്കാനും അദ്ദേഹം അംഗീകരിച്ചിരിക്കുന്നുവല്ലോ. അവിദ്യയും വിദ്യയും ഒരാൾതന്നെ അനുഷ്ഠിക്കണം എന്നും, അവയുടെ ഫലവും ഒരാളിൽ വന്നുചേരുന്നു എന്നും ശങ്കരൻ പറയുന്നുണ്ട്, വിദ്യയും അവിദ്യയും വ്യത്യസ്ത ഫലം തരുന്നു എന്ന സനാതനസ്മൃതിവാക്യവും തമ്മിൽ എന്തു വൈരുദ്ധ്യമാണുള്ളത്! ആ രണ്ടു വ്യത്യസ്ത ഫലങ്ങളും, ഒരാളിൽ തന്നെ ഉണ്ടാകുന്നു, വന്നുചേരുന്നു എന്നാണല്ലോ ശങ്കരവചനം. (വിദ്യാമിത്രനിൽ അവിദ്യാഫലമായ ദേവതയും വിദ്യാഫലമായ ശാന്തിയും ഉണ്ട്) ആദ്യമേ തന്നെ അഥവാ പ്രഥമമായ കാലത്ത് അനുഷ്ഠിക്കുന്ന കർമ്മവും, അതിനുശേഷം അഥവാ ഉത്തരമായ കാലത്ത് അനുഷ്ഠിക്കുന്ന ജ്ഞാനവുമിട്ടു ചേർന്നുള്ള കർമ്മവും ഒരാളിൽ വ്യത്യസ്ത ഫലങ്ങളായിത്തീരുന്നു എന്ന മാത്രം. കർമ്മധർമ്മാനുഷ്ഠാനങ്ങളിൽ അഭിരമിച്ചു കൊണ്ടുവെച്ച് 'ഉ'പാസനാൽ ലഭിക്കുന്ന ഭിന്നൾ അവയെ ചേർത്തിരിക്കുന്നത്. ഇത് ശരീരസംബന്ധം ബാധകമാണ്. സന്യാസി അമൃതത്വം നേടാൻ സർവ്വകർമ്മവും ഉപേക്ഷിക്കുന്നു.

ഗൃഹസ്ഥൻ മനുഷ്യലോകം "സൃഷ്ടി" ചെയ്യാൻ (പ്രകൃതിസംരക്ഷണ
ത്തിന്) വേണ്ട ഗാർഹസ്ഥ്യധർമ്മം ചെയ്തു നിഷ്ഠാവിയായി കഴിയണം.
മണ്ഡന മിശ്രനെന്ന ഗൃഹസ്ഥന്റെ ഗൃഹസ്ഥാശ്രമവും സ്ത്രീസംഗവും
(ധർമ്മപത്നിയായാലും സ്ത്രീയാണല്ലോ) അതിനാൽ ഗുരുവനായി
[illegible] ഉള്ള [illegible] ശേഷിപ്പുകൊണ്ടാണ്. ശങ്കരനെപ്പോലെ
ഒരു സന്യാസിയെ സൃഷ്ടിക്കാൻ അദ്ദേഹത്തിന്റെ മാതാപിതാക്കൾക്കും
ഗൃഹസ്ഥാശ്രമം അനുഷ്ഠിക്കേണ്ടി വന്നുവല്ലോ. അപ്പോൾ, സന്യാസി
യായ ശിവനപോലും സ്ത്രീശക്തി തന്നെ ശക്തിസ്വരൂപിണിയായ
അമ്മയായിട്ട് 'സരസവാണി' യായ ഒരു 'ഉഭയഭാരതി' കൂടിയേ
തീരൂ.

ഉഭയഭാരതി

നാമത്തിൽ തന്നെ വിദ്യ, അവിദ്യ; ആഗമം, നിഗമം എന്നീ
ഉഭയങ്ങളിൽ ഭാസമാനമായ മതിയോടു കൂടിയവളും സരസവാ
ണി (രസം അനുവാദ്യ നന്ദാനന്ദം) മധുരഭാഷണം ചെയ്യുന്നവളു
മായ ഈ സ്ത്രീ ശ്രീവിദ്യയായ സരസ്വതിയുടെ അവതാരമെന്ന സൂചന
യുണ്ട്. ശങ്കരൻ തന്റെ ദിഗ്വിജയത്തിൽ തനിക്കു തുല്യമായ പ്രതിഭ
യുള്ള ആരെയെങ്കിലും കണ്ടുമുട്ടിയിട്ടുണ്ടെങ്കിൽ അത് ഉഭയഭാര
തിയെ മാത്രമാണ്. തുല്യപ്രതിഭയുള്ള വിദുഷിയെയല്ലാതെ, വിദ്വാ
നെ അദ്ദേഹം (ഗുരുക്കന്മാരായ ഗോവിന്ദനെയും വ്യാസനെയുമ
ല്ലാതെ) കണ്ടെത്തിയതായി രേഖയില്ല.

ഒരു പഴയ ചൊല്ലുണ്ട് ഇംഗ്ലീഷിൽ. മനീഷികൾ ആശയങ്ങൾ
സൃഷ്ടിക്കുന്നു. സാധാരണക്കാർ അതിൽനിന്ന് കെട്ടുകഥ (gossip) സൃഷ്ടി
ക്കുന്നു. ഇടയിൽ നിൽക്കുന്ന മദ്ധ്യവർത്തികൾ അവയിൽനിന്ന് സംഭവ
ങ്ങളെ അന്വേഷിച്ചു ചെന്ന് അവയെ ചരിത്രമെന്ന പേരിൽ രേഖ
പ്പെടുത്തിവെയ്ക്കുന്നു. ഏതു കെട്ടുകഥയുടേയും, ചരിത്രത്തിന്റേയും

ന്നിലൂടെ ആശയങ്ങളെയാണ് മനീഷികൾ അന്വേഷിക്കേണ്ടത്.
ഉദയഭാരതിയെക്കുറിച്ചു ചരിത്രവും ശാസ്ത്രവും കൂടിക്കുഴച്ച്
ആശയങ്ങൾ നിർഭരം ഉദ്ഘോഷിക്കുന്ന ആശംസാവേളയിൽ
പരമോന്നതിയിലെ ശ്രോതാവ് ഒരു പ്രബന്ധത്തിൽ നിന്ന് ഞാൻ പ്രതീ
ക്ഷിക്കുന്നില്ല. ഉദയഭാരതി ചരിത്രകഥാപാത്രമായ ഒരു
സ്ത്രീ മാത്രമാകയാൽ അവൾക്ക് (ഒന്നാന്തരം ചരിത്രകഥാപാത്ര
മായ!!) ശങ്കരനോളം ജ്ഞാനം ഉണ്ടാവാൻ വഴിയില്ലെന്ന
യുക്തിയിൽ കൊണ്ടോ ഐതിഹ്യങ്ങളിലൂടെ അതിരുകടന്ന
വിശ്വാസം കൊണ്ടോ എന്നറിയില്ല, അദ്ദേഹം ഉപയോഗിച്ച
പല വാക്കുകളും വാദദേവതയായ സാക്ഷാൽ ഉദയഭാരതി
യെ നിന്ദിക്കുന്നവയായി. ഉദയഭാരതി എന്ന സ്ത്രീയെ കണ്ടു
മുട്ടും മുമ്പ് തന്നെ മനുഷ്യസ്വഭാവത്തിന്റെ ഇരുണ്ട വശമായ
കാമത്തെ കുറിച്ച് ശങ്കരന് സർവ്വവും അറിയാം എന്നത്,
ഒരൊറ്റ "പരിവ്രാജക"നെ ഭർത്സിക്കാൻ തന്നെ "കാമ"
വാക്കിലും മനസ്സിലും സങ്കല്പത്തിലും നിന്ന് പറഞ്ഞകറ്റാ
(Page 23- 24) ആ മഹാത്മാവിനോട് ശങ്കരാചാര്യരുടെ
ചോദ്യം (Valgar Question Page 23) ചോദിച്ച
സ്ത്രീയാണ് ഉദയഭാരതിയെന്നു പറയുന്നു. ഇരുണ്ട വശമായ
കാമ~~ത്തിന്റെ സർവ്വ "ചൈതന്യ"~~വും നേരത്തെ ശങ്കരനിൽ ഉണ്ടെ
ന്നിൽ ഭർത്സനമായിരുന്ന് കാമം പറഞ്ഞുകേൾക്കുന്ന പരിശുദ്ധാ
ത്മാവല്ല, ശങ്കരൻ!

പേജ് 26ൽ പരാമർശിച്ചു ഉയരുന്ന ചോദ്യങ്ങളുടെ നിലവാരം
എന്താണ്? സ്ത്രീപുരുഷന്മാരായാലും പ്രകൃതിയുടെയാവും
വലിയ വരദാനമാണ് പ്രേമം. പ്രേമമെന്ന സ്വപ്നം. അത്
ശങ്കരനെ പോലെ ഉദയഭാരതിക്കും ഉണ്ടെന്നല്ലേ

അത്രയും സുപ്രധാനമായ ഒരു തത്ത്വത്തിൽ അവർക്കു വൈരുദ്ധ്യം പറ്റാൻ
പറ്റിയത്? ഒരു യോഗിക്ക് സ്വന്തം ദേഹമായിട്ടും, അവളെ
അഭിനവവരിഷ്ഠത നൽകി, അവളുടെ വിദ്യയിൽ മാറ്റമറ്റ
അതേസമയം ഭേദബുദ്ധി വിളിക്കാത്ത വിമലപ്രജ്ഞയിലും ശക്തന്
വിശ്വാസക്കുറവായിരുന്നു എന്നല്ലേ? ഇന്ത്യക്കാരായ ഒരു വിദുഷി,
തന്നോട് ഉന്നയിച്ച ചോദ്യത്തിൽ നിന്ന് തന്റെ വാദത്തിലെ ഒരേ
ഒരു ദൗർബ്ബല്യമാണ് അവർ തുറന്നുകാട്ടിയതെന്ന് ഗ്രഹിച്ചശേ
ഷം ഒരു മാസത്തെ പരിശ്രമം കൊണ്ട് അവളുടെ വിദ്യാപാടവം
സ്വീകരിക്കയാണ് വാസ്തവത്തിൽ ചെയ്തത്. ഇന്ത്യക്കാരായ
അദ്വൈതികളുടെ മനസ്സ് സ്വഭാവപ്രകൃതി (പുരുഷൻ, സ്ത്രീ) കളി
ലും ശിവശക്തികളിലും (മിഥുനങ്ങൾ) ഏകത്വം ദർശിക്കാതെ,
ആഗമം മാത്രം അറിഞ്ഞ് നിഗമത്തെ പരിഗണിക്കാതെ, ചതു
ഷ്ഷഷ്ടി കലാവിദ്യയുടെ അമൃതത്വശക്തിയായി തെളിഞ്ഞിരിക്കുന്ന ഷോഡശ
കലകളുടെ പരാശക്തിയെ അനുഭവിക്കാതെ ഇരുന്നതാ
ണെന്നതു കൊണ്ടാണ് ഉഭയഭാരതി ശങ്കരനോട് ചോദ്യം ചോ
ദിക്കുന്നത്. ആ "വൃത്തികെട്ട" ചോദ്യം എന്തായിരുന്നു?

കലാഃ കിയന്ത്യോ വദ പുഷ്പധന്വനഃ
കിമാത്മികാഃ കിം ച പദം സമാശ്രിതാഃ
പൂർവ്വേ ച പക്ഷേ കഥമന്യഥാ സ്ഥിതിഃ
കഥം യുവത്യാം കഥമേവ പൂരുഷേ.

പുഷ്പധന്വാവിന്റെ കലകൾ ഏവ? ആത്മിക എന്ത്? ഏത് പദത്തെ
സമാശ്രയിച്ചിരിക്കുന്നു? പൂർവ്വപക്ഷത്തിൽ അന്യഥാസ്ഥിതി എന്താ
യിരുന്നു? യുവതിയിൽ എന്ത്? പുരുഷനിൽ എന്ത്?

സ്ത്രീപുരുഷന്മാരിൽ കാമദേവൻ വരുന്നുന്നമാറാമെന്ന് എന്നെ
വും താഴ്ന്ന ഭാഗത്തുനിന്ന് പൊങ്ങി ചലിച്ചുകയാണ്
അറിയാൻ ശങ്കരൻ ഒരു മാസം അവധി ചോദിച്ചത് എന്തി
നാണെന്ന്! ഇങ്ങനെ വിചാരിച്ചുതന്നെയാണ് അദ്ദേഹം
ഇതിനെ Vulgar Question എന്ന് ആക്ഷേപിക്കുന്നതും.
കമലാ കാമകലാ എന്ന ചന്ദ്രകലാവിദ്യയെക്കുറിച്ചാണ്
ചോദ്യം. ഷോഡശകലകളുള്ള പുരുഷന്റെ പുഷ്ടിയും
ക്ഷീണവും, പൂർവ്വാപര ചന്ദ്രപക്ഷങ്ങളിൽ വിഭജിക്കുന്നതിനെ,
അക്കാലത്ത് ഉപവാസം അനുഷ്ഠിച്ചു സ്വശരീരത്തിൽ അവയുടെ
ക്ഷയവൃദ്ധികൾ പരീക്ഷിച്ചറിയുന്നതിനും ഒരു മനുഷ്യന് മിനിമം
വേണ്ട സമയമായ ഒരു മാസമാണ് ശങ്കരൻ അവധി ആവശ്യ
പ്പെട്ടത്. ഉപനിഷദ്ഭാഷ്യം മുഴുവൻ തയ്യാറ ചെയ്ത ഒരാൾ
ഇത്തരമൊരു പരീക്ഷണസന്ദേഹം അതിൽ കണ്ടെത്തിയില്ലെങ്കിൽ
ഞാനായിട്ട് അതു പറയുന്നതിൽ കാര്യമില്ല. പതിനഞ്ചുദിവ
സത്തെ ഉപവാസംകൊണ്ട് അമൃതകലമാത്രം ബാക്കിയിരി
ക്കെ 'ശ്രീ'യും കാമവും തമ്മിലെന്തു സംഭവിച്ചു?
അമാവാസ്യക്ക് ശുദ്ധിയായ അമ്മയുടെ അന്നം കൊണ്ട് പിന്ന
ത്തെ പക്ഷത്തിൽ ആ വിദ്യകളെല്ലാം എങ്ങനെ പുഷ്ടിപ്രാപിച്ചു?
ഇതറിയാൻ ഒരു മാസം വേണം. ചന്ദ്രകലാവിദ്യ എന്ന
ശാക്തേയതാന്ത്രികരിൽ സംസ്കൃതഭാഷ വേണ്ടവർ പഠിക്കുന്നുണ്ട്. അതു
കൊണ്ടാണ് 'അമകലാ' കഥ. അമ എന്നാൽ അമാ.
കല (കല് മണി ഇരു വാക്കിൽ നിന്നുണ്ടായി) അഥവാ
ഗ്രഹ എന്ന അക്ഷരം ബ്രാഹ്മി ലിപിയിൽ 8+ എന്നോ
4+ എന്നോ എഴുതാം. അത് രണ്ട് എന്നെ വായിക്കാം.
രാത്രിയുടെ ദേവിയായ 'രാകാദേവി' എന്ന ചന്ദ്രദേവിയുടെ

ഭേദഭാവങ്ങളാണത്. അവിദ്യ, മായ, നിദ്ര എന്നൊക്കെ വിളിക്കുന്ന രാത്രി ഉള്ളതിനാൽ മനുഷ്യന്റെ ബോധാബോധം മങ്ങിപ്പോകും. വിദ്യക്ക് അവിദ്യയും ബ്രഹ്മത്തിനു പ്രകൃതിയും പകലിനു രാത്രിയും പോലെയാണ് ശിവന് ശക്തി, പുരുഷന് സ്ത്രീ. ആ ശക്തിയാകുന്ന അമ്മയുടെ ശരീരമാണ് അന്നമയ ശരീരം. സ്ത്രീജന പുരുഷന്മാരായും അവന്റെ ഭാര്യമാരും അഭിന്നരായി ആയ ശക്തിയുടേതായ ശക്തിയെ സ്വസ്വരൂപാനുസന്ധാനം ചെയ്തു സാക്ഷാത്കരിക്കുന്നു.

ശാസ്ത്രം ബ്രഹ്മചര്യത്തിലൂടെ അനുഷ്ഠിക്കുന്ന കർമ്മം (അത് മൈഥുനമാകുമ്പോൾ പോലും) നിഷ്കാമമാണെങ്കിൽ അതവനെ മുക്തസംഗനാക്കുന്നു. പ്രജാപതിയായ സൂര്യനാരായണൻ യജ്ഞത്തിന് സഹധർമ്മിണിയായി കാമധുക്കായ ഈ ഭൂമി ഉള്ളതിനാൽ മനുഷ്യവംശമേ ഉള്ളൂ. അതുപോലെ, ഗാർഹസ്ഥ്യമെന്ന ബ്രഹ്മചര്യമില്ലെങ്കിൽ ശങ്കരനെന്ന സന്യാസി പോലുമില്ല. ഗൃഹസ്ഥന്മാരെല്ലാം കാമികളാണെന്ന് സന്യാസിയും, സ്ത്രീകളെല്ലാം പുരുഷനെ വശീകരിക്കുന്നവരാണെന്ന് പുരുഷന്മാരും ധരിച്ചുവെച്ചിട്ടുണ്ടെങ്കിൽ അതങ്ങനെയല്ല എന്ന് സ്ഥാപിക്കുന്നതാണ് ഉഭയഭാരതിയുടെ ഗോത്രം. ജീവാത്മ പരമാത്മൈക്യ ബോധം ഉദിച്ച ശങ്കരനെപ്പോലെ ഒരു വ്യക്തി, സ്ത്രീശരീരം സ്വീകരിച്ച പരമാത്മരൂപത്തെ സഹധർമ്മിണിയായി ആദരിക്കുന്ന മണ്ഡനമിശ്രനെപ്പോലെ ഒരാളുടെ കർമ്മകാണ്ഡത്തെ നിസ്സാരമാക്കിത്തള്ളുന്നത്, സ്വശക്തിയെത്തന്നെ അംഗീകരിക്കാതിരിക്കലാണ്. മണ്ഡനമിശ്രന്റെ പത്നിയാകുന്ന വൈഷ്ണവതിയ്ക്ക്, വാദം തുടരവേ അദ്ദേഹം അനുഭവിക്കുന്ന ഉപവാസാദി ഉപാസനകൾ കർമ്മങ്ങളുടെ ഫലമായിട്ടാണെന്ന് മനസ്സിലാക്കാം, അങ്ങനെ 'ശക്തി' ശരിക്കാണും ഇതി

യാണ് ഈ പരികല്പനം.

പരാശക്തിയുടെ ഭേദങ്ങൾ ഏവ? ആത്മീയ
മായ അദ്വൈതത്തെ ശൈവാഗമത്തിലും പ്രത്യഭിജ്ഞാദർശനത്തിലും
എങ്ങനെയാണ് ആവിഷ്കരിക്കുന്നത്? ഷട്, ത്രിംശത്തത്വ
ങ്ങളിൽ (ശ്രീചക്രത്തിലെ) ശിവയുവതികളിലും പരമപുരു
ഷനിലും അതിന്റെ സ്ഥിതി (നിലനില്പ്) എങ്ങനെയാണ്?
സൃഷ്ടിസ്ഥിതികൾക്ക് ഏതു കാരണമായിരിക്കുന്നു? ഇതിന്റെ
അനുഭവജ്ഞാനമോ സ്വഗതത്തിലൂടെ പരികല്പനമോ
ചെയ്യാതെ താങ്കൾ എങ്ങനെ അദ്വൈതത്തെ അറിഞ്ഞ് സം
സാരിക്കും? സ്വന്തം ശക്തിസ്വരൂപമായ അദ്വൈതത്തെ അറി
യാതെ എങ്ങനെ ഒരാൾ സ്വാനുഭൂതി നേടിയ സദ്ഗുരുവാകും?
ആഗമങ്ങളിൽ ശക്തി ഭേദമായി വാഗ്വിലാസമായി "സംസാരി"ക്കുന്ന
താങ്കൾ "സംസാര" സ്വരൂപമായ ആദിപരാശക്തിയായ
വാക് ദേവിയെ താങ്കളുടെ ശക്തിസ്വരൂപമാണെന്നറിഞ്ഞ് ഉപാ
സിക്കുന്നുണ്ടോ? (സംസാരത്തിന്റെ നാനാർത്ഥം ആലോചിക്കുക)
ഈ ചോദ്യങ്ങൾക്കുത്തരം
വിവരത്തിലൂടെ ചിദാനന്ദസ്വരൂപം താൻ എന്നറിഞ്ഞുപാസിച്ച
മനുഷ്യൻ ആനന്ദലഹരിയിൽ മതിമറന്ന് പാടിപ്പോകുന്ന വേദ
മന്ത്രം പോലെ പവിത്രമാണ് സൗന്ദര്യലഹരിയിലെ ആദ്യത്തെ
41 ശ്ലോകങ്ങൾ എന്ന് ഞാൻ കരുതുന്നു. ശൈവ്യമായ സ്വ
ശക്തിയെ ഉപാസിക്കാതെ സത്യം ഉടലെടുന്നതിന്റെ പൂർണ്ണത
അവസ്ഥയിലേക്ക് ആരും പ്രവേശിക്കുന്നില്ലെന്നും, നിഗമം കൂടാതെ
ആർക്കും ആഗമരഹസ്യം അറിയാവതല്ലെന്നും, നിഗമത്തിലൂടെ
ത്രയത്തെയാണ് അപരോക്ഷാനുഭൂതി എന്നും, അതിനെ
നിധാനവത്കരിക്കാൻ സാധ്യമല്ല എന്നും ശങ്കരനെ പഠിപ്പിക്കു
കയാണ് ഇവിടെ സരസ്വതിയായ ഉഭയഭാരതി.

352

[illegible]:

സെൻ്റ് അഗസ്റ്റിന്റെ കവിത:

ദേവീഭാഗവതത്തിലെ ത്രിഗുണാത്മികാം വൈഷ്ണവീം എന്നത് 118-ാം ശ്ലോകത്തിൽ പറയപ്പെട്ട ഉപനിഷത്തും. [illegible] വിശ്വത്തെ സൃഷ്ടിക്കാൻ സർവസമർത്ഥനായ നിർഗുണനായ ഭഗവാൻ ത്രിഗുണാത്മികയായ വൈഷ്ണവി എന്ന തന്റെ മായയുടെ മൂലപ്രകൃതി സ്വീകരിച്ച് അനന്തം അവ്യക്തം [illegible] നിത്യശുദ്ധബുദ്ധമുക്തനാണെങ്കിലും ദേഹവാനെപ്പോലെ ലോകാനുഗ്രഹമെന്ന ലക്ഷ്യത്തിൽ ഭൂമിയിലവതരിച്ചു എന്നർത്ഥം. ഇങ്ങനെ ഒരു ഭാഷ്യകാരൻ പറഞ്ഞാൽ ത്രിഗുണാത്മികയായ ശക്തി കൂടാതെ നാമരൂപാത്മകമായ തന്റെ സൃഷ്ടി സാധ്യമല്ലെന്ന് അദ്ദേഹം അംഗീകരിക്കുന്നു. ദേഹവാനായി, ലോകാനുഗ്രഹമെന്ന ലക്ഷ്യത്തോടെ അവതരിക്കുമ്പോൾ ആ ശക്തിയെ സ്വീകരിക്കുന്നത് എന്ന് ഉപദേശത്തിലെപ്പോലെ ഒരു വിഭൂതി ദാനം ചെയ്യുന്നു. ആ "പ്രത്യഭിജ്ഞ" പദത്തിൽ ശക്തി [illegible] യാകയാൽ നിഗമമാണ്.

ശ്ലോകം 119ൽ പ്രളയവേളയിൽ [illegible] പ്രസിദ്ധമായ, ശക്തിശൂലശൈവ ചന്ദ്രഭവനം എന്ന ശങ്കരവാക്യം ഉദ്ധരിച്ചിട്ടും വെളിയിലിരുന്ന് ശക്തിയിലുള്ള തന്റെ കാവ്യാലങ്കാര സൗന്ദര്യം [illegible] ശൈലിയിൽ ശങ്കരൻ പാടുമ്പോൾ അത് ശങ്കരവിരചിതമല്ലെന്നും, ബ്രഹ്മവൈവർത്ത പുരാണത്തിൽ നിന്ന് ആരോ മോഷ്ടിച്ചു ചേർത്തതാണെന്നും പറയുന്നത് ശങ്കരന്റെ കൃതിയെന്ന പ്രസിദ്ധം ചെയ്യപ്പെട്ട ശ്ലോകം. സൗന്ദര്യലഹരിയിലെ പതിമൂന്നാം ശ്ലോകവും അമരുശതകത്തിന്റെ [illegible] ത്തിൽ നിന്ന് മോഷ്ടിച്ചതാണെന്ന് കാണുന്നുണ്ട്. ഒരു ബ്രാഹ്മ

353

ത്തിൽ വസിക്കുന്ന ആളുകൾ തങ്ങളുടെ പൂർവ്വികരുടെ ദർശനങ്ങളാൽ സ്വാധീനിക്കപ്പെട്ട് അതിനെ ആവർത്തിച്ചു പറയുന്നത് മോഷണമാകുമോ എന്ന് ആലോചിക്കേണ്ടതാണ്. തിരുമൂലരുടെ “ഒന്റേ കുലവും ഒരുവനേ ദൈവവും” എന്ന വാക്യം “ഒരുജാതി ഒരുമതം ഒരുദൈവ”മായി പുനർജ്ജനിച്ചതിന് ആരെങ്കിലും ഗുരുദേവനെ അനാദരിക്കുകയോ അത് മോഷണമാണെന്ന് പറയുകയോ ചെയ്യുമോ? 'അതിനാൽ സ്വാമിജി'യെ മോഷ്ടാവാക്കാതെ ഇവിടത്തെ ദാർശനികന്മാർക്ക് എന്തെങ്കിലും പറയാനാവുമോ?

ഇനി ആ പതിമൂന്നാം ശ്ലോകം - കണ്ണിന് കാഴ്ചയതി, തൽസ്വരൂപാദികളിൽ ആധിപത്യംവന്ന വ്യക്തി പോലും വാഗ്ദേവിയുടെ കടാക്ഷം കിട്ടിയവനാണെങ്കിൽ സൗന്ദര്യം സുന്ദരിമാരാൽ പ്രേമിക്കപ്പെടുന്നു. അവർ സ്വശരീരാദികളാലും, അവരുടെ അലങ്കരിക്കുന്ന ആടയാഭരണങ്ങളും ഒക്കെയാണ് ഏകാഗ്രമനസ്കരായി ഭാവിക്കുന്നു എന്ന് ശ്ലോകാർത്ഥം. ഇയാൾ ചെറുബാലനായാലും പല്ലുകൊഴിഞ്ഞ പടുവൃദ്ധനായാലും (120 വയസ്സിലാണ് ഇയാൾ മരിച്ചതെന്നോർക്കണം) വാഗ്ദേവീകടാക്ഷത്താൽ സൃഷ്ടിനാശം ഉളവാകുന്നതിൽ വൈദഗ്ദ്ധ്യം നേടിയവനാകയാൽ, ആ ശരീരത്തെക്കുറിച്ച് ഓർക്കാതെ, താന്താങ്ങളുടെ ലൗകിക ബന്ധങ്ങളെക്കുറിച്ചോർക്കാതെ, ആത്മാവിന്റെ അമൃതകലയെത്തേടി അനേകായിരം ജീവാത്മാക്കൾ അന്വേഷിച്ചെത്തിച്ചേരുന്നതു പോലെയുള്ള അവസ്ഥയിൽ വാഗ്ദേവിയുടെ കടാക്ഷത്താൽ ആർക്കും എത്തിച്ചേരാമെന്നേ അതിനർത്ഥമുള്ളൂ. അവനവൻ ശരീരമാണെന്നോ, ആ ശരീരത്തെ അലങ്കരിക്കണമെന്നോ ഓർമ്മയില്ലാതെ, ശരീരബന്ധവിമുക്തനായി ആത്മാവിനെ അന്വേഷിക്കാൻ വാഗ്ദേവീകടാക്ഷം ലഭിച്ചവർ അനേകം മനുഷ്യരെ സഹായിക്കുന്നു എന്നു പറയുമ്പോൾ, ശരീരാദികളാണ് നശിക്കുന്നത് വാഗ്ദേവിയുടെ കൈനോട്ടാ

ടോ ദേവീ ഗതിയുമിതു എന്നെല്ലാം പറയാൻ പോരേ? പരിമളത്തിന്
ഉറവിടമായതാലെന്ന് ഉള്ളിലിരിക്കുന്നത് ഇതുകൊണ്ട് ഉണർത്തി സൗരഭം
ഇവിടെ പരന്നു വീണ്ടും പൊങ്ങിക്കൊണ്ടുവരുന്നു. ഈ ശ്ലോകം
Erotic ആണെന്നും അത് വൃദ്ധന്മാരെപ്പോലും കാമാസക്തരാക്കുമെന്നും
അദ്ദേഹം വിചാരിക്കുന്നു. ഈ മഹാകവിയുടെ ആദ്യത്തെ ഉദ്ദേശം വായന
ക്കാരിൽ കാമാസക്തി ഉണ്ടാക്കൽ തന്നെയാണെന്നും ഉറപ്പിക്കുന്നു! അതി
നാൽ ഇത് ദൂരെ നാവിലുള്ളതൊന്നാണ് വായന! എന്റെ അഭിപ്രായം,
ഭക്തന്മാരായ സാധകന്മാരെക്കാൾ എത്രയോ ആനന്ദകരമാ
യ വാഗ്ദേവീ ഉപാസനയെ പ്രകീർത്തിക്കുക മാത്രമാണ് ഈ ശ്ലോക
ത്തിന്റെ ഉദ്ദേശം. അതിനാൽ ഇത് ദൂരവിവക്ഷിതമാകുന്നതിൽ
യാതൊരു യുക്തിയുമില്ല. പേജ് 131ൽ ഉദ്ധരിച്ച 'ശരണസ്മര
കാരണം' എന്ന ശ്ലോകഭാഗത്ത് കാമം മനുഷ്യനെ ശരണം വരെ
പ്പിൽ ഇടുന്നു; കാമമില്ലാത്ത അനന്തമാണ്; അത് പ്രപഞ്ചസ്വഭാ
വമാണ് എന്ന് പറയുന്ന ആചാര്യൻ ~~[illegible]~~
~~[illegible]~~ കാമത്തിനെ ദേഹത്തിൽനിന്ന് ആരോഹണം ചെയ്ത്
ഇച്ഛാശക്തിയായ ആജ്ഞയിൽ - അഷ്ടാംഗിനിയായ സ്വരൂപത്തിൽ -
ഉറപ്പിച്ച് ആത്മാരാധന ചെയ്ത് sublimate ചെയ്യുവാൻ
നൽകുന്ന ആഹ്വാനമാണ് വാസ്തവത്തിൽ ഇത്. ജഗജ്ജനനിയായ
"കാമദു"ത്തിന്റെ ആരാധനയെ കേവലം സ്ത്രീശരീരത്തിന്റെ ആരാധന
യായി തെറ്റിദ്ധരിച്ച ~~[illegible]~~ താന്ത്രികരുടെ ഇടത്തേതാണ്, അതിനെ Erotic എന്ന്
വിളിക്കുന്നവരുടെയും സമ്പ്രദായം.. ആത്മാവ് ജ്ഞാനമയം, ശിവം.
ശരീരം മാംസമയം. അശുചി. വിഷയഭോഗം മാംസമയ ശരീരത്തിൽ
മാത്രം. ജ്ഞാനമയമായ ആത്മാവിനെ അന്വേഷണം ചെയ്യുന്നവർ ആ
ത്മാവും അവർ മാറ: എന്ന അദ്വൈതസിദ്ധാന്തത്തിൽ സ്വതന്ത്ര
മായ പരാശക്തിയെ ദർശിക്കുന്നു. തന്റെ സ്വസ്വരൂപ സാക്ഷാത്കാരത്തിലൂടെ

ആ പരമാനന്ദ സ്വരൂപമാണ് ശങ്കരൻ സൗന്ദര്യലഹരിയിൽ വർണ്ണിക്കാൻ ശ്രമിക്കുന്നത്. വിഷയാസക്തി നശിക്കാത്ത മനസ്സുകളിൽ മഞ്ഞൾ കറ വസ്ത്രത്തിലെന്ന പോലെ കാമം പടരാതിരിക്കില്ല. അങ്ങനെ പടർന്നാൽ അതു നമ്മുടെ മനസ്സിന്റെ ദോഷമാണ്- വരികളെ പോറ്റിയ ആളുകളുടെ ദോഷമല്ല. സൗന്ദര്യലഹരിയെ Poem of sex appeal എന്നു വിളിക്കുന്നതിൽ കവിതയുടെ ദോഷമല്ല, കവിത വായിച്ച മനസ്സിന്റെ ദോഷമാണ് കാണാനാവുക. (ആദ്യത്തെ 41 ശ്ലോകത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്) ഇതിലെ പദങ്ങളിലെ ദർശിച്ചുപോരുന്ന ശങ്കരമനം, ഇതിലെ ഉള്ളിലെ ദർശിച്ച ഭാവ കാവ്യഭാഷയം പോലെ "ഉണർന്നുവെച്ചു നിന്ന"ത്സമാണ്. കാമലേശം അതിൽ കുറച്ചുന്നതേയില്ല. കുറച്ചുന്നത് ഭൗമനിലയാണ് മുഴുവനും. അത് വായനക്കാരന്റെ മനസ്സിനോട് ചോദിക്കേണ്ടതാണ്. ശങ്കരൻ സൃഷ്ടി, സ്ഥിതി, സങ്കല്പധ്യാനം എന്നിവ ചെയ്തത് "മൈഥുന" മാണെന്നവരികിൽ, സാധാരണ ചരാചരത്തിലൂടെ മിഥുനമായ ശിവന്റെ അവതാരമായ ആദിശങ്കരനിൽ അതൊരു ദോഷമാകുന്നതേയില്ല. അതിൽ Voluptury (Page 135) ആയി യാതൊന്നുമില്ല.

നാഭിബിന്ദു കലാത്മകമായ ശക്തിതത്ത്വത്തിന്റെ ശ്രീചക്രോപാസന ചിലപ്പതികാരവും മണിമേഖലയും പിറന്ന തമിഴ്‌നാട്ടിലും കാശ്മീരിലും പ്രചാരത്തിലുണ്ട്. അങ്ങനെയുള്ള നാട്ടിൽ പിറന്ന ഒരു ജ്ഞാനി കാശ്മീരിലെ തന്ത്രവിദ്യാപീഠത്തിൽ സർവ്വജ്ഞപീഠമേറിയിട്ടും ആ ശങ്കരന് ശ്രീചക്രോപാസനയുടെ നിഗൂഢതകൾ അറിഞ്ഞിരുന്നില്ല എന്ന പറയുന്നതിലുള്ള യുക്തിബോധം ശങ്കരൻ സൗന്ദര്യലഹരിയിലെ ആദ്യത്തെ 41 ശ്ലോകം രചിച്ചു എന്ന പറയുന്നതിലി

24356

൪. [illegible] ദർശനത്തിന്റെ [illegible] [illegible] [illegible] സ്വസ്വരൂപത്തെ [illegible] അദ്വൈതത്തിന്റെ നിഷേധിക്കരുത്.

രണ്ടാം ശ്ലോകത്തിൽ പ്രജാപതിയുടെ തപസ്സിൽ നിന്ന് രയി (സോമം, അന്നം) പ്രാണൻ (അഗ്നി, സൂര്യൻ) എന്നീ മിഥുനങ്ങളുടെ പിറവിയെ പ്പറ്റി പറയുന്നു. ചന്ദ്രന്റെയും ഭൂമിയുടെയും [illegible] [illegible] (രജസ്സ്) [illegible] [illegible]. [illegible] [illegible] വീണ്ടും വീണ്ടും നാമരൂപാത്മക സർഗ്ഗം നടത്തുന്ന അനന്തശക്തിയായ നാരായണൻ എന്ന [illegible]. പ്രകൃതി [illegible] (വൈരാജം) പ്രവൃത്തികാലത്തിൽ സൂര്യനാരായണനെന്ന വിഷ്ണു ദേവിയെ [illegible] (സ്ഥിതി) [illegible]. [illegible] [illegible] [illegible] നക്ഷത്രങ്ങൾക്കിടയിലെ വിഷ്ണുനാഭിയിലാണ് നമ്മുടെ [illegible] സ്ഥാനം എന്നോർക്കണം. സൂര്യനാരായണനല്ലാതെ, അനന്തമായ, [illegible] [illegible] [illegible] [illegible] സർവ്വ [illegible] ആണ് [illegible] [illegible] [illegible]... [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]... Page 122ൽ Cosmology – The doctrine of the World എന്ന് [illegible] [illegible] പറഞ്ഞതും [illegible] [illegible] പറയാം. [illegible] [illegible] [illegible] [illegible] [illegible] സൃഷ്ടിയിൽ [illegible] "[illegible]" [illegible]... [illegible] [illegible] [illegible] [illegible] എന്ന് പ്രശ്നോപനിഷദ് ഭാഷ്യത്തിൽ പറഞ്ഞ [illegible] പ്രജാപതിയുടെ തപസ്സിൽ ജനിച്ച "മിഥുന"ങ്ങളുടെ സൃഷ്ടിയിൽ 'രയി' യുടെ സൃഷ്ടിയെ കുറിച്ച് [illegible], "[illegible]" [illegible]?

ഭക്തി എന്ന സ്വസ്വരൂപാനുസന്ധാനം

അപരോക്ഷാനുഭൂതിയുടെ ആദ്യശ്ലോകത്തെ കാവ്യഭംഗി ഉള്ളതെന്നും ജപിക്കുമ്പോൾ ആനന്ദമുളവാക്കുന്ന ഭാവനശ്ലോകമെന്നും പറയാമെന്ന് പ്രതീക്ഷിക്കുന്നു (Page 71)

ഓം ശ്രീഹരിം പരമാനന്ദമുപദേഷ്ടാരമീശ്വരം
വ്യാപകം സർവ്വലോകാനാം കാരണം തം നമാമ്യഹം

ശ്രീയോടു ചേർന്ന ഹരിയുടെ ആരാധനയാണിത്. വിഗ്രഹാരാധനക്കും ജപത്തിനും പറ്റിയതാണ് ശങ്കരൻ തന്നെ സ്വീകരിക്കുന്ന ഒരു രൂപം ശ്രീഹരിയെ നമിക്കുന്ന ഈ ശ്ലോകം ജപിക്കുമ്പോഴും ആനന്ദമുളവാക്കുന്നതെന്നും, ഇത് ശങ്കരവിരചിതമാണെന്നും സമ്മതിക്കുന്നത് വൈരുദ്ധ്യമല്ലേ! (ഒരു ആരോ ആയിരമോ കൊല്ലം കഴിഞ്ഞാൽ ഈ വരി പറയുന്ന ഭക്തിയല്ലെന്ന് സമർത്ഥിക്കാൻ ആരെങ്കിലും ഒരു സംവാദത്തിനു ശരിക്കു ഉദ്ദേശിച്ചില്ല.)

ശ്രീ എന്ന ഐശ്വര്യശക്തിയോടു ചേർന്ന ഹരി, പരമാനന്ദത്തെ ഉപദേശിക്കുന്ന ഈശ്വരൻ, സർവ്വലോകത്തിനും കാരണമായി സർവ്വവ്യാപിയായിരിക്കുന്ന ചൈതന്യം — അതിനെ നമിച്ചു കൊണ്ട് എന്തിന് ആ ചൈതന്യത്തിന്റെ സർവ്വവ്യാപകമായ അനന്തം നാമങ്ങളെ നിരാകരിക്കുന്നു? സർവ്വവ്യാപിയുടെ സർവ്വനാമവും ഹരിനാമമെന്നറിയാതെ സർവ്വഭൂതങ്ങളെയും ആത്മഭാവത്തിലറിഞ്ഞ് തൃപ്തരാവാൻ കഴിയുമോ? സ്ത്രീശരീരമെടുത്ത ഭൂതങ്ങളിലും ആ ഹരിയെ കാണാതെ ആത്മഭാവം അനുഭവിക്കാമോ! പുരുഷശരീരമെടുത്ത ഭൂതങ്ങളിലെന്ന പോലെ സ്ത്രീശരീരമെടുത്ത ഭൂതങ്ങളിലും സർവ്വവ്യാപിയായ ഹരി തന്നെയല്ലേ ഇരിക്കുന്നത്?

ദ്യോർ ദ്യുശ്ച സംഹരതി
യ (ഇഹ) പ്രവൃത്തി നാനാത്വം

ഇവിടെ നാനാത്വം മാത്രം കണ്ടു കൊണ്ടിരുന്നാൽ ദൃശ്യവിലക്ഷണമായ അദ്വൈതത്തിലേക്ക് എങ്ങനെ പ്രയാണം ചെയ്യും? മനുഷ്യത്വം, മുമുക്ഷുത്വം, മഹാപുരുഷസംശ്രയം എന്ന മൂന്നെണ്ണം "ദൈവാനുഗ്രഹം" കൊണ്ടു ലഭിക്കുന്ന ദുർല്ലഭവസ്തുക്കളാണെന്ന് വിവേകചൂഡാമണിയിൽ പറഞ്ഞ ആചാര്യർ ദൈവാധീനം നമ്മിലില്ലെന്ന് എങ്ങനെ ഉറപ്പിച്ചു പറയും? ദൈവഭക്തി, ദൈവാനുഗ്രഹം മുതലായ പദങ്ങൾ പദാർത്ഥവിചിന്തനം ചെയ്യാതെയാണോ ശങ്കരാചാര്യർ ഉപയോഗിച്ചത്? വാഗ്വൈഖരി, ശബ്ദഝരി, ശാസ്ത്രവ്യാഖ്യാനകൗശലം ഇവ വിദ്വാന്മാർക്ക് തങ്ങളുടെ വൈദുഷ്യം പ്രദർശിപ്പിക്കാൻ കൊള്ളാമെന്നല്ലാതെ മോക്ഷോപായമല്ല എന്ന് വെട്ടിത്തുറന്ന് പറഞ്ഞ ആചാര്യനെ, അദ്ദേഹം ശാസ്ത്രത്തിൽ പ്രതിപാദിച്ച ഈ ജ്ഞാനങ്ങൾ മാത്രം നോക്കിയാണോ നമ്മൾ വിലയിരുത്തേണ്ടത്? അതോ, ഇതേ അഭിപ്രായം പ്രകടിപ്പിക്കുന്ന സനത്കുമാരമഹർഷിയെപ്പോലെ സ്ഥാനത്ത് നൽകേണ്ടതായിട്ടില്ലേ?

ശബ്ദജാലം മഹാരണ്യം ചിത്തഭ്രമണകാരണം. പരമാത്മസത്യം പ്രയത്നം കൊണ്ട് അനുഭവിച്ചറിയണമെന്ന് ശങ്കരൻ പറഞ്ഞു. എന്താണ് ഈ പ്രയത്നം? തനിക്കു മുമ്പുള്ളവർ പറഞ്ഞതെല്ലാം വേദാന്തസിദ്ധാന്തിയ പാണ്ഡിത്യപ്രകടനമായ ശാസ്ത്രമോ, സ്വസ്വരൂപാനുസന്ധാനാ ഭക്തിപാരമ്യത്തിൽ ഉറച്ചുനിൽക്കുന്ന രീതിയോ? അതോ, രണ്ടും ചേർന്നതോ? ആചാര്യന്റെ ഉത്തരം സുവ്യക്തമാണ്.

മോക്ഷകാരണസാമഗ്ര്യാം ഭക്തിരേവ ഗരീയസി
സ്വസ്വരൂപാനുസന്ധാനം ഭക്തിരിത്യഭിധീയതേ.

ശാസ്ത്രത്തിലും ആചാര്യവാക്യത്തിലും ഉള്ള ശ്രദ്ധ, സ്വസ്വരൂപാനുസന്ധാനം ഇതാണ് ഭക്തി. ഈ ഭക്തിയാണ് മോക്ഷകാരണം. അതാണ് മഹത്തരം. ഗീതാശാസ്ത്രത്തിൽ 11-ാം അദ്ധ്യായത്തിലെ 55-ാം ശ്ലോകത്തെ "സർവ്വാർത്ഥസാര"മെന്ന് ആചാര്യർ വിളിക്കുന്നതും ഭക്തിയുടെ ശ്രേഷ്ഠത കൊണ്ടാണ്.

ഇവിടെ നാനാത്വം മാത്രം കണ്ടു കൊണ്ടിരുന്നാൽ മൃത്യുവിലേയ്ക്കല്ലാതെ അമൃതത്വത്തിലേയ്ക്ക് എങ്ങനെ പ്രയാണം ചെയ്യും? മനുഷ്യത്വം, മുമുക്ഷുത്വം, മഹാപുരുഷ സംശ്രയം എന്നു തുടങ്ങും "ദേവാനുഗ്രഹം" കൊണ്ടു ലഭിക്കുന്ന സൃഷ്ടിഭാവഭേദങ്ങളാണെന്ന് വിവേകചൂഡാമണിയിൽ പറഞ്ഞ ആചാര്യർ ദേവോപാസന നടത്തിയിട്ടില്ലെന്ന് എങ്ങനെ ഉറപ്പിച്ചു പറയും? ദൈവ വിശ്വം, ദേവാനുഗ്രഹം തുടങ്ങിയ പദങ്ങൾ പരാർത്ഥ വിവേചനം ചെയ്യാതെയാണോ ശങ്കരാചാര്യർ ഉപയോഗിച്ചത്? വാക്വൈഖരി, ശബ്ദ ഝരി, ശാസ്ത്ര വ്യാഖ്യാന കൗശലം ഇവ വിദ്വാന്മാർക്ക് തങ്ങളുടെ വൈദുഷ്യം പ്രദർശിപ്പിക്കാൻ കൊള്ളാമെന്നല്ലാതെ മോക്ഷോപായമില്ല എന്ന വെട്ടിത്തുറന്ന് പറഞ്ഞ ശങ്കരാചാര്യരെ, അദ്ദേഹം ഗ്രന്ഥത്തിൽ പ്രകടിപ്പിച്ച ഈ ഗുണ ഗുണങ്ങൾ മാത്രം നോക്കിയാണോ നമ്മൾ വിലയിരുത്തേണ്ടത്? അതോ, ഇതേ അഭിപ്രായം പ്രകടിപ്പിക്കുന്ന സനത്കുമാര മഹർഷിയെപ്പോലെ സ്വാനുഭവം ഉള്ളവനായിട്ടോ?

ശബ്ദജാലം മഹാരണ്യം ചിത്തഭ്രമണകാരണം. പരമാത്മ സത്യം സ്വപ്രയത്നം കൊണ്ട് അനുഭവിച്ചറിയണമെന്ന് ശങ്കരൻ പറഞ്ഞു. എന്താണ് ഈ സ്വപ്രയത്നം? തനിക്കു മുമ്പ് ഉള്ളവർ പറഞ്ഞതെല്ലാം വേദാന്തസിദ്ധാന്തിയ പാണ്ഡിത്യ പ്രകടനമായ ശാസ്ത്രമോ, സ്വസ്വരൂപാനുസന്ധാനമെന്ന ഭക്തി പാരമ്യത്തിൽ ഉറപ്പിക്കുന്ന മതിയെയോ? അതോ, രണ്ടും ചേർന്നതോ? ആചാര്യന്റെ ഉത്തരം വ്യക്തമാണ്.

മോക്ഷകാരണസാമഗ്ര്യാം ഭക്തിരേവ ഗരീയസീ
സ്വസ്വരൂപാനുസന്ധാനം ഭക്തിരിത്യഭിധീയതേ.

വിവേകത്തിലും ആചാര്യ വാക്യത്തിലും ഉള്ള ശ്രദ്ധ, സ്വസ്വരൂപാനുസന്ധാനം ഇതാണ് ഭക്തി. ഈ ഭക്തിയാണ് മോക്ഷകാരണം. അതാണ് മഹത്തരം. ഗീതാഭാഷ്യത്തിൽ 11ാം അദ്ധ്യായത്തിലെ 55ാം ശ്ലോകത്തെ "സർവ്വശാസ്ത്രസാര"മെന്ന് ആചാര്യർ വിളിക്കുന്നതും ഭക്തിയുടെ സർവ്വശ്രേഷ്ഠത കൊണ്ടാണ്.

അനന്തരം ഒരു ഗുരു ഭക്തിക്ക് പ്രാധാന്യം കൊടുത്തിട്ടില്ല എന്ന് സമർത്ഥിക്കുന്നത് സാധാരണക്കാരുടെ "ചിന്താഭേദ"ത്തിന് നിശിതമായിരിക്കാം. ഭക്തിയുടെ അങ്ങേ വഴിപാടോ, അവിടത്തെ അഭ്യാസമോ, ഭേദം കൂടിയ വികാരമോ ആണെന്ന് ഉദ്ദേശിക്കുന്നവരോട്, നിങ്ങളുടെ 'ഭക്തി'യല്ല ആചാര്യൻ ഉദ്ദേശിക്കുന്ന ഭക്തി എന്ന് പറഞ്ഞുകൊടുക്കേണ്ടത് ആവശ്യമാണ്. പക്ഷെ, ആചാര്യൻ ഭക്തിക്ക് പ്രാധാന്യം കൊടുത്തിട്ടേ ഇല്ല എന്ന വാദം അനർഹമാണ്. ഇതിന്റെ പാരമ്യത്തിൽ നാരദനെ ചൂണ്ടിക്കാട്ടി "The helpless position of Narada, the Bhakta" (Page 94-95) എന്ന് ഗ്രന്ഥകർത്താവ് എഴുതുന്നു. നാരദൻ സനത്കുമാരനോട് തന്റെ ശോകം തീർന്നിട്ടില്ല എന്ന് ആവലാതിപ്പെടുന്നു് ഭരിതനെ. പക്ഷെ, ഈ ആവലാതി സമയത്തും നാരദൻ വേദവേദാംഗങ്ങളിലും ആഗമനിഗമങ്ങളിലും അഗാധമായ പാണ്ഡിത്യം നേടിയ ഭക്തിയോഗിയുമായ "ജ്ഞാനമാർഗ്ഗ" സഞ്ചാരിയാണ്. ആ പാണ്ഡിത്യം കൊണ്ടും തന്റെ ശോകം തീർന്നില്ല, തനിക്ക് ആത്മജ്ഞാനസിദ്ധി ലഭിച്ചില്ല എന്നുള്ളതാണ് നാരദന്റെ ശോകം. പാണ്ഡിത്യമുണ്ട്; നിത്യബ്രഹ്മചാരിയാണ്; സന്യാസിയും മാമുനിയുമാണ് — എന്നിട്ടും ശോകമുക്തനായില്ല. ഗീതാഭാഷ്യത്തിൽ ഭക്തനെന്നാൽ ജ്ഞാനനിഷ്ഠനും സന്യാസി എന്നാണ്. സന്യാസിയായിട്ടും ജ്ഞാനസിദ്ധി ലഭിച്ചില്ല എന്ന് പറഞ്ഞ് ഗുരുവായ ഒരാളുടെ അടുത്തു വന്ന് ഉപദേശത്തിന് നിൽക്കുന്ന പണ്ഡിതനായ നാരദനെ അനാദരിച്ചത് ഉചിതമോ? ആത്മവിദ്യയിലൂടെ ജ്ഞാനമാർഗ്ഗത്തിൽ മുന്നേറിയ നാരദന്റെ ശോകം "സംസാരദുഃഖ"മല്ല, എന്ന് ആർക്കാണറിയാത്തത്?

നാരദൻ സനത് കുമാരനെ കാണുന്നതിനു മുമ്പോ പിമ്പോ ഭക്തിസൂത്രമെഴുതാൻ യോഗ്യനല്ലെന്ന വാദം വിചിത്രം. സനത്കുമാരനെ കാണും മുമ്പ് അപരോക്ഷാനുഭൂതി കിട്ടാത്തതുകൊണ്ട്; കണ്ടശേഷം, ആഗമങ്ങൾ പോലും വെറും നാമമെന്നറിഞ്ഞ ശേഷം ഭക്തിസൂത്രം എഴുതേണ്ട ആവശ്യം ഇല്ലാത്തതുകൊണ്ട്.

ആഗമങ്ങൾ നാമം. പാണ്ഡിത്യവും യുക്തിചിന്തയും പ്രകടനം. അവയെ, അങ്ങനെയാണെങ്കിലും ഉപാസിക്കണം; സർവ്വനാമരൂപങ്ങളോടും കൂടി വ്യാകരിക്കപ്പെട്ട വ്യാകൃത ജഗത്തിനെ നിരുപിച്ചറിയണം. വീണ്ടും ശോകം തീരാതെ വരുമ്പോൾ ഉത്തമനായ ഗുരുവിന്റെ വാക്യത്തിലും നിദേശത്തിലും ശ്രദ്ധയോടെ സ്വസ്വരൂപാനുസന്ധാനമെന്ന സാധന ചെയ്യണം. ആ "സ്വതന്ത്ര" സാധനയാണ് സ്വപ്രയത്നം കൊണ്ട് പരമാനന്ദമായ "ഭൂമാ"വിനെ പ്രത്യക്ഷമാക്കിത്തരുന്ന തന്ത്രം. "പരമാനന്ദരൂപപരദേവത"യെന്ന ഐശ്വരസ്വഭാവമുള്ള സനത്കുമാരസ്വരൂപനെന്ന ഗുരുവാകുന്ന "ശ്രീഹരി"യിലൂടെയാണ് നാരദനും ശോകം തീർന്ന് അപരോക്ഷാനുഭൂതി നേടിയത്. ഇതേ മഹത്വമായ ജ്ഞാനമാണ് സനത് സുജാതീയവും, നാരദഭക്തിസൂത്രവും വ്യത്യസ്ത ശൈലികളിൽ, വ്യത്യസ്ത വാക്കുകളിൽ അവതരിപ്പിക്കുന്നത്. ശങ്കരന്റെ അപരോക്ഷാനുഭൂതിയിലും ആത്മബോധം സ്തുതിക്കുന്നത് ശ്രീഹരിയെന്ന പരമാനന്ദോപദേഷ്ടാവായ പരമഗുരുവിനെത്തന്നെ!!

നാരദൻ ആര്? ഈ ചോദ്യത്തിന് ഇന്ത്യയിലെ സനാതന മനസ്സുകൾ "ഭക്തിസാരന്റെ പ്രചാരകൻ" എന്ന് പറയും. മഹാമനസ്സുകൾ സംഗീത സാമ്രാട്ട്, പരമഭാഗവതൻ എന്നു പറയും. ഈ ചോദ്യത്തിനു, ഉത്തരത്തിനും അപ്പുറമുള്ള നാരദനെ അറിയാൻ ഛാന്ദോഗ്യ ഉപനിഷത്തിലെ സനത്കുമാര നാരദസംവാദം മഹാമനസ്സുകളെ

സഹായിക്കുന്നു. നിവൃത്തിലക്ഷണമുള്ള നാരദനും പ്രവൃത്തിലക്ഷണമുള്ള
ഉദയഭാരതിയ്ക്കും സ്ഥാനമുണ്ട്. നിവൃത്തിലക്ഷണത്തിൽ സനത്
കുമാര, നാരദ സിദ്ധനായ നാരദനെ "helpless" ആക്കി മാറ്റുകയും ചെയ്യുന്ന
രോ, പ്രവൃത്തിലക്ഷണത്തോടെ കർമ്മസന്ന്യാസം ചെയ്യുന്ന ഉദയഭാര
തിയുടെ വിജ്ഞാനദർശമായ വാക്കിനെ Vulgar Question എന്നു വിളി
ച്ചുനടന്നോ അദ്വൈത ശാസ്ത്രവലയത്തിലായ ഭാരതത്തിലല്ല.
'പ്രാകൃത' ജഗത്തിന്റെ 'വ്യാകരണ'ത്തിൽ കുടിയ 'ഗുരുക്കന്മാർ',
അപാരമായ ശ്രുതിയുടെ അവ്യാകൃതാനന്ദത്തിൽ നിന്ന് അകന്ന
പോകുന്ന കൃഷ്ണഭക്തിക്കാരാണെന്ന് പറയുമ്പോൾ, 'കൃഷ്ണമതേ' എന്ന
സംബോധന (അതിലെ മനശ്ശാസ്ത്രപരമായ അർത്ഥം കാണാതെ!)
യെ ചോദ്യം ചെയ്യുകയാളിൽ നിന്ന് ഇത്തരം പ്രയോഗ
ങ്ങൾ — വായനക്കാർ — പ്രതീക്ഷിക്കുന്നില്ല. ഭക്തിരേവ ഗരീയ
സി എന്ന് നാരദൻ ഭക്തിസൂത്രത്തിൽ പറഞ്ഞത് സനത്കുമാരോപ
ദ്യ വാദ്യത്തിലുള്ള ശ്രദ്ധയോടെ, തന്റെ നിഗമനത്തെ (സംഗീതശാസ്ത്രം)
ഉപാസിച്ചുതന്നെയാണ്. അത് സ്വസ്വരൂപാനുസന്ധാനത്താൽ
സത്യമെന്നറിയുന്ന ഒരാൾക്കും അനുവർത്തിക്കേണ്ടൂ. അപ്രകാര
മൊന്നാവർത്തന കൊണ്ട് ശങ്കരന്റെ മഹിമ കുറയുകയോ നാരദ
നാരദ ഭക്തിസൂത്രത്തിന്റെ മേന്മ കുറവാവുകയോ ചെയ്യുന്നില്ല.

വിദ്യയില്ല, വിനയവുമില്ല :-

സൗന്ദര്യലഹരിയുടെ നാല്പത്തൊന്നാം ശ്ലോകം വരെ മാത്രമേ ശങ്കരവിരചിതമായി
അംഗീകരിക്കപ്പെട്ടിട്ടുള്ളൂ. അതിനപ്പുറമുള്ള ശ്ലോകങ്ങളെ
ഇവിടെ പരാമർശിക്കുന്നതിൽ അർത്ഥമില്ല. എന്നാലും, ദീപജ്വാല
കൊണ്ട് സൂര്യനെയും ചന്ദ്രകാന്തശിലകൊണ്ട് ചന്ദ്രനെയും സമുദ്രജലം
കൊണ്ട് സമുദ്രത്തെയും ആരാധിക്കുന്നതു പോലെയാണ് വാക്കിനാൽ

വാക്കുകൊണ്ട് സ്തുതിക്കുന്നതെന്ന ശ്ലോകം കാളിദാസനെ അനുകരിച്ചു
താണെന്നും അത് a clear cut sign of laboured
apology ആണെന്നും ഉള്ള അഭിപ്രായത്തോട് ഒരു ചെറിയ
വിയോജനക്കുറിപ്പ്.

ശിവാനന്ദപരമാത്മൈക്യം സാധിച്ചവർ തങ്ങൾ സുഖദുഃഖാത്മ
കമായ പ്രപഞ്ചത്തിന്റെ ഒരു പരമാണുമാത്രമാണെന്നും, കാരണമി
ല്ലായ സ്വാതന്ത്ര്യത്തിന്റെ ഒരു കണമെന്നും അറിയുന്നു. ഇളക്കുന്ന
തെന്നും, ഇളകുന്നതെന്നും, ചെയ്യുന്നതെന്നും വാഗ്ദേവതയുടെ
വരദാനമായ "ദൈവവിധി" തന്നെ അറിയുന്നു. ആ ദൈവവിധിയെ
ആനന്ദപൂർവ്വം ശ്രേയസ്കരമായും വാഴ്ത്തിവിളിക്കുന്നു. തിര
കളിൽ ചലിക്കുന്ന പൊരുളുള്ള ഈ സ്വാഭാവികപ്രക്രിയ
എങ്ങനെ laboured apology ആവും? Page 137ൽ
വിദ്യാ ദദാതി വിനയം എന്ന് ഹിതോപദേശം ഉദ്ധരിച്ചുകൊണ്ടാ
ണ്, ഭാഷ്യങ്ങളിൽ ഒട്ടും വിനയം കാണിക്കാത്ത ഒരാൾക്ക് ഈ വിന
യം ഉണ്ടാവില്ല എന്ന് സമർത്ഥിക്കുന്നു. ഭാഷ്യത്തിൽ ഓരോ വാക്കും
അധികാരപൂർവ്വം ഉച്ചരിക്കുന്ന ഒരാൾ തന്നെ നിർവിനയനെന്ന നിലപാ
ടിനെ താർക്കികമായി അപഗ്രഥിച്ചാൽ നമ്മൾ എത്തിച്ചേരുക വിനയ
മില്ലാത്ത ശങ്കരന് വിദ്യയില്ല എന്ന നിഗമനത്തിലാണ്.

1. വിദ്യ വിനയം കൊടുക്കുന്നു.
2. ശങ്കരന് വിനയമേ ഇല്ല.

ഫലം. (3) ∴ ശങ്കരന് വിദ്യ ഉണ്ടാവാൻ ഇടയില്ല.

ഇത്തരം ലോജിക് നമ്മെ എങ്ങോട്ടും നയിക്കയില്ല; വരുംതല
മുറയ്ക്ക് തെറ്റിദ്ധാരണ ഉണ്ടാക്കുകയും ചെയ്യും. എന്റെ കാഴ്ചപ്പാ
ട് ഇങ്ങനെയാണ്.

(1) ശങ്കരന് വിദ്യ ഉണ്ടെന്നത് നിസ്സംശയം.

(2) വിദ്യ വിനയം കൊടുക്കുന്നു.
ചോദ്യം :— (3): അതിനാൽ ശങ്കരൻ വിനയശാലിയായിരുന്നിരിക്കണം.
എങ്കിൽ എന്തു കൊണ്ട് ഭാഷ്യങ്ങളിൽ വിനയമില്ല?

ഭാഷ്യങ്ങൾ അനേകതരം വിവരം കുറഞ്ഞവരും യുക്തിയുടെ പേരിൽ അബദ്ധം പറഞ്ഞു പഠിപ്പിക്കുന്നവരുമായ മറ്റുള്ളവരെ പഠിപ്പിക്കുവാൻ ഗുരുവായി നിന്ന് പറയുന്നവയാണ്. ശിഷ്യരുടെ മുമ്പിൽ ഗുരുവിന്റെ വിനയം എന്തിന്! അവിടെ അറിവിന്റെ അധികാരത്തിനാണ് പ്രാമാണ്യം. ഗുരു (വിദ്വാൻ) വിദ്യയുടെ ഉപാസകൻ. സ്വസ്വരൂപ ശക്തിയായ ശ്രീവിദ്യയുടെ മുമ്പിൽ വിശ്വാസപൂർണ്ണനായി മനസ്സുരുകി ആത്മാർപ്പണം ചെയ്യുന്ന ശിഷ്യൻ- അവിടെ ഗുരുവിന്റെ ഗുരു വാഗ്ദേവി. അവളുടെ മുമ്പിൽ വിനയം ഉണ്ടാവണം. അതാണ് വിദ്വാന്റെ ലക്ഷണം. വിദ്യയുടെ ലക്ഷണമായ വിനയം കാണുന്ന സ്തുതികളും തെളിയിച്ചിട്ടും അതൊന്നും ശങ്കരനെഴുതിയതല്ലെന്നു വാദിക്കുന്നതിനർത്ഥം ശങ്കരൻ വിദ്യയോ വിനയമോ ഇല്ലാത്ത അഹങ്കാരിയായ ഒരാൾ മാത്രമെന്നാണ്.

അനേകജന്മത്തെ ആത്മീയ സാധനയുടെ ഫലമായ അപരോക്ഷാനുഭൂതി ലഭിക്കാത്തവർ സർവ്വജ്ഞരല്ല- അതു ശരിയെന്നു നമുക്ക് ഗ്രഹിക്കാവുന്നതേയുള്ളൂ. എന്നാൽ, ശങ്കരനൊഴിച്ച് ഭൂമിയിൽ മറ്റാർക്കും അപരോക്ഷാനുഭൂതി ലഭിക്കുകയില്ല എന്നാണ് ശങ്കരന്റെ ഉപദേശമെങ്കിൽ, ഈ ഭൂമിയിൽ ശങ്കരഭഗവാന്റെ ശിഷ്യത്വം ആരാണ് സ്വീകരിക്കുക? (No poet or writer Could ever imagine to attain that position of perfection and self reliance എന്ന് പണ്ഡിതരുടെ അഭിപ്രായം)

വാക്കുകൊണ്ട് സ്തുതിക്കുന്നതെന്ന ശ്ലോകം മാത്രമാണോ അനുകരിച്ചതാണെന്നും അത് a clear cut sign of laboured apology ആണെന്നും ഉള്ള അഭിപ്രായത്തോട് ഒരു ചെറിയ വിയോജനക്കുറിപ്പ്.

ഈ വാക്യപരമ്പരയെല്ലാം സാധിച്ചവർ തങ്ങൾ സൂര്യചന്ദ്രാദികളായ ബ്രഹ്മാണ്ഡത്തിന്റെ ഒരു പരമാണുമാത്രമാണെന്നും, കാരണമൂലഭിയായ സ്വാതന്ത്ര്യത്തിന്റെ ഒരു കണമെന്നും അറിയുന്നു. ഇരിക്കുന്നതെന്നും, പെയ്യുന്നതെന്നും, ചെയ്യുന്നതെന്നും വാസ്തവമായുള്ള വരദാനമായ "ദൈവവിധി" യെന്നറിയുന്നു. ആ ദൈവവിധിയെന്ന ആനന്ദപൂർവ്വം ശ്രദ്ധാപൂർവ്വം വാഴ്ത്തിക്കൊണ്ടെ തലകുനിക്കുന്നു. തിരകടവിൽ ചലിക്കുന്ന പോലുള്ള ഈ സ്വാഭാവിക ഭക്തിയെ എങ്ങനെ laboured apology ആകും? Page 137ൽ വിദ്യാ ദദാതി വിനയം എന്ന് തുടങ്ങുന്ന ശ്ലോകം ഉദ്ധരിച്ചുകൊണ്ടാണ്, ഭാഷ്യങ്ങളിൽ ഒട്ടും വിനയം കാണിക്കാത്ത ഒരാൾക്ക് ഈ വിനയം ഉണ്ടാവില്ല എന്നു സമർത്ഥിക്കുന്നു. ഭാഷ്യത്തിൽ ഓരോ വാക്കും അധികാരപൂർവ്വം ഉദ്ധരിക്കുന്ന ഒരാൾ തന്നിൽ വിനയമെന്ന നിലപാടിനെ താത്വികമായി അംഗീകരിക്കാൻ കഴിവില്ലാത്ത വിനയമില്ലാത്ത ശങ്കരന് വിദ്യയില്ല എന്ന നിഗമനത്തിലാണ്.

1. വിദ്യ വിനയം കൊടുക്കുന്നു.
2. ശങ്കരന് വിനയമേ ഇല്ല.

ഫലം. (3) ∴ ശങ്കരന് വിദ്യ ഉണ്ടാവാൻ ഇടയില്ല.

ഇങ്ങനെ ലോജിക്ക് നമ്മെ എങ്ങോട്ടും നയിക്കയില്ല; വല്ലാത്ത ചിന്താക്കുഴപ്പം ഉണ്ടാക്കുകയും ചെയ്യും. എന്റെ കാഴ്ചപ്പാട് ഇങ്ങനെയാണ്.

(1) ശങ്കരന് വിദ്യ ഉണ്ടെന്ന് നിസ്സംശയം.

② വിദ്യ വിനയം കൊടുക്കുന്നു.

ചോദ്യം :— ③ : അതിനാൽ ഗുരു വിനയശാലിയായിരിക്കണം.

എങ്കിൽ എന്തു കൊണ്ട് ശാസ്ത്രങ്ങളിൽ വിനയമില്ല?

ശാസ്ത്രങ്ങൾ അനേകായി വിവരം അറിഞ്ഞവരും ബുദ്ധിയുടെ വേരിൽ അജ്ഞാനം പറഞ്ഞു പഠിപ്പിക്കുന്നവരുമായ മനുഷ്യരെ പഠിപ്പിക്കാൻ ഗുരുവായി നിന്ന് പറയുന്നവയാണ്. ശിഷ്യരുടെ മുമ്പിൽ ഗുരുവിന്റെ വിനയം എന്തിന്! അവിടെ അറിവിന്റെ അധികാരത്തിനാണ് പ്രാധാന്യം. ഗുരു (വിദ്വാൻ) വിദ്യയുടെ ഉപാസകൻ. സ്വസ്വരൂപ ശക്തിയായ ശ്രീവിദ്യയുടെ മുമ്പിൽ വിസ്മിതചിത്തനായി മനസ്സുരുകി ആത്മാർപ്പണം ചെയ്യുന്ന ശിഷ്യൻ - അവിടെ ഗുരുവിന്റെ ഗുരു വാഗ്ദേവി. അവളുടെ മുമ്പിൽ വിനയം ഉണ്ടാവണം. അതാണ് വിദ്വാന്റെ ലക്ഷണം. വിദ്യയുടെ ലക്ഷണമായ വിനയം കാണുന്ന സ്മൃതികളും തെളിയിച്ചിരിക്കുന്നു ഉത്തമം ശങ്കരനെഴുതിയ ലഘുഗ്രന്ഥങ്ങൾ വായിച്ചാൽ തോന്നുന്നതിനർത്ഥം ശങ്കരൻ വിദ്യയോ വിനയമോ ഇല്ലാത്ത അഹങ്കാരിയായ ഒരാൾ ആകുമെന്നാണ്.

അനേകം തന്നെ ആത്മീയ സാധനയുടെ ഫലമായ അപരോക്ഷാനുഭൂതി ലഭിക്കാത്തവർ സർവ്വജ്ഞരല്ല - അല്ല ശരിയെ നന്നായി ഗ്രഹിക്കാവുന്നതേയുള്ളൂ. എന്നാൽ, ശങ്കരനൊഴിച്ച് ഭൂമിയിൽ മറ്റൊരാൾക്കും അപരോക്ഷാനുഭൂതി ലഭിക്കുകയില്ല എന്നാണ് ശങ്കരന്റെ ഉപദേശമെങ്കിൽ, ഈ ഭൂമിയിൽ ശങ്കരഗുരുവിന്റെ ശിഷ്യത്വം ആരാണ് സ്വീകരിക്കുക? (No poet or writer Could ever imagine to attain that position of perfection and self reliance എന്ന് പ്രൊഫസറുടെ അഭിപ്രായം)

എല്ലാവർക്കും അതു സാധിക്കയില്ലായിരിക്കാം. പക്ഷേ "ആർക്കും" ഉണ്ടാക-
യില്ല എന്ന വാദം അബദ്ധമാണ്. 'ഗുരുകൃപ' പ്രയത്നിച്ച് ആരോ
ഗ്രന്ഥം സ്വാനുഭൂതി നേടി എന്ന ശങ്കരഗുരുവിന്റെ വാക്യത്തിലും
നിഗമത്തിലും ഭക്തിപ്രധാനതയോടെ സ്വസ്വരൂപാനുസന്ധാനം ചെയ്താൽ
ആർക്കും അതു സാധിക്കുമെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.
ശ്രുതിയിലാർക്കും സാധിക്കാത്ത ഒരു ... ദോഷമൽകിയിട്ട് പ്രഭാവിനാ
ശ്രുതിയിലെ മറവുകളും എന്തു കാര്യം?

പരാമർശിക്കാതെ പോലും ശങ്കരൻ apology എഴു നടത്തുന്നത്.
ജീവാത്മ പരമാത്മൈക്യമാണ് സ്വാതന്ത്ര്യം സ്വാതന്ത്ര്യത്തി-
ൽത്തന്നെ അപ്പീലിക്കുന്ന ഒരു പ്രസ്താവന മാത്രമാണ്. Page 141ൽ ഉദ്ധരി-
ച്ച മനീഷാ പഞ്ചകത്തിലെ രണ്ടാം ശ്ലോകം നോക്കുക. "ഞാൻ
ബ്രഹ്മമാണ്. സകല ജഗത്തും ചിന്മാത്രം കൊണ്ട് വിസ്താരിതമാണ്.
ഇതു സർവ്വവും ത്രിഗുണാത്മികയായ അവിദ്യയിലൂടെ എന്നാൽ കല്പിത-
മാണ്. സുഖരൂപവും നിത്യവും നിർമ്മലവുമായ പരത്തിൽ ഇപ്രകാരം
ദൃഢമതിയായിരിക്കുന്നവൻ ചണ്ഡാലനായാലും ദ്വിജനായാലും ഗുരു-
വാണെന്നാണ് എന്റെ മനീഷ." ദൃഢമതിയായി, ത്രിഗുണാത്മിക-
യായ അവിദ്യയിലൂടെ താൻ തന്നെ കല്പിച്ച പ്രപഞ്ചത്തെ നോക്കി-
ക്കാണുന്ന ആരും- ചണ്ഡാല ദ്വിജ, സ്ത്രീ പുരുഷ ഭേദമെന്യേ-
ഗുരുവാണെന്നംഗീകരിച്ച ശങ്കരൻ എന്തുകൊണ്ട് തന്നിൽത്തന്നെ ഇ-
രിക്കുന്ന 'ശക്തിയെ' ഗുരുവായിക്കണ്ട് അതിന് തന്റെ പൊരുതൽ
ഹരി അർപ്പിച്ചുകൂടാ? ത്രിഗുണാത്മികയായ മായ എന്നുള്ള
പ്രകൃതി (കാരണത്തിന്റെ അദ്ധ്യാരോപിത) യുടെ ചിന്മാത്രമാണ് ജീവ-
ജാലങ്ങൾ. വിദ്യയുടെ ചിന്മാത്രം കൊണ്ടാണ് അവിദ്യയുടെ സർവ്വകല്പന-
നാം എന്തു കല്പന ചെയ്യുന്നുവോ അതാണ്. അഹം ബ്രഹ്മം എന്ന്
കല്പിക്കുന്നവനും മാത്രമേ മൂലപ്രകൃതി അദ്ധ്യാരോപിതയായി "ഗുരു"

മാത്രമേ ഉള്ളൂ. ഈ അവസ്ഥ സ്വസ്വരൂപാനുസന്ധാനത്താൽ സാക്ഷാത്കരിക്കാൻ ചണ്ഡാലൻ മുതൽ ബ്രഹ്മൻ വരെ എല്ലാവർക്കും സാധിക്കുമെന്ന് ഭഗവാൻ പഠിപ്പിച്ചു. പക്ഷെ, ഒരു കവിക്കും മറ്റെയൊന്നും കാര്യം സാധിക്കയില്ലെന്ന പണ്ഡിതൻ പറയുന്നു. എനിക്ക് ഭഗവാൻ പറഞ്ഞതിനോടാണ് യോജിപ്പ്. മനുഷ്യവർഗ്ഗത്തിൽ പെട്ട എല്ലാവർക്കും സാധിക്കാവുന്ന ഒന്ന് കവിക്കും എന്തു കാരണം സാധിച്ചുകൂടതല്ലേ?

ഇതുനാമിക യാഥ് മാലയാൽ കളിനയാൽ ഉയരന്ന അനന്തകാലം നിലനിൽക്കും. അതിനാൽ ഭഗവാനെപ്പോലുള്ള മനീഷികൾ അനന്തകാലം ഈ ദ്രുതവൃത്തം അവതരിപ്പിച്ചുകൊണ്ടിരിക്കും. അപരോക്ഷാനുഭൂതിയുടെ സൌന്ദര്യലഹരികൾ കൊണ്ടിരിക്കും. ആ അനുഭവത്തെ യുക്തിയുക്തമായി അവതരിപ്പിക്കുവാനും, മറ്റുള്ളവരെ അതിലേക്ക് ആകർഷിക്കാനുമായി ശ്രമങ്ങൾ നടക്കുകൊണ്ടിരിക്കും - ആ ശ്രമസമവായം നടന്നുകൊണ്ടിരിക്കും. അത് പ്രാപഞ്ചികനിയമമാണ്. ആർക്കും കവിക്കും സാധിക്കാത്ത (ആകാശകുസുമം പോലെയോ മുയൽക്കൊമ്പു പോലെയോ ഉള്ള) കാര്യങ്ങൾ പറഞ്ഞു ഗുരുക്കന്മാർ മനുഷ്യരാശിയെ പഠിപ്പിക്കാറില്ല.

~~ഈ ലേഖനത്തിൽ~~ 'ദേശനാവിദ്' ഏതോ 'അപക്രൂരായി' കാണാ' ഏതോ കവിക്കുള്ള പരാമർശം ഇവിടെ ഉള്ളതാണ്, അവനാൽ എഴുതിക്കൊണ്ടിരിക്കുന്ന ആചാര്യരുടെ കാവ്യത്തിൽ വിശദമായി ചെയ്തിരിക്കുവാൻ ആവർത്തനം ഒഴിവാക്കുന്നതിനു വേണ്ടിയാണ് - ~~ഇവിടെ~~ ഈ ലേഖനം ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു. ചില മനീഷികൾ അവതരിപ്പിക്കുന്നു. ആരോടും അനാദരവില്ലാതെ.. ബഹുമാനപുരസ്സരം പണ്ഡിതന്മാരെ

പനോമ്മയോടുള്ള ബഹുമാനത്തിന് ഭംഗം വരാതെ.
ചിന്തിക്കുന്ന എല്ലാ സുമനസ്സുകൾക്കും വേണ്ടി... വിനയപൂർവ്വം...

Dr. Suvarna Nalapat.

[illegible]

30.1.2000.
ചൈതന്യ വാർഷികോത്സവം.
കൊല്ലം ടൗൺഹാൾ. | 36

എന്റെ സാഹിത്യം - എന്റെ ദർശനം

എന്റെ പൂർവ്വികനും കുലഗുരുവുമായ നാലപ്പാട്ട് നാരായണമേനോന്റെ ഡയറിയിൽ കുറിച്ചിട്ട രണ്ട് ഉദ്ധരണികളിൽ നിന്ന് ഈ വിഷയത്തെ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന് ഗെയ്ഥെയുടേത്.
"മറ്റുള്ളവരിൽ നിന്ന് ആശയങ്ങൾ സ്വീകരിക്കുന്ന കലാ ജീനിയസിന്റെ വകയല്ലെങ്കിൽ പിന്നെ എനിക്കുള്ളതെന്താണ്? എന്റെ സൃഷ്ടികൾ ആയിരക്കണക്കിന് വിഭിന്നവ്യക്തികളിൽ നിന്നും വസ്തുക്കളിൽ നിന്നും സ്വീകരിക്കപ്പെട്ടവയാണ്. വിവേകികളും വിഡ്ഢികളും തങ്ങൾ ഉപകാരം ചെയ്യുന്നു എന്ന് സംശയിക്കാതെ അവരുടെ ചിന്തകളും ശക്തികളും അനുഭവങ്ങളും എനിക്ക് നൽകുന്നു. എന്റെ സൃഷ്ടി പ്രകൃതിയിൽ നിന്നെടുത്തതിന്റെ ഒരു സമാഹാരമാണ്. അതിന് ഗെയ്ഥെയുടെ പേര് കൊടുത്തിരിക്കുന്നു എന്നു മാത്രം."
രണ്ടാമത്തേത് എമേഴ്സന്റേതാണ് - "ഓരോ പുസ്തകവും ഒരു ഉദ്ധരണിയാണ്. ഓരോ വീടും ഒരു വനത്തിൽ നിന്നും ഖനിയിൽ നിന്നും കല്ലുവെട്ടുകുഴിയിൽ നിന്നുമുള്ള ഒരു ഉദ്ധരണിയാണ്. അതുപോലെ ഓരോ മനുഷ്യനും അയാളുടെ പൂർവ്വികരിൽ നിന്നുള്ള ഒരു ഉദ്ധരണിയാണ്."

ഈ രണ്ട് ഉദ്ധരണികൾ എന്റെ സാഹിത്യത്തെയും ദർശനത്തെയും കുറിച്ച് ഞാൻ തന്നെ പറയാൻ ആഗ്രഹിക്കുന്ന വാക്കുകളാണ്. ഞാൻ എന്റെ പൂർവ്വികരുടെ ഒരു ഉദ്ധരണിയാണ്. എന്റെ സാഹിത്യവും ദർശനവും എന്റെ സമകാലീന പ്രപഞ്ചത്തിലിരുന്നുകൊണ്ട്, എന്റെ പൂർവ്വികരുടെ സാഹിത്യദർശനങ്ങളിലേക്ക് ഞാൻ നടത്തുന്ന അവിരാമമായ പ്രയാണഫലമായി ആർജ്ജിക്കുന്നവയാണ്. ഈ പൂർവ്വികരുടെ നിര ആരംഭിക്കുന്നത്

നാലപ്പാട്ട് നാരായണ മേനോനിലാണ്. പിന്നോട്ട് പിന്നോട്ട് സഞ്ചരിച്ച് പുരാചിത്രങ്ങളിലൂടെ ഇന്നും എന്നോട് ആശയ സംവേദനം നടത്തുന്ന ആദിമ മാനവവംശത്തിന്റെ സൃഷ്ടികളിൽ ഞാൻ എത്തിച്ചേരുന്നു.

എനിക്കു മുമ്പ് ജീവിച്ച എന്റെ സൃഷ്ടികളായ മനുഷ്യർ ഞാൻ കാണുന്ന ഈ ആകാശത്തെയും നക്ഷത്ര സമൂഹങ്ങളെയും പ്രപഞ്ചത്തെയും എങ്ങനെ നോക്കിക്കണ്ടു, എന്തൊക്കെ ചിന്തിച്ചു? എന്തൊക്കെ അനുഭൂതികൾ നേടി? പുരാചിത്രങ്ങൾ കോറിയിടുമ്പോൾ, മുറ്റത്തു വർണ്ണക്കോലം വരയുമ്പോൾ, കളം പാട്ടു പാടുമ്പോൾ, ഗുഹാഭിത്തിയിൽ ശിലാശില്പങ്ങൾ പണിയുമ്പോൾ, കവിതയുടെ ചിറകിൽ ഉയർന്നു പറന്ന്, യുക്തി-ചിന്തയുടേതായ താർക്കികബുദ്ധിയോടെ പ്ര[illegible] തത്ത്വമീമാംസയുമായി കടന്നുവരുമ്പോൾ — അവരുടെ ബോധപ്രകാശത്തിൽ അനുഭവിച്ച നിർവൃതി മുഹൂർത്തങ്ങൾ ഏവ?
ഈ അന്വേഷണവുമായി നിരന്തരം സഞ്ചരിച്ചു സഞ്ചരിച്ച്, അനേകം ശാസ്ത്രങ്ങളിലൂടെ കലകളിലും ശാസ്ത്രകാരന്മാരേയും കലാകാരന്മാരേയും ബോധപ്രപഞ്ചങ്ങളുടെ അഗാധതയിൽ നിന്ന് അപൂർവ്വമായ മുത്തുകൾ ശേഖരിച്ച് ഞാനെന്റെ ചിന്താമണ്ഡപത്തിൽ സൂക്ഷിക്കുന്നു. അവയുടെ പ്രകാശം എന്റെ ചിന്തയിലും വാക്കിലും നിറയുമ്പോൾ, അവ ലിപികളായി വിന്യസിക്കപ്പെടുന്നു; പ്രബന്ധമായി പുറത്തു വരുന്നു. ഈ പ്രകാശനത്തെ "എന്റെ ദർശന"മെന്നും "എന്റെ സാഹിത്യ"മെന്നും പറയാമെങ്കിൽ മാത്രമേ ഞാൻ ഇവിടെ ഈ വിഷയം അവതരിപ്പിക്കുന്നതിൽ അർത്ഥമുള്ളൂ. സഹസ്രാബ്ദങ്ങൾക്കും യുഗങ്ങൾക്കും മുമ്പത്തെ മാനവരാശിയുടെ

ചിന്തയിലേക്കും അനന്തതയിലേക്കുമുള്ള പ്രയാണമല്ലെ മായ സൃഷ്ടികൾക്ക് സവിശേഷതയുടെ പേര് കൊടുത്തിരിക്കുന്നു എന്ന് ഗേഥേയെപ്പോലെ വിനയപൂർവ്വം തിരിച്ചറിയാനും, ഓരോ മനുഷ്യനും തന്റെ കൃതികളുടെ ഉപകരണമാണെന്ന് ഷെല്ലിനെപ്പോലെ ദുഃഖിച്ച് വേദനകളിൽ നിന്ന് ആനന്ദവും ജലവും ആവാഹിച്ച് ആകാശത്തിലേക്കുയർന്ന ശിഖരങ്ങളും പൂക്കളും വിടർത്തുന്ന ഒരു വൃക്ഷമാവാനും, സാധിക്കുന്ന എന്നതല്ലാതെ സ്വന്തമായി അവകാശപ്പെടാൻ എനിക്ക് യാതൊന്നുമില്ല. എന്റെ ദർശനവും എന്റെ സാഹിത്യവും കൂടെ കൂടെയുണ്ടാകാം ഗുണപ്പെടാത്തതായി എന്ന് മറ്റുപോലെ എല്ലാ മനുഷ്യരുടേയും, എല്ലാ കൃതികളുടേയും ദർശനവും സാഹിത്യവുമാണ്. അവർ മരണവും രോഗവും വാർദ്ധക്യവും അതിന്റെ വേദനകളും അനുഭവിച്ചു. അമൃതവും ആരോഗ്യവും നിത്യമായ ആത്മാവിന്റെ സൌന്ദര്യലഹരി നുകർന്നു. അതിനായി വൈരാഗ്യവും, ജ്യോതിഷവും, വേദോപനിഷത്തുകളും, അറുപത്തിനാലു കലകളും രചിച്ചു. പല രാജ്യങ്ങളിലും പല പ്രദേശങ്ങളിലും പല കാലങ്ങളിലുമായി പലരും അവരെ പിന്തുടർന്നു പോയ ചിന്താതരംഗങ്ങളും നാഗരികതകളും നമ്മെ ചുറ്റി നിന്ന് അന്തരീക്ഷത്തിലുണ്ട്. അവയെ പിടിച്ചെടുക്കാൻ മനസ്സ് എന്ന നമ്മുടെ ഉപകരണത്തിന് സാധിക്കുന്നത് അവ മനസ്സിൽ നിന്ന വ്യത്യസ്ത ചിന്തകളെ കൊണ്ടാണ് എന്ന് ആധുനിക ശാസ്ത്രം തെളിയിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ ദശകം "മസ്തിഷ്കത്തിന്റെ ദശകം" (decade of the brain) ആയിരുന്നു. ഞാൻ സംഗീതം ആസ്വദിക്കുമ്പോൾ, പുസ്തകം വായിക്കുമ്പോൾ, പഴയ ഓർമ്മകൾ അയവിറക്കുമ്പോൾ — മസ്തിഷ്ക

370

4

ത്തിന്റെ കേന്ദ്രഭാഗം പ്രകാശിക്കുന്ന, പ്രവർത്തിക്കുന്ന എന്
ജ്ഞാനത്തിന്റെ സെൽ നിന്ന് ഉപയോഗിച്ച് ഹാർട്ട്മാൻ പരിശോധ
കം.. എന്നിട്ടും, ഒരു ബയോളജിക്കൽ കമ്പ്യൂട്ടറിനേക്കാൾ
ഉപരിയായ ഒരു ദിവ്യസൃഷ്ടി മാനവമസ്തിഷ്കത്തിൽ
(ബോധത്തിന്) ഉണ്ടെന്ന പഴയ അറിവിലേക്കു തന്നെ മാനവ
ബോധം തിരിച്ചെത്തിയ ഭാഗം. ബോധം സെല്ലുകളിൽ
മാത്രമല്ല, ശരീരത്തിന്റെ ഓരോ കോശത്തിലും ഓരോ അണു
വിലും, അവയവത്തിന്റെ സാന്ദ്രതാവസ്ഥയോ അതു
സർവ്വാകാശത്തിലും നിറഞ്ഞുനിൽക്കുന്ന ഉണ്മയാണെന്ന അറി
വിൽ ന്യൂറോഫിസിയോളജിയും ആസ്ട്രോഫിസിക്സും
ഒരു മഹാദ്വൈതത്തിലെത്തുന്നു. ബയോളജിനെൻ ഉന്മേഷം
പ്രപഞ്ചബോധവുമായി താദാത്മ്യമുള്ള ഒന്നാവുമ്പോൾ
മനസ്സ് മസ്തിഷ്കത്തിലെന്ന പഴയ നിലപാടു മാറി Mind
everywhere എന്ന Panpsychism ത്തിൽ ശാസ്ത്രജ്ഞന്മാർ എത്തു
ന്നത് നാം ഈ ദശകത്തിൽ കണ്ടു. എന്റെ മനസ്സ്
പ്രപഞ്ചമനസ്സിനോട് താദാത്മ്യമുണ്ടാവുമ്പോൾ,
എന്റെ ബോധം എന്ന ഉണ്മ പ്രപഞ്ചത്തിൽ ഇതുവരെ
വന്നുപോയവരും വരാനിരിക്കുന്നവരുമായ സർവ്വ ചരാചര
ങ്ങളുടെയും ബോധത്തിൽ നിന്ന് ഭിന്നമല്ലാതാവുന്നു.
Synchronicity എന്ന് ആസ്ട്രോണമറും യുങ്ങിയൻ സൈക്കോ
ളജിയും വിളിക്കുന്ന ഈ അവസ്ഥയിൽ, കാലദേശങ്ങളു
ടെ ഉള്ളും പുറവും സംഭവിക്കുന്ന 'ഉ'ന്റെ വർത്തമാന
സന്ധ്യയിൽ ഇരുന്ന് ഞാൻ ചിന്തിക്കുന്നതും പറയുന്നതുമായ
വാക്ക് — എന്റെ സാഹിത്യം, ധർമ്മമെന്ന് ഞാൻ അവകാശി
ക്കേൾക്കാൻ ഇടയുള്ള വാക്ക് — മാനവരാശിയിൽ കൂടെ കൂടുവാൻ

വായനാവുന്ന. കൃഷ്ണികളുടെ വാക്കുകളുടെ ഉപയോഗിയെന്ന പോലെ, വരാനിരിക്കുന്ന മാനവ വംശങ്ങളുടെ ഉപയോഗത്തിനുള്ള അസംസ്കൃത വസ്തുവുമാണത്.

ഞാൻ ആദ്യമായി സാഹിത്യ സൃഷ്ടി ആരംഭിച്ചത് എട്ടാംവയസ്സിലാണ്. ആ സാഹിത്യത്തിൽ എന്റെ ദർശനം എന്തായിരുന്നു? മൂന്നു കവിതകളിലായി അതിന്റെ തെളിവ് ഞാൻ ഇന്ന് ചികഞ്ഞെടുക്കുന്നു. ഒന്ന് അമ്മാമൻ മരിച്ചപ്പോൾ എഴുതിയ 'മരണം'; രണ്ട് സ്വാതന്ത്ര്യവന്ദനം; മൂന്ന്- താരാട്ടും നക്ഷത്രവും. (1957ൽ [illegible] തിയിൽ)
മരണം (മൃത്യു) ഒരു പ്രഹേളിക. മൃത്യോർമാ അമൃതം ഗമയ എന്ന് ഋഷിപാടി. അമ്മാമൻ മരിച്ചപ്പോൾ മരണത്തെ പറ്റി ചിന്തിക്കാൻ ഞാൻ ആരംഭിച്ചു; സ്വാതന്ത്ര്യത്തിലൂടെ ആ അമൃതം എനിക്കു തരിക എന്ന് ഞാൻ പ്രാർത്ഥിച്ചു.

"നിന്നുടെ പ്രീതിയെന്ന നേടുന്നവോ
അന്നമൃതം ഉൾക്കൊള്ളുവരായിതാൻ" (സ്വാതന്ത്ര്യവന്ദനം)

താരാട്ടും നക്ഷത്രവും എന്ന മൂന്നാമത്തെ കവിതയിൽ ഞാൻ എഴുതി.

"മാതാവും കുഞ്ഞിനിന്നുറക്കുവാൻ പാടിയാലും
വിശ്വമോഹനങ്ങളാം സുന്ദരതാരങ്ങളേ."

ഈ മൂന്ന് കുട്ടി കവിതകളിലെ ദർശനം 8-ാം വയസ്സിൽ ആര്, എന്തൊരു, എനിക്കു തന്നു! ആ ദർശനം ഇന്നും എന്നും ആർക്കും സ്വീകരിക്കാവുന്ന ദർശനമാണ്. മാനവരാശിയുടെ മുഴുവൻ ബോധപ്രകാശത്തിലെ നന്മയുടെ പ്രതിബിംബ

372

അറിവുദിക്കുന്ന, ഒരു വൃക്ഷവും ഒരു ജന്തുവും ഒരുകല്ലും അനുഭവിക്കുന്ന, ഓരോ വ്യക്തിയുടെ ബോധത്തിൽ Collective Consciousness എന്നോ archetype എന്നോ യുങ്ങ് വിളിച്ച പ്രതിഭാസമായി ഉണർന്നതിനെ ശാസ്ത്രീയ rational analysis ചെയ്യാൻ ഇന്നിരിക്കുന്ന സാധിക്കുന്ന. ചരിത്രം ആ യുക്തിബോധം ഉണ്ടായപ്പോൾ ഉണ്ടായതാണ് ഞാൻ എഴുതിയ 'സാഹിത്യ'വും അതിലെ 'ശിൽപ'വും ഉണ്ടായത് എന്ന് സമ്മതിക്കുന്നവരും.

നമ്മുടെ നാഡീവ്യൂഹത്തിന് ചില പ്രത്യേക പദാർത്ഥങ്ങൾ ശ്രവിക്കാനും പുനഃസൃഷ്ടിക്കാനും കഴിയും. പ്രകാശരശ്മി റെറ്റിനയിൽ പതിക്കുന്നതിന്റെ, ശബ്ദങ്ങളുടെ ധ്വനിയുടെ, ഗന്ധത്തിന്റെ കമ്പനങ്ങളുടെ, സ്പർശഭേദങ്ങളുടെ — ആ പദാർത്ഥങ്ങൾ കൊണ്ട് ഓരോ നാഡീവ്യൂഹം ഓരോ പ്രപഞ്ചമാതൃക സ്വയം നിർമ്മിക്കുന്നു. അതിനെയാണ് നാം നമ്മുടെ ബോധപ്രപഞ്ചമെന്ന് വിളിക്കുന്നത്. സ്വന്തം കണ്ണിനെയും, കണ്ണിനെ നിയന്ത്രിക്കുന്ന മനോനിലയെയും കുറിച്ച് ചില പാഠഭേദങ്ങളും മാതൃകകളും സൃഷ്ടിക്കാനും അതിനെ ഓർക്കാനും നാഡീവ്യൂഹത്തിന് സാധിക്കും. (അതു കൊണ്ടാണ് ആളുകൾ നല്ല ശീലങ്ങൾ ഉണ്ടാക്കണമെന്ന് പറയുന്നത്.) ഈ മാതൃകാ അനുഭവ പാഠങ്ങൾ ബോധ പ്രവാഹമായി സദാ നമ്മോടൊപ്പമുണ്ട്. ഇതാണ് ഒരു ഉൾവിളി (Inner Voice) ആയി നമുക്ക് അനുഭവപ്പെടുന്നത്.

നമ്മുടെ നാഡീവ്യൂഹം സദാ ആന്തരികതയിൽ മുഴുകുന്ന യുക്തിബോധമുള്ള ഒരു യന്ത്രമാണ്. ആ കാരണത്താൽ വ്യക്തിയോ മനസ്സോ, ആത്മാവോ, ഇതൊന്നും ചെയ്യാത്ത ഹരിയോ നരനോ, ആരെങ്കിലും ആരുടെ കൂടെയ

ചോദ്യങ്ങൾ നമ്മുടെ അറിവു കൂടാതെതന്നെ നിരന്തരം നാഡീവ്യൂഹം
ചോദിക്കുന്നു, ഉത്തരം തരുന്നു; ശരിയുത്തരം താത്വികവിശ
കലനവും മീമാംസയും കൊണ്ട് കണ്ടുപിടിക്കുന്നു. അതേ
കലങ്ങി മറിഞ്ഞ അത്യന്ത പ്രചലിതാവസ്ഥയിലുള്ള ഒരു മനുഷ്യ
ന്റെ ബോധപ്രപഞ്ചത്തിൽ ഈ പ്രക്രിയ വളരെ disorderly
ആയി ഒരു chaos ആയിട്ടാണ് നടക്കുന്നത്. അവിടെ Inner
Voice എന്ന് വിളിക്കുന്ന അന്തരം അതിന്റെ പൂർണസദ്ഭാവ
ത്തിൽ പ്രകടമാവാത്തത്, ഇളകി മറിഞ്ഞ അവസ്ഥയിൽ
ഏകാഗ്രത സാദ്ധ്യമാകാത്തതു കൊണ്ടാണ്. അതു കൊണ്ടുതന്നെ
യാണ് അന്തരം വികാരജീവികൾക്ക് അദ്വയമായ, ഭേദഭാ
വനകളില്ലാത്ത, ഒരു പ്രപഞ്ച മാതൃക സൃഷ്ടിക്കാനാവാത്തതും
അവർ പരസ്പരം മത്സരിക്കുന്നതും. ഭേദബുദ്ധി കൊണ്ടുള്ള
'മായ' അവരെ മത്സരിപ്പിക്കുന്നു, കലഹിപ്പിക്കുന്നു, യുദ്ധം
ചെയ്യിക്കുന്നു. ശാന്താവസ്ഥയിൽ, ഏകാഗ്ര ധ്യാനം ചെയ്യുന്ന
മനസ്സിൽ മാത്രമാണ് ഉത്ഭവിക്കുന്നത്, ഭേദഭാവന ഇല്ലാത്ത
ത്, ദ്വൈതത്തിന്റെ മായ ഇല്ലാതെ, അദ്വൈതത്തിന്റെ
സ്നേഹപ്രകാശം മാത്രം പരക്കുന്നത്. ഒരു റോബോട്ടിനും
ഒരു യന്ത്രത്തിനും ഈ സ്നേഹവും സ്നേഹം തരുന്ന പരമശാന്തി
യും അതിലെ പരമാനന്ദവും അനുഭവിക്കാനാവുകയില്ല. ഒരു പുഴു
വിനു കൂടി അനുഭവിക്കാനാവുന്ന ജീവാനന്ദം ഒരു കമ്പ്യൂട്ടറിനില്ല.
അതു കൊണ്ടാണ് നാഡീവ്യൂഹം പാറ്റേണുകൾ സൃഷ്ടിക്കുന്ന,
മീമാംസ ചെയ്യുന്ന ഒരു ബയോ ഇലക്ട്രോണിക് കമ്പ്യൂട്ടർ മാത്ര
മല്ല, അപരോക്ഷാനുഭൂതി നൽകുന്ന ഒരു അത്ഭുതപ്രതിഭാ
സം കൂടിയാണെന്ന് പറഞ്ഞത്.

ഭൂമിയിലെ ഗോത്രവർഗ്ഗക്കാർ അമേരിക്കൻ ഗോത്രവർഗ്ഗക്കാരെ സൃഷ്ടിക്കാനെന്നോ 12000 വർഷം മുമ്പാണ് ആൽബർട്ട് ഐൻസ്റ്റീൻ ഉറപ്പു കണ്ടെന്നോ ശാസ്ത്രജ്ഞർ കരുതുന്നു. അതുതന്നെ ആ മനുഷ്യൻ സൃഷ്ടിക്കൽ (അവരുടെ ബോധപ്രപഞ്ചത്തിൽ) ആസ്ട്രോണമിയും ഗണിതശാസ്ത്രം ഗണിതവും വാസ്തുശില്പവും ഉണ്ട് എന്നതിനാൽ, selfawareness (ആത്മബോധം) ആദിമ ഗോത്ര സമൂഹങ്ങളിലെല്ലാം ഉണ്ടായിരുന്നു എന്നാം തെളിയിക്കുന്നു, ലോകമെമ്പാടും ചിതറിക്കിടക്കുന്ന പുരാവസ്തു ശേഖരവും, ചൈതന്യമൂർത്തികളും ഒക്കെ മനുഷ്യന്റെ ബോധപ്രപഞ്ചം പ്രതിഫലിപ്പിക്കുന്നു. ചുരുക്കത്തിൽ, മനുഷ്യൻ പുറമേക്കു പ്രവേശിക്കുന്ന ഒരു ബോധപ്രപഞ്ചം മനസ്സിലും മനുഷ്യന്റെ ഉള്ളിൽത്തന്നെയുള്ള ബോധപ്രപഞ്ചമാണ്. ഈ ബോധപ്രപഞ്ചത്തിന്റെ മാതൃകാ ചിത്രം വരയ്ക്കാൻ മനുഷ്യൻ ശ്രമിക്കുമ്പോൾ വിസ്മയാവഹമായ ഭേദം ഉണ്ടാകുന്നുണ്ട്; മനുഷ്യൻ ചിന്തയിലൂടെയും ഞാൻ ചിന്തിച്ചു ബോധ്യമായ ആ introspection അനുഭവമായി ചിലതും $E = MC^2$ ഉം എന്നതാണ്. matter, energy, spacetime എന്നിവയുടെ സമാഹാരമായ പ്രകൃതിയോട് (പ്രപഞ്ചത്തോട്) പ്രതികരിക്കാനം ആവുക: മനുഷ്യബോധം (consciousness) നൽകുന്ന സ്വാതന്ത്ര്യത്തിന്റെ ലോകമേ അതിനുള്ളത് എന്റെ മാത്രമാണ്; എന്റെ ബോധവും എന്റെ സ്വാതന്ത്ര്യവും എന്റെ പ്രജ്ഞയും ഉൾക്കൊള്ളുന്ന ക്രിയാ സമ്പൂർണ്ണ പ്രപഞ്ചങ്ങൾക്കും കേന്ദ്രമായി അംഗീകരിക്കുമെന്ന അറിവ് നമ്മുടെ സൃഷ്ടികർത്താവായി - സർവ്വ കാല ദേശ മണ്ഡലത്തിലെ ക്രിയകളുടെയും, സർവ്വവും, സർവ്വസ്വരവീചികൾ വ്യാപിക്കുന്ന

പ്രകാശരശ്മിയിലെ, 'സർവ്വവ്യാപിയായ ഫോട്ടോണായ ശക്തിയുടെയും'
ശക്തിവിഭജിച്ച Quantum energy യുടെ കേന്ദ്രത്തിലെ, അതി
ന്റെതന്നെ സാന്ദ്രതയാവസ്ഥയായ നമ്മുടെ ക്രിയയിലിരുന്ന
കൊണ്ട്, പ്രപഞ്ചത്തെ വീക്ഷിക്കുന്ന മനുഷ്യന്റെ ബോധകേന്ദ്രം
മാറിനിൽക്കുന്ന ക്രിയയാകാതെ, മറ്റൊന്നാവാനാണ്!
എന്റെ ബോധകേന്ദ്രം ഞാനല്ലാതെ മറ്റാര്? എന്റെ
ബോധകേന്ദ്രത്തിലിരുന്ന് ഞാൻ സ്വയം പ്രപഞ്ചത്തെ ദർശി
ക്കുന്നു. ആ ദർശനഫലമായി എന്നിൽ വാക്ക് (സാഹിത്യം)
ജനിക്കുന്നു. എന്റെ പ്രപഞ്ചം വികസ്വരമായിട്ട് അതി
ത്തിലൊക്കെ അതിരുമായി നിലകൊള്ളുമ്പോഴാണ് അത് മാനവ
വംശത്തിന്റെ മുഴുവൻ ദർശനത്തെ സമഗ്രമായി ഉൾക്കൊണ്ട്
~~[illegible]~~ വാക്കായി മാറുന്നത്. മനസ്സ് കൂടുതൽ ഏകാഗ്രമാ
കുമ്പോഴാണ് ~~[illegible]~~ ദർശനത്തിന് കൂടുതൽ കൂടുതൽ വിശാല
വും വികസ്വരവുമാകാൻ കഴിയുന്നത് എന്ന് ഉറപ്പിച്ചു പറയാ
നാവും.

എന്റെ ബോധകേന്ദ്രീകരണവും, പ്രപഞ്ചത്തിലാകെ വിമു
ക്തമായി വ്യാപിക്കുന്നമായി 'ഋഗ്വേദ' ആയ ഉഭയ
ഭാരതിയാണ് എന്റെ സാഹിത്യവും ദർശനവും. അവിടെ
ശാന്തിയും ലക്ഷ്യം ഒന്നാണ്; അവിടെ എല്ലാ ഭാഷകൾക്കും,
എല്ലാ ദേശങ്ങൾക്കും, സർവ്വ ദേശകാലങ്ങൾക്കും, സർവ്വമത
ങ്ങൾക്കും ഒന്നാവാൻ കഴിയും. ~~[illegible]~~ അവിടെ.
" എല്ലാറ്റിന്റെയും മാധുര്യം ഒന്നുതന്നെ. അത്രയേറെയുമന്റെ
ഇതിലാണ് ഉറപ്പിക്കുക" എന്ന ഉപനിഷദ്വാക്യത്തിലെ
അഭിപ്രായമാണ് ഭാരതമനുഷ്യർക്കും പ്രയോജനമായത്.

എന്റെ സാഹിത്യം എന്റേതല്ല. പ്രപഞ്ചത്തിന്റെ മുഴുവൻ സാഹിത്യമാണ്. എന്റെ ദർശനം എന്റേതല്ല. പ്രപഞ്ചത്തിന്റെ മുഴുവൻ ദർശനമാണ്. എന്റെ സൃഷ്ടികളായ മാനവവംശത്തിന്റെ മുഴുവൻ ദർശനം - അവരുടെ ബോധപ്രകാശം എന്റെ ബോധപ്രകാശത്തിന്റെ പ്രിസത്തിലൂടെ കടന്ന് വരും പലതരത്തിലുള്ള ബോധപ്രകാശത്തിലേക്ക് പ്രസരിക്കുന്നത് ഞാൻ ദർശിക്കുന്നു. ആ ദർശനം എന്നെക്കൊണ്ട്, ചിലത് പാടിക്കുന്നു; ചിലത് കുത്തിക്കുറിപ്പിക്കുന്നു. അതിന് 'എന്റെ സാഹിത്യ'മെന്ന ലേബലിൽ പ്രചരിപ്പാലും ഇല്ലെങ്കിലും അത് എന്റെ സൃഷ്ടികളുടെ സാഹിത്യത്തിന്റെ ഉദ്ധരണി മാത്രമാണ്. അതിൽനിന്നും ഒരാശയവും സ്വീകരിക്കാത്ത 'ഒറിജിനൽ ജീനിയസ്സാണ്' ഞാനെന്നും, എന്റെ ജീനിയസ്സ് മറ്റാർക്കും ഉണ്ടായിരിക്കയില്ലെന്നും വൃഥാ അഹങ്കരിക്കാൻ അതിനാൽ ഞാൻ മെനക്കെടുന്നില്ല.

കാലത്തിന്റെ ഇടനാഴിയിൽ.

ചരിത്രകാരന്മാർ കാലത്തിൽ ഇന്ന മുഹൂർത്തത്തിൽ ഇന്ന വർഷത്തിൽ ഇന്നത് സംഭവിച്ചു എന്ന് രേഖപ്പെടുത്തുന്നു. സമൂഹശാസ്ത്രജ്ഞർ അതാത് കാലഘട്ടത്തിൽ അതാത് സംഭവങ്ങൾ എന്തുകൊണ്ട്, എങ്ങനെ സംഭവിച്ചു എന്ന് വിലയിരുത്തുന്നു. കുട്ടിയുടേയോ വസ്ത്രത്തിന്റേയോ അളവുകൾ മാറുമ്പോലെ, ജീർണ്ണവസ്ത്രം മാറ്റി പുതിയതൊന്ന് ധരിക്കുമ്പോലെ ഓരോ കാലത്തിലും ഓരോ ചരിത്രകാരനും ശാസ്ത്രജ്ഞനും മാറ്റി മാറ്റി സൃഷ്ടിക്കുന്ന "ചരിത്ര" കാലത്തിനപ്പുറത്ത് കാലത്തിനു തന്നെ ഒരു ചരിത്രമുണ്ട്. ഒരു ചരിത്രകാരനും ഒരു ദിശയിലും ചലിപ്പിക്കാനാവാത്ത ഒന്ന്... കലണ്ടറുകൾക്കും പഞ്ചാംഗങ്ങൾക്കും അപ്പുറം പോകുന്ന ഒന്ന്...

ഒരു മഹദ് വ്യക്തിയുടെ ജനനമെന്ന സംഭവത്തിന്റെ ഇത്രാം വാർഷികം എന്ന ചരിത്രപരമായ പ്രാധാന്യത്തിനപ്പുറത്തുള്ള യുഗ, കല്പാദികളിലേക്ക്... ഓരോ ജനനവും "സംഭവാമി യുഗേയുഗേ" എന്ന് ആത്മാവിന്റെ ഒരു പുനരഭിവ്യക്തി മാത്രമാകയാൽ ഒരു 'steady state' ലേക്ക് ഭാഗങ്ങൾ വികസിക്കുന്ന ദിശകളിലേക്ക്... അവിടേക്കു പ്രവേശിക്കാൻ പത്തൊമ്പതും ഇരുപതും നൂറ്റാണ്ടിന്റെ ഇടനാഴികൾ കടക്കണം- പത്തൊമ്പതാം നൂറ്റാണ്ട്- "ചരിത്രത്തിന്റെ നൂറ്റാണ്ട്" എന്നു വിളിക്കപ്പെട്ട കാലം- ഹെഗലും കോംതെയും ഡാർവിനും മാർക്സും സ്പെൻസറും ഒക്കെ ഉച്ചൈസ്തരം വിളിച്ചു പറയുന്നു- തത്വശാസ്ത്രവും രാഷ്ട്രവും, സാമൂഹ്യവ്യവസ്ഥിതിയും ജീവികളും അവയുടെ ഇന്നത്തെ രൂപം പ്രാപിച്ചത് കാലത്തിലൂടെയായ അവയുടെ പുരോഗമനാത്മകമായ മാറ്റം കൊണ്ടാണെന്ന്- പക്ഷെ, അവരാരും ന്യൂട്ടന്റെ നൈരന്തര്യമുള്ള ക്ലാസിക്കൽ കാലത്തെ ചോദ്യം ചെയ്തില്ല. പുരോഗതി/അധോഗതി, വികാസം/സങ്കോചം, ഇവയെക്കുറിച്ചൊക്കെ അവർക്കു വ്യക്തമായ ധാരണകളുണ്ട്. പക്ഷെ, രേഖീയമായ "ചരിത്ര" കാലത്തെ മാത്രം അവർ പുനർവിചിന്തനത്തിന് പാത്രമാക്കുന്നില്ല. അവർക്ക് കാലം

കലണ്ടറിലേയും ക്ലോക്കിലേയും രേഖപ്പെടുത്തിയ ചരിത്രസാക്ഷ്യപത്രങ്ങളിലേയും കാലമാണ്.— അളക്കാവുന്ന, ഹരിക്കാവുന്ന, "വസ്തുനിഷ്ഠ" മായ കാലം— "ശാസ്ത്രീയ" മാകയാൽ "സത്യ" മായ അവരുടെ കാലം ചരിത്രത്തിന്റെ കാലമാണ്. അളക്കാനും ഹരിക്കാനും ആവാത്തതൊന്നും ശാസ്ത്രീയമല്ലാത്ത പത്തൊമ്പതാം നൂറ്റാണ്ടിന്, അളക്കാനും ഹരിക്കാനും ആവാത്ത ചരിത്രാതീതമായ കാലം ഒരു നുണയോ അന്ധവിശ്വാസമോ ആയി.. ചരിത്രം അളക്കുന്ന കാലം പിന്നോട്ടാണ്. മനുഷ്യർ ജീവിക്കുന്ന കാലം മുന്നോട്ടാണ്. ജീവിതകാലത്തിന്റെ ദിശയെ ചരിത്രകാലവും ശാസ്ത്രകാലവും 180 ഡിഗ്രി മാറ്റുന്നു. ഇത് അളക്കുന്നതിനാണ്. (പ്രാചീന കേരളത്തിലെ അദ്വൈതവാദികൾ എന്ന നൈയായികന്മാരുടെ പദ്ധതിയും ഇതായിരുന്നു).

ഒന്ന് കഴിഞ്ഞ് ഒന്ന് എന്ന പിൻതുടർച്ചയായ സംഭവശ്രേണിയാണ് ചരിത്രം. പക്ഷെ, നിരവധി സംഭവങ്ങൾ ഒന്നിച്ചു സംഭവിക്കുന്ന (simultaneous) ഒന്നാണ് കാലം. കാലത്തിൽ നിരവധി സംഭവങ്ങൾ ഒന്നിച്ചു നടക്കുന്നതിനാൽ, നിരവധി ചരിത്രങ്ങൾ ഒന്നിച്ച് അടങ്ങിയിരിക്കുന്നു. കഴിഞ്ഞതിനെ പറ്റിയുള്ള ചിന്തയോ, വർത്തമാനത്തിൽ ഉള്ള ധർമ്മ തെരഞ്ഞെടുപ്പോ ഉത്തരവാദിത്തമോ, ഭാവിയിൽ വരാനുള്ള നല്ലതിനെ പറ്റിയുള്ള പ്രതീക്ഷയോ ശാസ്ത്രത്തിലില്ല.— ഒരു മനുഷ്യന്റെ ജീവിതകാലത്തിനോ ഒരു രാഷ്ട്രത്തിന്റെയോ ഗ്രഹത്തിന്റെയോ സൗരയൂഥത്തിന്റെയോ ജീവിതകാലത്തിനോ ആദിയും അന്തവും വേണം. പക്ഷെ കാലത്തിന്, ജീവിതകാലത്തിന് ആദിയും അന്തവും ഇല്ല. എങ്കിലും ആ കാലത്തിലാണ് ഭൂതകാലത്തെ പറ്റിയുള്ള നോസ്റ്റാൾജിയയും, വർത്തമാനകാലത്തിന്റെ ഉത്തരവാദിത്തങ്ങളും, നല്ല ഭാവിയുടെ പ്രതീക്ഷകളുമായി, ആദിയും അന്തവുമുള്ള അനുഭവങ്ങളുമായി, ജീവജാലങ്ങളും, ജനതയും ജീവിക്കുന്ന

ത്; "പ്രദർശിപ്പിക്കുന്നത്".

മനുഷ്യൻ ജീവിക്കുന്ന കാലം — ഇരുപതാം നൂറ്റാണ്ടി
ലെ ചിന്തകരും സൗന്ദര്യശാസ്ത്രജ്ഞരും, മനശ്ശാസ്ത്രജ്ഞരും
~~നാം~~ "ജീവിക്കുന്ന കാല"ത്തെക്കുറിച്ചുള്ള നമ്മുടെ ചിന്തയെ മാറ്റി
മറിച്ചു. ഫ്രഞ്ച് ഫിലോസഫർ ഹെൻറി ബെർഗ്സൺ ശാസ്ത്രത്തി
ന്റെ കാലസങ്കല്പത്തെ വെല്ലുവിളിച്ചു. രണ്ടു വിധത്തിലാണ് കാല
മെന്ന് അദ്ദേഹം സമർത്ഥിച്ചു. കാലത്തെ ദേശവത്കരിക്കുന്ന
ശാസ്ത്രജ്ഞരുടെ കാലം യഥാർത്ഥ കാലത്തിന്റെ ഒരു വൈകൃതം
ആണ് എന്നും ഓരോ വ്യക്തിക്കും ഒരു ആന്തരികകാലം
(വൈയക്തികം) ഉണ്ട് എന്നും ഉൾവിളി (intuition) കൊണ്ട് വ്യക്തി
അറിയുന്ന ആ കാലമാണ് യഥാർത്ഥമെന്നും അദ്ദേഹം
കരുതി. അത് നാം അനുഭവിക്കുന്ന, ഒരു ഭാഷയിലും വർണ്ണി
ക്കാനാവാത്ത കാലം. അതിനെ വർണ്ണിക്കാൻ ശ്രമിക്കുമ്പോൾ
അതിന്റെ സ്വഭാവം (Private nature) നഷ്ടപ്പെടുന്നു. അള
ക്കാൻ ശ്രമിക്കുമ്പോൾ അതിന് Spatial സ്വഭാവം വരുന്നു.
അതിന്റെ അന്തഃസത്ത ചോരുന്നു. (Bastardizes its
essential nature എന്ന് ബെർഗ്സന്റെ വാക്ക്.) ഒരു
വ്യക്തി ആ വ്യക്തിയുടെ ഏകാന്തവും മനോഹരവും ഘോരവും
ഉദാത്തവുമായ അനുഭവങ്ങളെ ആത്മകഥാരൂപത്തിൽ
ഭദ്രമായി അളന്ന് വർണ്ണിക്കുമ്പോൾ ഈ ഒരു ദുര്യോഗം
സംഭവിക്കാതെ വയ്യ. പ്രൈവറ്റ് കാലത്തെ (അനുഭൂതി
യുടെ കാലം) പബ്ലിക്ക് കാലം ആക്കുന്നതിനുള്ള ശ്രമം
എപ്പോഴും അതിന്റെ മഹിമയെ കുറയ്ക്കുന്നു.

ബെർഗ്സൺ.

ദേശം (space)	കാലം (Time)
objective	subjective
static	dynamic
divisible.	Indivisible
Quantitative	Qualitative.

ക്ലോക്കുകളോ, വാച്ചുകളോ, അളക്കാനും ഹരിക്കാനും കണക്കാക്കാനും, വിഭജിക്കാനും സാധിക്കുന്ന ഭൗതിക, ആകൃതികളെ മാറുന്ന എല്ലാ പ്രക്രിയകളും 'ദേശ'ത്തെയാണ് കാലത്തെയല്ല സൂചിപ്പിക്കുന്നത്. അതുകൊണ്ട് യഥാർത്ഥ ത്രികാലജ്ഞാനിയായ ഋഷി ഒരു 'ഓട്ടോബയോഗ്രഫി' എഴുതുന്നില്ല. കാലത്തെ കടന്നു നിൽക്കുന്ന ആത്മാവിന് ദേശം, രൂപം, നാമം എന്നിവയാൽ ബന്ധിതമായ പ്രവൃത്തി വേണമെന്നില്ലാതാവുന്നു. (വേദത്തിലെ ഋഷിമാരെപ്പോലെ)-

പബ്ലിക് ടൈം എന്ന് ബർഗ്സൺ വിളിച്ച ചരിത്രകാലത്തിൽനിന്ന് സ്വാതന്ത്ര്യം നേടിക്കൊണ്ട് ഒരു പ്രൈവറ്റ് ടൈം അനുഭവിക്കാൻ ഒരു വ്യക്തിക്കും സാധിക്കില്ല. അമ്മയുടെ ഗർഭത്തിലിരിക്കുന്ന ശിശുവിന്റെ അനുഭവ പ്രപഞ്ചത്തിൽ പോലും താനിരിക്കുന്ന ക്ഷേത്രത്തിന്റെ (environ-ment) അനുഭവബോധം പ്രകാശിക്കുന്നു. അമ്മയുടെ ഹൃദയമിടിപ്പിന്റെ താളം അതിന്റെ ബോധത്തിലുണ്ട്. (അതുകൊണ്ടാണ്, അമ്മ മാറോട് ചേർത്തു പിടിച്ചാൽ ശിശു സുഖമായി സ്വസ്ഥതയായി ഉറങ്ങുന്നത്) എലിയാദ് ദെർക്കീം പ്രാചീന ജനസമൂഹങ്ങളുടെ കാലാനുഭവത്തെ പഠിക്കുന്നത് അതുകൊണ്ടാണ്. ഓരോ പ്രാചീന ജനസമൂഹവും

ങ്ങൾക്കുമുണ്ട് അവരുടേതായ ഒരു ക്ഷേത്രവും (environment)
അതിന്റെ കാലവും അതിനോട് ബന്ധപ്പെട്ട ക്ഷേത്രകലകളും.
ജീവിതത്തിന്റെ നൈരന്തര്യം, ഗ്രഹനക്ഷത്രാദികളുടെ ചലനം,
ഋതുഭേദങ്ങളുമായി ബന്ധപ്പെട്ട ജീവിതചര്യകൾ,
ഉത്സവങ്ങൾക്ക് ഋതുക്കളോടുള്ള പാരസ്പര്യം,
തങ്ങളുടെ പിതൃക്കളെക്കുറിച്ച് അവർക്കുള്ള ഐതിഹ്യങ്ങൾ,
പുരാവൃത്തങ്ങൾ, ചരിത്രസംബന്ധിയായി അവർക്കുള്ള ചാക്രി
കബോധം എന്നിവയെ വിക്ടോറിയൻ സോഷ്യോളജിയുടേയും
ആന്ത്രോപ്പോളജിയുടേയും വെളിച്ചത്തിൽ പഠിച്ച എമിലി
ദെർക്കീം കാലത്തിന്റെ സാമൂഹ്യ ആപേക്ഷികതയെ ഗ്രഹിച്ചു.
1912ൽ പുറത്തിറങ്ങിയ Elementary forms of the
Religious life ൽ അതുണ്ടാവുന്ന ശാസ്ത്രത്തിന്റെ കാലം
എങ്ങനെ ഉത്സവങ്ങളും ആചാരങ്ങളും മറ്റ് മതാനുഷ്ഠാന
ങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ദെർക്കീം വ്യക്തമാക്കി.
ഓരോ ജനതയും അവരവരുടെ പ്രദേശത്ത് അവരവരുടെ
പൂർവ്വികരുടെ അനുഭവങ്ങൾക്കനുസൃതമായി, ഋതുക്കൾക്ക്
അനുസൃതമായി, തങ്ങളുടെ ജീവിതത്തെ കാലത്തിൽ ക്രമീ
കരിക്കുന്നു. കാലത്തിന്റെ താളം (ഋതുവിന്റെ താളം)
അവരുടെ അനുഷ്ഠാനതാളമായിത്തീരുന്നു. അങ്ങനെ,
ഒരു പഞ്ചാംഗം (കലണ്ടർ) ഒരു ജനതയുടെ മുഴുവൻ
ജീവിതത്തിന്റെ താളത്തെ തന്നെ പ്രതിഫലിപ്പിക്കുന്നു.
അതോടൊപ്പം ആ താളത്തിന്റെ ക്രമബദ്ധത ഉറപ്പുവരുത്തു
കയും ചെയ്യുന്നു. ദെർക്കീമിന്റെ ഈ നിഗമനത്തിന്റെ
വെളിച്ചത്തിലാണ് ലോകത്തിലെ ഏറ്റവും പ്രാചീന ജനസമൂ
ദായങ്ങളിലൊന്നായ ഭാരതത്തിലെ ജനങ്ങളുടെ ആചാരാനു

പുരാണങ്ങളെ വിലയിരുത്തേണ്ടത്: ([illegible])

അഞ്ച് സൈക്കോഅനലിറ്റിക് കാലക്രമങ്ങൾ

വർഷം- 1900 ൽ-- ഫ്രോയിഡിന്റെ The Interpretation of Dreams ന്റെ ജനനം. 1920-- ഉപബോധമനസ്സിലെ ക്രിയകൾക്ക് കാലാതീതമായ സ്വഭാവമുണ്ടെന്നും, കാലം മാറുമ്പോഴും അവ മാറാതെ നിൽക്കുന്നത് ഈ സ്വഭാവം കൊണ്ടാണെന്നും ഫ്രോയിഡ് സിദ്ധാന്തിക്കുന്നു.

ഫ്രോയിഡിന്റെ ക്ലിനിക്കൽ തിയറിയിൽ അഞ്ചു വിധത്തിലാണ് കാലം. 1) രോഗിയുടെ ജീവിതത്തിൽ നടന്ന സംഭവങ്ങൾ കാലാനുസൃതമായി (chronological order) ക്രമത്തിൽ അടുക്കുന്നത്
2) ആ സംഭവങ്ങൾ പിന്നീട് രോഗകാരണമായിത്തീരുന്ന ക്രമം
3) രോഗി ആ സംഭവങ്ങൾ സൈക്കോഅനലിസ്റ്റിന് വിവരിച്ചുകൊടുക്കുന്ന ക്രമം.
4) ചികിത്സാവേളയിൽ രോഗി അവയോട് പ്രതികരിക്കുന്ന ക്രമം
5 അവയെ "കേസ് ഹിസ്റ്ററി"യിൽ സൈക്കോഅനലിസ്റ്റ് അടുക്കുന്ന ക്രമം. (ഇവയിൽ ആദ്യത്തെ രണ്ടെണ്ണം നിശിതമായ വിമർശനത്തിന് പാത്രമായിരിക്കുന്നു. വിയന്നയിലെ അമ്മമാർ തങ്ങളുടെ കൊച്ചുപെൺമക്കളെ വാത്സല്യപൂർവ്വം ലാളിച്ചത്, "ഇൻസെസ്റ്റ്" ഭാവുകത്വമായി പിൽക്കാലത്ത് കേട്ടറിഞ്ഞ മകൾ തെറ്റി വ്യാഖ്യാനിച്ചതിന്റെ സാദ്ധ്യത ഒട്ടേറെ പേർ ചൂണ്ടിക്കാട്ടുന്നുണ്ട്.)
ക്ലിനിക്കൽ തിയറിയിലെ "രോഗി"യുടെ കേസ്ചരിത്രത്തിലെ കാലത്തെക്കുറിച്ചല്ല, ഇവിടെ പരാമർശമെന്നതിനാൽ ഇത് വിവരിക്കുന്നില്ല.

ഫ്രാൻസിലെ യൂജിൻ മിൻകൊവ്സ്കി ഫ്രോയിഡിന്റെ സൈക്കോ അനലിറ്റിക്കൽ തിയറിയെ ചോദ്യം ചെയ്തവരിൽ ഒരാളാണ്. ഭൂതകാലത്തിൽ നിന്ന് വിട്ടുപോരികയും, ഭാവിയിൽ ഒരു മാറ്റവും പ്രതീക്ഷിക്കാനില്ലാതാവുകയും ചെയ്ത അവസ്ഥയിൽ ചില രോഗികളിൽ ഉണ്ടാവുന്ന "പാരനോയിയ" യെ അദ്ദേഹം വിശദമാക്കി. നമുക്കെല്ലാവർക്കുമുണ്ട് മനപ്രയാസങ്ങളുടേതായ ചില മുഹൂർത്തങ്ങൾ. അനുഭവങ്ങളിൽ ഇത്തരം സന്ദർഭങ്ങളെ സ്റ്റബിലൈസ് ചെയ്യാൻ, തരണം ചെയ്യാൻ നാം പ്രാപ്തരാണ്. അത്തരം സ്റ്റബിലൈസേഷൻ നടക്കാതെ വരുമ്പോൾ, വർത്തമാനകാലത്തിന്റെ ഓരോ ഭയപ്പെടുത്തുന്ന മുഹൂർത്തവും രോഗിലോകത്തിന്റെ സ്വഭാവമായി മാറുന്നു. ലോകം തന്നെ വധിക്കാൻ, നശിപ്പിക്കാൻ പദ്ധതിയിടുകയാണെന്ന് രോഗി കരുതുന്നു. സ്നേഹിതന്മാരോടും ബന്ധുക്കളോടും, പരിചിതരോടും ഒക്കെ രോഗിക്ക് അവിശ്വാസമാണ്. മിൻകൊവ്സ്കിയുടെ അഭിപ്രായത്തിൽ "ഭാവി"യിൽ നിന്ന് രോഗിയെ തടഞ്ഞുനിർത്തുന്നത് അടക്കാനാവാത്ത കുറ്റബോധമാണ്. അവിശ്വാസത്തിന്റെ 'പാരനോയിയ' ആ കുറ്റബോധത്തെ വർദ്ധിപ്പിക്കുന്നു. സാധാരണ മനുഷ്യർ ഭാവിയിൽ താൻ ചെയ്യാവുന്ന സത്കർമ്മങ്ങളാൽ, അറിഞ്ഞോ അറിയാതെയോ ചെയ്ത ദുഷ്കർമ്മങ്ങൾ പരിഹരിക്കപ്പെടുമെന്ന ശുഭാപ്തി വിശ്വാസത്തോടെ ജീവിക്കുമ്പോൾ, ഓരോ പാപങ്ങളും ബോധത്തിലും ഉപബോധത്തിലും ആഴത്തിൽ കുറിച്ചിട്ട രോഗി, കുറ്റബോധം പെരുകിപ്പെരുകി, താൻ വാക്കുകൊണ്ടോ പ്രവൃത്തി കൊണ്ടോ ദ്രോഹിച്ചവരൊക്കെ തന്നെ നശിപ്പിക്കുമെന്ന ഭയത്തോടെ, ഭീതിയെ ഭയന്നും, ഭീതിയെ മോഹിച്ചും കഴിയുന്നു.

മനുഷ്യർ കാലത്തെ ക്ഷണികമായും (ബുദ്ധിസ്റ്റുകളിൽ ഒരു വിഭാഗം) നിരന്തരമായും അനുഭവിക്കുന്നതെങ്ങനെ, വേഗമായും മന്ദമായും അനുഭവിക്കുന്നതെങ്ങനെ, ക്രമമായും തരംഗമായും അറിയുന്നതെങ്ങനെ, മുമ്പിലേക്കും പിന്നിലേക്കുമുള്ള ചലനമായി അനുഭവിക്കുന്നതെങ്ങനെ, വർത്തമാനത്തെ ശൂന്യമായും പൂർണ്ണമായും അറിഞ്ഞ് ഉൾക്കൊള്ളുന്നതെങ്ങനെ ഭൂതകാല ചിന്തകളിലേക്കുള്ള സഞ്ചാരമായിരുന്നു ഹിൻക്കൊന്റ് ഷ്ക്ലിയുടേത്. ഇതിനുള്ള അടിത്തറ പാകിയത് ഹൈഡ്ഗർ ആണ്.

മനുഷ്യന്റെ അസ്തിത്വത്തെ അപഗ്രഥിക്കാൻ 1927ൽ ഹൈഡഗർ Being and Time എന്ന ഗ്രന്ഥം രചിച്ചു. ഭൂതം, വർത്തമാനം, ഭാവി എന്നിവ ഒപ്പം, പരസ്പരം ഉൾപ്പെടുമ്പോലെ ചേർന്നുകൊണ്ട് ഒരാളിൽ തന്നെ അന്തർലീനമാകുന്നു. ഈ സിദ്ധാന്തം നേർരേഖയിൽ സഞ്ചരിക്കുന്നതും വിഭാജ്യവുമായ ത്രികാലങ്ങൾ എന്നതില്ലെന്ന സത്യം പുറത്തുകൊണ്ടുവന്നു. ഭൂതം വർത്തമാനവും, വർത്തമാനം ഭാവിയും, ഭാവി ഭൂതവുമായി സമ്മേളിക്കുന്ന ഒരു ഘടനയാണ് കാലാതീതമായ കാലം.

വർത്തമാനം ഭൂതത്തിന്റെ നൊസ്റ്റാൾജിയകളിൽ നിന്നാണ് സൃഷ്ടിക്കപ്പെടുന്നത്. ഫ്രഞ്ച് നോവലിസ്റ്റ് മാർസൽ പ്രൂസ്റ്റ് പറഞ്ഞതുപോലെ, നാം അറിയാതെ തന്നെ ഓർമ്മയുടെ മിന്നൽ പ്രകാശമായി നമ്മുടെ ഭൂതകാലം നമ്മിൽ ഉദിക്കുന്നു; ആ പ്രകാശങ്ങളുടെ നിമിഷങ്ങളാണ് സത്യവും യഥാർത്ഥവുമായ ആനന്ദത്തിന്റെയും സൗന്ദര്യത്തിന്റെയും കലാപരമായ പ്രയോജനത്തിന്റെയും ഒരേ ഉദ്യാനം. ഭൂതകാലത്തിന്റെ ആ പ്രകാശത്തെ തടഞ്ഞു നിർത്താൻ ശ്രമിക്കുന്ന ഈ വിഭ്രമമാണ്; ഒരുതരം 'പാരനോയിയ' യാണ്.

വ്യക്തികളുടെ ഭൂതകാലം, ഈ അർത്ഥത്തിലാണ് മനോഹര
മായ ഓട്ടോബയോഗ്രഫികളുണ്ടാവുന്നത്. കലാകാരന്മാരുടെ
ഓട്ടോബയോഗ്രഫിയിൽ നിന്ന് ശാസ്ത്രജ്ഞർക്ക് തത്ത്വചിന്താപര
മായും, മനശ്ശാസ്ത്രപരമായും ഒട്ടേറെ കാര്യങ്ങൾ അനലൈസ്
ചെയ്യാനാവും. ഒരുപക്ഷെ, അവയാവും ഒരു സമൂഹത്തിന്റെ
ചരിത്രത്തെയും, അതിലെ രോഗാതുരമായ വ്യക്തിസ്വഭാവങ്ങ
ളെയും നമുക്ക് കൂടുതൽ പരിചയപ്പെടുത്തുന്ന രേഖ.

വിദൂരമായ ഏതോ ഭൂതകാലത്ത് ഏതോ യാദൃച്ഛി
കമായി നിർമ്മിക്കപ്പെട്ട ചട്ടക്കൂട്ടിൽ തങ്ങളുടെ ജീവിതവും
കലയും തങ്ങളിലൂടെ ഏന്ന് വരുത്തുന്നവർക്ക് നിർബന്ധമുണ്ട്
അതുകൊണ്ട് അവർ വ്യക്തികളുടെ ജീവിതമെന്ന ചരിത്ര
കാലത്തേക്കാൾ സ്വാതന്ത്ര്യത്തിന്റെ വക്താക്കളുടെ സ്വജീവിത
ചരിത്രത്തിന് പ്രാധാന്യം കൊടുക്കുന്നു. സ്വന്തം ഭൂതകാലം
തങ്ങളുടെ വാശിക്കും മനസ്സിനും ബുദ്ധിക്കും നിയന്ത്രിക്കാവുന്ന
ഒന്നാണെന്നത് ഇതിനൊരു കാരണമായി ചൂണ്ടിക്കാണിക്ക
പ്പെടുന്നു. ഒരു ജനതയുടെ ചരിത്രത്തിനോ ഭൂതകാലത്തി
നോ ഒരു വ്യക്തി ഉത്തരവാദിയല്ല. പക്ഷെ അവന
വന്റെ ഭൂതകാലകർമ്മങ്ങളുടെ ഉത്തരവാദിത്തം ഓരോ
വ്യക്തിക്കുമുണ്ട്. ആ ഉത്തരവാദിത്തം കൊണ്ടാണ്
ഒരാൾ അവനവന്റെ ഭൂതകാലത്തെ ഗ്രഹിക്കുകയും വർത്ത
മാനകാലത്തെ നിയന്ത്രിക്കുകയും, നല്ല ഭാവിയെ
കെട്ടിപ്പടുക്കുകയും ചെയ്യുന്നത്. ഈ ഉത്തരവാദിത്തം
വ്യക്തികൾ അനായാസേന തീരു എന്ന് താന്താങ്ങളുടെ ഭാഷയിലും
രീതിയിലും ബെർഗ്സണും ക്രൂഷിയും മിൻകൊവ്സ്കിയും
ഹൈഡഗറും പ്രൗസ്റ്റും ഒക്കെ സമർത്ഥിച്ചു. ഈ ചിന്തകർ

ഇത്രകാലം നമ്മുടെ ഭാഷാകോശത്തിലും, സ്വപ്നത്തിലും, മനോരോഗത്തിലും, മനോവ്യാപാരങ്ങളിലും, ഭാഷകളിലും, ജ്ഞാനബോധത്തിലും, പിതാവിനെക്കുറിച്ചുള്ള ഭയത്തിലും, ഈശ്വരനെക്കുറിച്ചുള്ള സ്നേഹത്തിലും, സൗന്ദര്യബോധത്തിലും, കലാസൃഷ്ടിയിലും, അന്ധവിശ്വാസത്തിലും ഒക്കെ എങ്ങനെ നിരന്തരം നിറഞ്ഞു നിൽക്കുന്നു എന്ന അറിവിനെ വിപുലമാക്കാൻ നമ്മെ സഹായിച്ചു.

1876ൽ ടെലിഫോൺ വന്നു. വിദ്യുത്സംവിധാനംകൊണ്ട് ദേശങ്ങൾ തമ്മിലുള്ള ദൂരം കുറഞ്ഞു. ഇന്ന് സൈബർനെറ്റിക്സും ടെലിവിഷനും ഇന്റർനെറ്റും വന്നുകഴിഞ്ഞു. കാലദേശങ്ങളെ ഉല്ലംഘിക്കുംവിധം സംവേദനക്ഷമത ലോകം ആർജ്ജിക്കുകയാണ്. ഈ യുഗത്തിൽ, കാലദേശാതീതമായ സംവേദനക്ഷമതയെ "ചെകുത്താ"നായി ഭയപ്പെടുന്ന യാഥാസ്ഥിതികരായിട്ടാണ് എഴുത്തുകാരും, കലാകാരന്മാരും ഒക്കെ കാണപ്പെടുന്നത്. ഒരു ഡോക്ടർ (ശാസ്ത്രജ്ഞ ആയ ഞാൻ അതിനെ ഭയപ്പെടുന്നില്ല. കമ്പ്യൂട്ടർ ഉപയോഗിച്ചാൽ കവിത ഇല്ലാതാവുമെന്ന ഭയം അസ്ഥാനത്താണ്. ആരാണ് യജമാനൻ — എന്റെ ആത്മാവോ, കമ്പ്യൂട്ടറോ —? ആ കാര്യത്തിൽ എനിക്ക് തീർച്ച ഉള്ള കാലത്തോളം എനിക്ക് ഭയത്തിനവകാശമില്ല. എന്നുതന്നെയല്ല, ഒട്ടനവധി ഉത്തരവാദിത്തങ്ങളുള്ള ഒരാൾക്ക്, കവിത മനസ്സിൽ ഉണ്ടെങ്കിലും എഴുതാൻ സമയമില്ലാത്ത അവസ്ഥയാണ്. കമ്പ്യൂട്ടർ ഈ സമയക്കുറവ് പരിഹരിക്കുന്നു. പ്രപഞ്ചം മുഴുവൻ ഈശ്വരചൈതന്യമാണ് നിറഞ്ഞുനിൽക്കുന്നത്. എന്റെ മുമ്പിലിരിക്കുന്ന, എന്നെ സഹായിക്കുന്ന, ഈ യന്ത്രം കമ്പ്യൂട്ടറിൽ മാത്രം ഒരു 'ചെകുത്താനാ'ണെന്ന് ഏത് ഉന്നതരായ സാഹിത്യകാരന്മാരും കവികളും കൂടി പറഞ്ഞാലും ഞാൻ അത് വിലവെയ്ക്കുകയില്ല. ഞാൻ കാലത്തോടൊപ്പം മുന്നോട്ടു ഗമിക്കുന്നു.

ഞാൻ എന്റെ കൃതികളെ ഒന്നും പുരാതനമായിത്തീരുന്ന കാലത്തിന്റെ താളുകളിലേക്ക് പിന്നോട്ടു സഞ്ചരിക്കുന്നു. അവയിലെ സത്യവും സുന്ദരവുമായ പ്രകാശത്തിന്റെ തണലിൽ, ഇന്നിൽ ജീവിച്ചുകൊണ്ട്, നാളെയിലേക്കാണ് സഞ്ചരിക്കുന്നു. എനിക്ക് ഭൂതവും വർത്തമാനവും ഭാവിയും ഒന്ന്. ([illegible])

Time is a brisk wind, for each hour it brings something new... but who can understand & measure its sharp breath, its mystery and its design? Therefore, the physician must not think of himself too important; for over him there is a master — time — which plays with him as the cat with the mouse. (പാരസെൽസസ്.)

പ്രാണവായുപോലെ അനുനിമിഷം പുതിയ വിജ്ഞാനവും പുതിയ സംഗീതവുമായെത്തുന്ന കാലം.. അതിനെ ആർക്ക് ഗ്രഹിക്കാം? ആര് അതിന്റെ നിശ്വാസവും രഹസ്യവും ശൈലിയും അളക്കാം? അതുകൊണ്ട് വൈദ്യൻ അവനവൻ വളരെ പ്രാധാന്യമുള്ളവനാണെന്ന് വിചാരിക്കരുത്. വൈദ്യനുപരി ഒരു യജമാനനുണ്ട് - കാലം. പൂച്ച എലിയോടു കളിക്കുമ്പോലെ അവനോടു കളിക്കുന്ന കാലം..

യന്ത്രങ്ങളുടെ യജമാനൻ മനുഷ്യൻ - മനുഷ്യന്റെ യജമാനൻ കാലം — ആ കാലദേവനായ ഗുരുവിന്റെ ഈ [illegible] എന്റെ നമിക്കുന്ന ശിരസ്സ്--- ഓം ശാന്തി ശാന്തി!

ഞാൻ എന്റെ സൃഷ്ടികളെ ഏറ്റവും പുരാതനമായ ഭൂതകാലത്തിന്റെ താളുകളിലേക്ക് പിന്നോട്ട് സമർപ്പിക്കുന്നു. അവയിലെ സത്യവും സുന്ദരവുമായ പ്രകാശത്തിന്റെ തണലിൽ, ഇന്നിൽ ജീവിച്ചുകൊണ്ട്, നാളെയിലേക്കാണ് സഞ്ചരിക്കുന്നു. എനിക്ക് ഭൂതവും വർത്തമാനവും ഭാവിയും ഒന്ന്. ([illegible])

Time is a brisk wind, for each hour it brings something new... but who can understand & measure its sharp breath, its mystery and its design? Therefore, the physician must not think of himself too important; for over him there is a master — time — which plays with him as the cat with the mouse. (പാരസെൽസസ്.)

പ്രാണവായു പോലെ അനിർവചം പുതിയ വിജ്ഞാനവും പുതിയ സംഗീതവുമായെത്തുന്ന കാലം.. അതിനെ ആർക്ക് ഗ്രഹിക്കാം? ആര് അതിന്റെ നിശ്വാസവും രഹസ്യവും ശൈലിയും അളക്കാം? അതുകൊണ്ട് വൈദ്യൻ അവനവൻ വളരെ പ്രാധാന്യമുള്ളവനാണെന്ന് വിചാരിക്കരുത്. വൈദ്യനെ ഭരിക്കുന്ന ഒരു യജമാനനുണ്ട് - കാലം. പൂച്ച എലിയോടു കളിക്കുന്നതു പോലെ അവനോടു കളിക്കുന്ന കാലം..

യന്ത്രങ്ങളുടെ യജമാനൻ മനുഷ്യൻ - മനുഷ്യന്റെ യജമാനൻ കാലം - ആ കാലദേവനായ ഗുരുവിന്റെ ഈ ശ്രീകോവിലിൽ എന്റെ [illegible] യജ്ഞം --- ഓം ശാന്തി ശാന്തി!

കാലത്തിന്റെ സംഗീതവും വൈദ്യവും

കാലത്തെക്കുറിച്ച് മനുഷ്യർ എങ്ങനെ ചിന്തിക്കുന്നു എന്നത് ഒരളവ് അവരുടെ ആരോഗ്യത്തെ ബാധിക്കുന്നു, രോഗിയും വൈദ്യനും തമ്മിൽ കാലത്തെക്കുറിച്ചു ബോധത്തിൽ ഏകതാനത പുലർത്തണമെങ്കിലേ ചികിത്സ ഫലിക്കുമെന്നുറപ്പുണ്ട്. അല്ലാത്ത പക്ഷം ചികിത്സ പരാജയപ്പെടുകയും ചെയ്യാം. ഊവ്വ്'s ന്റെ Annals of Internal Medicine ൽ ഇങ്ങനെ ഒരു നിഗമനം കണ്ടു. ഈ നിഗമനത്തെ ആധാരമാക്കിയാണ് മുൻകാലത്ത് ജ്യോതിഷികൂടിയായ ആയുർവേദവൈദ്യന്റെ പ്രവർത്തനവിജയം എന്ന് കൂടി നമുക്കു കൂടി ഓർക്കാം.

പരമ്പരാഗതമായി കാലം വൃത്താകാരമാണ്. സംഭവങ്ങളും, ആശയങ്ങളും ആ വൃത്തത്തിൽ ആവർത്തിച്ചാവർത്തിച്ച് വരുന്നു. സ്വാഭാവികമായ പ്രകൃതിചക്രത്തെ പ്രകൃതിപ്രതിഭാസങ്ങളായ ഗ്രഹനക്ഷത്രാദികളും ആത്മാക്കളും നിയന്ത്രിക്കുന്നു; പ്രവർത്തിപ്പിക്കുന്നു. അവിടെ ശുദ്ധമായ നാശമോ, മൃതിയോ, നരകമോ ഇല്ല. ഇടയ്ക്കുള്ള ജന്മങ്ങളും അവതാരങ്ങളും മാത്രം. അതിനെ കുറിക്കാൻ [redacted] ചില അപൂർവ്വ കർമ്മങ്ങൾ കൊണ്ടേ സാധിക്കൂ. പരമ്പരാഗതമായ ചാക്രിക കാലത്തിൽ പ്രവാഹം നിരന്തരമാണ്. നഗ്നനേത്രം കൊണ്ട് കാണുന്ന മാറ്റങ്ങൾ ക്ഷണികമാണ്. ശൂന്യതയായി തോന്നുന്നതൊക്കെ ഇനിയും സൃഷ്ടിക്കപ്പെടാം. പുരോഗതിയെന്നൊന്ന് ഈ കാലത്തിൽ വെറും സങ്കല്പമാണ്. നിരന്തരചലനത്തിന്റേതായ ഒരു അചലത്വമേ കാലത്തിലുള്ളൂ.

മധ്യകാല യൂറോപ്പിൽ 'റിനൈസൻസ്' കാലത്ത് ആധുനിക ജനസമൂഹങ്ങളുടെ ഈ ചാക്രിക കാലസ്ഥാനത്ത് നേർരേഖയിലുള്ള കാലവും, അതിൽ വ്യക്തിയുടേയും സമൂഹ

ത്തിന്റെയും മൃദോഷത്തിന്റെയും പ്രതിബിംബമാണ്. രേഖീയമായ കാലത്തിൽ ആദി എന്ന പ്രഭവവും അന്തം എന്ന പ്രളയവും ഉണ്ട്. ~~[illegible] സൃഷ്ടിയാണ്.~~ ആദിമ പഞ്ചാംഗങ്ങൾ കാലമില്ലാത്ത കാലാതീതമായ കാലത്തെയാണ് സങ്കല്പിച്ചിരുന്നത്. കാലത്തെ ഭേദിക്കയും, അളക്കയും, പഞ്ചാംഗം ഗണിക്കുകയും ചെയ്യുന്നത് കാലാതീതവും ശാശ്വതവുമായ നിത്യമായ ഒരാദിമ ഭാഗ്യമാണ്.

മനുഷ്യജീവിതം സൂര്യോദയങ്ങളും അസ്തമയങ്ങളും, ചന്ദ്രോദയങ്ങളും, നക്ഷത്രവ്യൂഹോദയങ്ങളും, ഋതുഭേദങ്ങളും, മഴയും, വരൾച്ചയും, ജൈവസ്വഭാവങ്ങളുടെ ചലനവും, കൊയ്ത്തും മെതിയും ഒക്കെയുള്ള താളാത്മകമായ പ്രപഞ്ചവ്യവസ്ഥയാൽ അനാദികാലമായി നിയന്ത്രിക്കപ്പെടാൻ തുടങ്ങിയിട്ട്. ഉറക്കം, ഉണർച്ച എന്നിവ സൂര്യനോടും, ആർത്തവം തുടങ്ങിയവ ചന്ദ്രനോടും, ജനനം വളർച്ച, രതി, വാർദ്ധക്യം, മൃത്യു എന്നിവ ഋതുഭേദങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. പാരമ്പര്യഗതമായ ഗ്രാമീണനൃത്തങ്ങൾക്ക് തനതായൊരു കാലബോധമുണ്ട്. അവ പ്രകൃതിസംഭവങ്ങളെ പുനരാവിഷ്കരിക്കുന്നു. ഗ്രാമീണർ കാലത്തെ എണ്ണുകയോ അളക്കുകയോ അല്ല, കാണുകയും അനുഭവിക്കയും അങ്ങനെ ഉൾക്കൊള്ളുകയുമാണ് ചെയ്യുന്നത്. ഗ്രാമീണരുടെ അനുഷ്ഠാനജീവിതം ഈ സ്വാഭാവിക സംഭവങ്ങളുടെ ദൈവികമായ താളത്താൽ നിയന്ത്രിക്കപ്പെടുന്നു. (ഗോത്രവർഗ്ഗക്കാരുടെ അനുഷ്ഠാനങ്ങൾ നോക്കുക)

ആദ്യകാലത്തെ ഇടയവർഗ്ഗങ്ങൾ സമൂഹജീവികളായിരുന്നു- ഒന്നിച്ചു ജീവിക്കുന്നതും, പാടുന്നതും, ആനന്ദിക്കുന്നതും, വിളവെടുക്കുന്നതും അവർക്ക് മാനസികവും ശാരീരികവുമായ ആരോഗ്യത്തിനും അതിജീവനത്തിനും ആവശ്യമായിരുന്നു. അവരുടെ നന്മയെ കരുതി, അവരെ സംരക്ഷിക്കുന്ന പ്രകൃതിദേവതകൾ അവരുടെ ഊർജ്ജകമായിരുന്നു, അവരുടെ തന്നെ മജ്ജയും മാംസവും ആയിരുന്നു. പ്രകൃതിയോടുള്ള ഈ ലയനം ആരോഗ്യത്തിന് സഹായകമായി- സമയത്തിന്റെ ആദ്യം ദേവപ്പെടുന്നവും ഗ്രാമത്തിലെ വൈദ്യ ജ്യോതിഷികളുടെ കടമയായിരുന്നു. - ഗ്രാമവാസികളുടെ ആരോഗ്യത്തിന്റെ ഉത്തരവാദിത്തം അവരുടെ കൈയിലാകയാൽ-.

ഓരോ വ്യക്തിയുടെ ആരോഗ്യവും സമൂഹത്തിന്റെ ആവശ്യമാണ്. രോഗങ്ങൾ മനുഷ്യർക്ക് ഉണ്ടാകുന്നതെന്തുകൊണ്ട്- രോഗം ജീവിതത്തിന്റെയും പ്രകൃതിയുടെയും താളം തെറ്റിക്കുന്നതുകൊണ്ട്. ആ താളം തെറ്റാതിരിക്കാൻ അവർ ഒന്നിച്ചു ജീവിച്ചു. ഒന്നിച്ചു പ്രകൃതിദേവതകളെ ഉപാസിച്ചു- മരണത്തെ അല്പം ഭീതി മാറ്റി നിർത്തലായിരുന്നില്ല അവരുടെ ലക്ഷ്യം- സമൂഹവും പ്രകൃതിയുമായി ഒരേതാളത്തിൽ ഒരേ രാഗത്തിൽ ജീവിതതാളം ക്രമീകരിച്ചു ജീവിക്കാൻ വ്യക്തിയെ സഹായിക്കലായിരുന്നു. വാദ്യോപകരണങ്ങളും, സംഗീതവും, നൃത്തവും, നാടകവും ഒപ്പം പ്രകൃതിയുടെയും ദൈവത്തിന്റെയും താളത്തിനനുസൃതമായി, കാലാനുസൃതമായി, അവർ അവതരിപ്പിച്ചു. അവരുടെ ജീവിതം ~~[illegible]~~ പ്രകൃതിലയമായിരുന്നു, പ്രപഞ്ചത്തോടുള്ള സമർപ്പണമായിരുന്നു. രോഗമരണത്തെ, എല്ലാനേരം ഭയന്നോ കിട്ടം അവർക്കുണ്ടായിരുന്നില്ല.

വൈദിക കാലത്തിനെത്തന്നെ വൈവിധ്യവും പരസ്പരം അഭേദ്യവുമായ 2 ഘടകങ്ങളുണ്ട്. ഒന്ന് ട്രൈബൽ കാലം — സാമൂഹ്യമായ അന്തരീക്ഷത്തിന്റെ കാലം. മറ്റൊന്ന് — ഇക്കോളജിക്കൽ കാലം — പ്രകൃതിയിൽ ജീവിച്ചിരിക്കാനാവശ്യമായ കർമ്മങ്ങൾ ചെയ്യേണ്ട കാലം. സൂര്യചന്ദ്രന്മാരുടെ ചലനഭേദങ്ങളാൽ വരുന്ന ഋതുമാറ്റങ്ങൾ അവയെ ഗ്രാമീണർ ശ്രദ്ധിച്ചു. സൂക്ഷ്മമായ പ്രകൃതിനിരീക്ഷണവും, പ്രകൃതിസംരക്ഷണങ്ങളുടെ 'ഓർമ്മ'യും ആണ് തന്നെയല്ല ആദിമ ഗ്രാമീണ സമൂഹങ്ങളുടെ ജീവിതത്തിന്റെ താളത്തെ നിശ്ചയിച്ചത്. "ഓർമ്മ"യിൽ വ്യക്തിപരമായ ഓർമ്മ ഉള്ളതുപോലെ, ഗ്രാമീണരുടെ "ഓർമ്മ"യും സമുദായത്തിനും ഉല്പാദനക്ഷമം നൽകിവന്നു. ഇത, വർത്തമാന കാലത്തെ പ്രാചീന സമൂഹങ്ങളുടെ "ബോധം" പ്രതിഫലിപ്പിച്ചു.

1930ൽ ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞനായ ഇ. ഇ. ഇവാൻസ് പ്രിച്ചാർഡ് നൈൽ തീരത്തെ "ന്യൂർ" ഗോത്രവർഗ്ഗക്കാരുടെ കാലബോധത്തെക്കുറിച്ച് പഠനം നടത്തി. ന്യൂർ ഗോത്രവർഗ്ഗക്കാരുടെ കാലബോധം ഭാരതീയരുടെ കാലബോധവുമായി താരതമ്യപ്പെടുത്താവുന്നതാണ്. ന്യൂറിന്റെ ഇക്കോളജിക്കൽ കാലം ഋതുക്കളുടെ ആവർത്തനചക്രവുമായി ബന്ധപ്പെട്ടതാണ്. വരണ്ടതും നനഞ്ഞതുമായ ഋതുക്കൾ അവരുടെ കാലികളുടെയും ആളുകളുടെയും താവളങ്ങൾ മാറുന്നതിന് ഉള്ള സൂചകങ്ങളാണ്. അവരുടെ ട്രൈബൽ കാലത്തിൽ ശൈശവം മുതൽ വാർദ്ധക്യം വരെ പുരുഷ സന്തതികളെ വിവിധ ആശ്രമങ്ങളായി തിരിക്കുന്നു. ഉപനയനം മുതൽ ഇത് ആരംഭിക്കുന്നു. ഉപനയനം കൂടാതെ, യജ്ഞങ്ങളെപ്പോലെയുള്ള ഭേദവും ഇവർ

ക്കണ്ട്. ഒരേ വയസ്സുള്ള കുറെ കുട്ടികളെ ഒന്നിച്ചാണ് പഠിപ്പി
ക്കൽക്ക് വിധേയരാകുക. ഓരോ ഗ്രൂപ്പിനും ഒരു പേരും ഒരു
ചിഹ്നവും കൊടുക്കും. ഒരു ഗ്രൂപ്പിൽപ്പെട്ടവർ പരസ്പരം സഹോദ
രങ്ങളാണ്. മറ്റു ഗ്രൂപ്പിൽപ്പെട്ടവരെ അവർ അതേ ബന്ധം കൊ
ണ്ട് സ്നേഹിക്കുന്നു. അതായത് ഒന്നാം ഗ്രൂപ്പിലെ ഒരു കുട്ടിയുടെ
അച്ഛൻ 4-ാം ഗ്രൂപ്പിലുണ്ടെങ്കിൽ, ഒന്നാം ഗ്രൂപ്പിലെ കുട്ടി
നാലാം ഗ്രൂപ്പിലെ എല്ലാ അംഗങ്ങളെയും അച്ഛനെപ്പോലെ
വിചാരിച്ച് ആദരിക്കണം. ഒന്നാം ഗ്രൂപ്പിലെ അംഗങ്ങളുടെ
ഭക്ഷ്യരീതി നാലാം പടിയും – (സഹോദരവൃത്തി, സ്വവൃത്തി
ഒരു ഉല്പാദകൻ) ഓരോ ഗ്രൂപ്പും, ബാലൻ, യോഗൻ
(ബോധകൻ), ദാതാവ്, അച്ഛൻ, പിതാമഹൻ എന്ന് 5 വി
ധത്തിൽ ഓരോ ഉപാസന വേളയിൽ നാമകരണം ചെയ്യപ്പെടുന്ന
സമൂഹത്തിൽ A (ബാലൻ), B (ബോധകൻ), C (ദാതാവ്)
D (അച്ഛൻ) E (പിതാമഹൻ) എന്ന് 5 ഗ്രൂപ്പുകൾ
ഒരേ സമയം ഉണ്ടാവും. – [കുമാരൻ, ബ്രഹ്മചാരി, ഗൃഹസ്ഥൻ,
വാനപ്രസ്ഥൻ, സന്യാസി എന്നിങ്ങനെ 5 പേർക്കുള്ളും] ഇതിനു
തുല്യമായി സ്ത്രീകളിലും അതുപോലെ നാമകരണം ചെയ്യപ്പെടുന്നു.
പതിയൊരു വിധം ഉപാസനം ചെയ്യപ്പെടുമ്പോൾ ഓരോരുത്തരും
സ്വാഭാവികമായി അടുത്ത പടിയിലെത്തുന്നു. അവരുടെ ഗ്രാഫിനെ
ജീവിതവും പ്രകൃതിയെപ്പോലെ ക്രമത്തിൽ, താളത്തിൽ,
ആവർത്തിക്കുന്ന ചക്രങ്ങളായിരുന്നു. പ്രകൃതിയിൽ അടുത്ത
സംഭവിക്കാൻ പോകുന്നതെന്ത് എന്ന് നിരന്തരമായ നിരീക്ഷണം
കൊണ്ട് ഗ്രഹിച്ചു പ്രവചിക്കുന്ന ജ്യോതിഷവും, വൈദ്യനും ശാ
ഹനന സംരക്ഷിച്ചുപോന്നു. ലാസ്കാസിലെ ഗുഹാചിത്ര
ങ്ങളിലും, ശില്പങ്ങളിലും, സംഗീതത്തിലും ഈ താളവും പ്രകമ്പന

വും അവന്റെ പ്രധാനമായി അനശ്വരത്തിന്റെ തെളിവുകളാണ്. ഋഷികളും നാരായണീയം ഈ തത്ത്വം അറിയേണ്ടതു ഉണ്ടായിരുന്നു. ഭാരതീയരുടെ ഋഗ്വേദം തന്നെ ഈ തത്ത്വത്തെ അറിഞ്ഞിരുന്നു.

The Sun also ariseth and the Sun goeth down, and hasteth to his place where he arose. The wind goeth toward the South, and turneth about unto the north. It whirleth about continually, and the wind returneth again according to his circuits. All the rivers run into the sea; yet the sea is not full. ([illegible]) unto the place from whence the rivers come, thither they return again. The thing that hath been, it is that which shall be; and that which is done is that which shall be done. (Ecclesiastes 1: 5-7, 9.)

ഉണ്ടായിരുന്നതെന്തോ അത് ഇനിയും ഉണ്ടാവും. എന്ന അവതാര സിദ്ധാന്തം ഹിന്ദുമതത്തിലെന്നപോലെ തന്നെയല്ലേ യഹൂദർ സ്വീകരിച്ചിരുന്നതിന് തെളിവാണ് ഈ വരികൾ. ആത്മാവിന്റെ അവതാരവും, ശരീരത്തിന്റെ നശ്വരതയും, നശ്വരമായ ശരീരത്തോടൊപ്പം അനശ്വരമായ ആത്മാവിനെയും അറിയേണ്ടതിന്റെ ആവശ്യകതയും സമൂഹത്തിൽ "വൈദ്യ"ന് ഉന്നതസ്ഥാനം നൽകി.

ജ്യോതിഷവിദ്യ.

നഗരങ്ങളുടെ വരവിലാണ് സമൂഹത്തിൽ പ്രത്യേകതയിൽ പരിശീലനം ലഭിച്ചവർക്ക് ഇത്രയും പ്രാധാന്യം കിട്ടിയതെങ്കിലും വൈദ്യവും ജ്യോതിഷിയും നാടോടിവൃത്തിയുടെ കാലം മുതലേ പ്രയോഗിക്കുന്നുണ്ട്. എങ്കിലും, നഗരത്തിൽ നാഗരികർക്കിടയിൽ വൈദ്യം ഒരു 'പ്രൊഫഷൻ' ആയി വളർന്നു- അതിന് തനതായ പാരമ്പര്യമുണ്ടായി- അതിനൊരു ചിട്ടയും, പ്രത്യേക നിബന്ധനകളും, നിയമങ്ങളുമുണ്ടായി. മോഹൻജൊദാരോയിലും ഹാരപ്പയിലും മറ്റും അഴുക്കുചാലുകൾ മൂടപ്പെട്ടവയായിരുന്നു എന്നും അവിടെ സ്നാനഘട്ടങ്ങളുണ്ടായിരുന്നു എന്നും പറയുമ്പോൾ, അന്നത്തെ നഗരസംവിധാനത്തിൽ നാഗരികരുടെ ആരോഗ്യസംരക്ഷണം പ്രധാനമായിരുന്നുവെന്നാണർഥം. സമ്പന്നം വാഴുന്ന കൊട്ടാരം വൈദ്യൻ സിന്ധുനദീതടത്തിലും ഗ്രീസിലും ഉണ്ടായിരുന്നു.

മരണം എന്നുവെച്ചാൽ പോരാളിയുടെ രാജ്യമാം അഥവാ അന്ത്യം എന്നാണ് ഇന്ന് ജനങ്ങളുടെ വിചാരം. ഇത് മോഡേൺ മെഡിസിന്റെ കാഴ്ചപ്പാട്. മൃത്യുവിനോട് മോഡേൺ മെഡിസിൻ സദാ തോൽക്കുന്ന ഒരു യുദ്ധം നയിക്കുന്നു. ടിബറ്റൻ മെഡിസിനിലും ഭാരതത്തിലും മരണം സ്വാതന്ത്ര്യമാണ്- പുതിയ ശരീരം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം- പുതിയ അവതാരമാകാൻ സ്വാതന്ത്ര്യം. കാലത്തെയും ജീവിതത്തെയും വ്യക്തിത്വത്തെയും കുറിച്ചുള്ള ആധുനിക, പൗരാണിക മനുഷ്യരുടെ വ്യത്യസ്തസമീപനമാണ് ഇതിനു കാരണം.
(കോളം ഒന്ന് നോക്കുക)-

ആധുനിക വൈദ്യന്റെ സമയം.	ട്രൈബൽ വൈദ്യന്റെ സമയം
→	○
1. ഋജുരേഖ. ഒരേ ദിശയിൽ.	വൃത്തം. രണ്ടു ദിശയിൽ.
2. മാറ്റം അനിവാര്യം. പക്ഷേ ഒരിക്കൽ മാത്രം ഒരേ തരം മാറ്റം.	ആവർത്തനം. ഒരേ മാറ്റം ആവർത്തിച്ചു സംഭവിക്കുന്നു.
3. പുരോഗതി	ആവർത്തിക്കുന്ന വൃത്തത്തിൽ മുന്നോട്ട്, പിന്നോട്ടുള്ള ഗതി ആകാം.
4. സ്വർഗ്ഗത്തിൽ മുക്തി – അല്ലെങ്കിൽ നരകം.	പുനരവതാരം (പുനർജ്ജന്മം)
5 ഓരോ വ്യക്തിയും സ്വതന്ത്രൻ. പ്രകൃതിയെ നിയന്ത്രിക്കാൻ സാധിക്കും. (∴ മരണത്തേയും)	ഓരോ വ്യക്തിയും പ്രകൃതിശക്തികളാൽ നിയന്ത്രിക്കപ്പെടുന്നു.

നമ്മിലും മറ്റുള്ളവരിലും കാലം (പ്രായം) വരുത്തുന്ന മാറ്റങ്ങളെ നാം ശ്രദ്ധിക്കുന്നു. ഈ മാറ്റത്തിന് ഉദ്ദേശമുണ്ടോ? നമുക്കതിനെ നിയന്ത്രിക്കാനാവുമോ? മനുഷ്യന്റെ വളർച്ചയുടെ ഒരു ഘട്ടമാണ് പ്രായം. അപ്പോൾ ഏറ്റവും പ്രായം ചെന്ന സംസ്കാരങ്ങൾ വളർച്ചയെ മാത്രമല്ല, പുനരവതാരത്തേയും സൂചിപ്പിക്കുന്നു. പ്രായം ചെന്നത് മരിക്കുകയല്ല, പുതിയ രൂപത്തിൽ പുനരവതരിക്കുന്നതിനായി അപ്രത്യക്ഷമാകുകയാണ് ചെയ്യുന്നത്. BC 250നും 1600നും ഇടയിൽ രചിച്ച ഹ്വാങ്തി നെയ് ചിങ് സുവെൻ (ചക്രവർത്തിയുടെ വൈദ്യശാസ്ത്രഗ്രന്ഥം) എന്ന ഗ്രന്ഥത്തിൽ ഹ്വാങ്തിയോട് കൊട്ടാരം വൈദ്യൻ ചീ പോ പറയുന്നത് മനുഷ്യർ "താവോ"യും പ്രാണശക്തിയും (ചി) വികസിപ്പിക്കാത്തതു കൊണ്ടാണ് അക്കാലത്തിൽ മരണം പ്രാപിക്കുന്നതെന്നാണ്. യിൻ, യാങ് എന്ന ദ്വന്ദ്വ പ്രകൃതിശക്തികളെ സമതുലനം ചെയ്യാൻ സാധിക്കാൻ രോഗമുക്തരായ [illegible]

സാനമാണ് ജൈനന്മാർ കരുതി. വാർദ്ധക്യം, രോഗം, മരണം എന്നിവ ക്ലേശങ്ങളാണെന്നും ആ ക്ലേശങ്ങൾക്ക് പ്രതിവിധി ഉണ്ടെന്ന് നിർവിഷ്ടകൊണ്ട് എന്നും ഇതിനെ കാണിച്ചതാണെന്നും ബുദ്ധൻ കണ്ടു. ഇന്നും പുനർജന്മത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ക്ലേശങ്ങൾ വെറും തോന്നലുകളായി തന്നെ, ക്ലേശങ്ങളുള്ളതാണ് ഗ്രഹിക്കാനാവും. കാലത്തിന് കാലാതീതനായി ശേഷം സഞ്ചരിക്കാനാവും. Time and medical education എന്ന ലേഖനത്തിൽ ഞാനത് ചൂണ്ടിക്കാട്ടി പറയുന്നു: The objective of medical education is production of problem solvers and critical thinkers എന്ന്. ഒരു വിദ്യാർത്ഥിയുടേയും അന്തിമലക്ഷ്യം പ്രശ്നപരിഹാരം നിർദ്ദേശിക്കാൻ കഴിവുള്ള ചിന്തകരെ വാർത്തെടുക്കലാണ്. അന്വേഷണം, നിരീക്ഷണം, ചിന്ത- ഇതിനായി ചെലവിടാൻ സമയം-, അങ്ങനെ പഠിച്ചും അന്വേഷിച്ചും അറിഞ്ഞത് വിദ്യാർത്ഥികളോട് (മറ്റുള്ളവരോട്) പങ്കിടാനുള്ള അവസരവും താല്പര്യവും അതിനാവശ്യമായ സമയവും — ഇതാണ് യഥാർത്ഥവിദ്യാഭ്യാസത്തിനാവശ്യം. ഒരു ജീവിതകാലം മുഴുവൻ പഠിക്കാനും ചിന്തിച്ചും ചെലവാക്കിയ ശേഷം കണ്ടെത്തിയ സത്യം അന്യരോടെങ്കിലും സംവദിക്കാതെ പോകാൻ ആത്മാവിന് വിരുദ്ധമായി തോന്നുന്നു. അതുകൊണ്ടാണ് ഗുരു (ഋഷി) ഗ്രന്ഥങ്ങൾ രചിക്കുന്നത്, പ്രഭാഷണങ്ങൾക്കായി തന്റെ ആശ്രമവാസം വിട്ടിറങ്ങി 'ചരക' നാവുന്നത്!

നാം ജാഗ്രദവസ്ഥയിൽ അറിയുന്ന കാലം രേഖീയമാണ്; യാന്ത്രികമാണ്; അതിനെ ഗ്രീക്കുകാർ "ക്രോണോസ്" എന്ന് വിളിച്ചു. ചില പ്രത്യേക മുഹൂർത്തങ്ങളിൽ നാം ആത്മാവിൽ എത്തി സന്തുഷ്ടിയോടെ ഒന്നാണ് അത് സ്വപ്നത്തിലെന്ന പോലെ യാന്ത്രിക കാലത്തെ മറക്കുന്ന കാലാതീതത്തിൽ പ്രവേശിക്കുന്നു. ചന്ദ്രോദയം, താരങ്ങൾ നിറഞ്ഞ ആകാശം, സമുദ്രം, ശുദ്ധസംഗീതം — ഇവയൊക്കെ നമ്മെ

നമ്മെ ആത്മനിർവൃതിയുടെ കാലാതീത തലത്തിലെത്തിക്കുന്നു. ഇതിനെ "കൈറോസ്" എന്നു വിളിക്കാം. (Kairos is soul satisfying & soul nourishing. Kronos, is living in the linear time of our clocks as we go through our daily schedule of chores and appointments.) വൈരുദ്ധ്യത്തിന്റെ ക്രോണോസിനിടയിൽ, ഒരുവിധമെല്ലാം ക്രോണോസിനിടയിൽ ഞാൻ കണ്ടെത്തിയ അനേകം കൈറോസ് മുഹൂർത്തങ്ങൾ അതോരോന്നും ചുരുക്കം സംഭവങ്ങളെന്നും പക്തിടങ്ങളെന്നും തോന്നുമ്പോൾ ഞാൻ എഴുതുന്നു; ഈ ദിവസങ്ങൾ കടന്നുപോകുന്നു. എന്റെ കൈറോസ് മുഹൂർത്തങ്ങളുടെ കാലാതീതമായ ശാന്ത ആഴങ്ങളിലും ഹൃദയത്തെ എല്ലായ്പ്പോഴും സ്പർശിക്കുമെന്ന ഉറപ്പോടെ 'ഇന്നിൽ' ഞാൻ ജീവിക്കുന്നു..... അമൃതമായി... അഭയമായി... !!

27 chapter upto this

പണ്ടോരയുടെ പെട്ടി — ഒരു പത്തോളജിസ്റ്റിന്റെ ഡയറി

[illegible]

മനുഷ്യശരീരം ഒരു പണ്ടോരപ്പെട്ടിയാണ്. അനേകം രോഗങ്ങളുടേതായ ഒരു പണ്ടോരപ്പെട്ടി. രോഗങ്ങളുടേതായ ആ പണ്ടോരപ്പെട്ടിയെ അറിയാൻ ശ്രമിച്ചു ശ്രമിച്ച് അമൂല്യമായ ആത്മാവിരിക്കുന്ന ഒരു പണ്ടോരപ്പെട്ടിയാണ് അതെന്ന് എന്നിലെ പത്തോളജിസ്റ്റ് അറിയുന്നു. അമൂല്യമായ ആ ഒന്നിനെയാണ് ക്ലേശങ്ങളുടേതായ ഈ [illegible] ഞാൻ തേടുന്നതെന്നറിയുന്നു.

1972 ൽ പത്തോളജി പി. എസ്. സി ഇന്റർവ്യൂ കഴിഞ്ഞ് റാങ്ക് ലിസ്റ്റ് വന്നപ്പോൾ ഞാനായിരുന്നു ഒന്നാമത്തെ റാങ്കുകാരിയായിരുന്നു. ഒന്നും രണ്ടും റാങ്കുകൾ മായാ ചെറിയാനും മേരി പത്മിനി ജോസഫും. പത്മിനി ഇന്ന് വെല്ലൂരിൽ ന്യൂറോപത്തോളജിസ്റ്റാണ്. മായ എവിടെ എന്നറിയില്ല. [illegible] കഴിഞ്ഞ് ഒന്നാമതായി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് പോസ്റ്റിങ്ങ് ഓർഡർ കിട്ടി. ഒക്ടോബർ 21ന് ഞാൻ അദ്ധ്യാപികയായി സർവ്വീസിൽ ചേർന്നു. അന്ന് ഡിപ്പാർട്ട്മെന്റിൽ നിർമ്മല ഉണ്ടായിരുന്നു. എം. ബി. ബി. എസ്സിന് എന്റെ സതീർത്ഥ്യയായിരുന്ന നിർമ്മല. എപ്പോഴും മന്ദസ്മിതം തൂകുന്ന മുഖം. പ്രസരിപ്പുള്ള [illegible] നടത്തം. [illegible] വിടർന്ന കൺ [illegible] ... [illegible] 'മേരാ സായ' യും [illegible] എന്നിലേക്കൊഴുകി വരാറുള്ള നിർമ്മല. പത്തോളജി ഡിപ്പാർട്ട്മെന്റിലെ ആദ്യ ദിനങ്ങളോർക്കുമ്പോൾ ആദ്യം ഓർമ്മ വരുന്നത് നിർമ്മലയാണ്.. ആ [illegible] ആ സൗന്ദര്യവും ഒക്കെ ആദ്യകാല [illegible] ആയിരുന്നു. എല്ലാം പോയി. പോയ വസ്തുക്കളുടെ ഓർമ്മ മാത്രം ബാക്കി. കണ്ണീരിൽ മുങ്ങി വായുവിൽ [illegible] ചക്രത്തിരിയുടെ സുഗന്ധം പോലെ.. [illegible] ആത്മാവിന്റെ [illegible] പോലെയൊക്കെ വൃദ്ധയുടെ മാറിൽ [illegible] തരംഗമാലകളായി ~~[illegible]~~ അവശേഷിക്കുന്നു ഒരു [illegible]

പോലെ നിശ്ചലയുടെ ഓർമ്മ....... എന്റെ "ഡ്രൈവറ് വാർഡ്" യിൽ ആ മരണത്തിന്റെ മുദ്ര പതിഞ്ഞ ഉണ്ട്.

ഞാൻ ജോലി ചെയ്യുന്ന പത്തോളജി വിഭാഗത്തിന് ഒരു പ്രത്യേകതയുണ്ട്. മറ്റേതൊരു വൈദ്യശാസ്ത്ര വിഭാഗവും ആവശ്യപ്പെടുന്ന ഒരു വൈജ്ഞാനിക ശാഖയാണത്. ആധുനിക വൈദ്യശാസ്ത്രത്തിന് ഒഴിച്ചുകൂടാനാവാത്ത ഒരു ശാഖ. രോഗനിർണയത്തിന് പത്തോളജി ആവശ്യമായി വരുന്നു. എന്നാലും രോഗികളുമായി നേരിട്ട് ബന്ധം പുലർത്താതെ പ്രവർത്തിക്കുന്നതു കൊണ്ട് വളരെ ചുരുക്കം പത്തോളജിസ്റ്റുകളെ മാത്രമേ പൊതുജനം അറിയുന്നുള്ളൂ. (പത്തോളജിസ്റ്റ് ക്ലിനിഷ്യന്മാരുമായാണ് രോഗിയുമായല്ല, രോഗനിർണയത്തിനായി ചർച്ചകൾ നടത്തുന്നത്). ഇന്ന് നാം അനുഭവിക്കുന്ന എല്ലാ സൗകര്യങ്ങളുടെ പിന്നിലും അശ്രാന്ത പരിശ്രമം ചെയ്യുന്ന പലരുടെ അജ്ഞാതനാമങ്ങളുണ്ട്. അതു പോലെ, രോഗനിർണയം ചെയ്യുന്ന പത്തോളജിസ്റ്റ്, രോഗിയെ സംബന്ധിച്ചിടത്തോളം അജ്ഞാതനാമാവാണ്. പത്തോളജി എന്ന ശാസ്ത്രത്തിന്റെ മാന്യത, പൊതുജനം അറിയലിലല്ല, താൻ ചെയ്യുന്ന തൊഴിലിൽ നിന്നുളവാകുന്ന സംതൃപ്തി അനുഭവപ്പെടലിലാണ്. കാൾ വി റോബിൻസൺ പറഞ്ഞു: "ബുദ്ധിപരമായ പ്രവർത്തനത്തിൽ നിരന്തരം മുഴുകി, രോഗനിർണയത്തിൽ ബദ്ധശ്രദ്ധരായ ശാസ്ത്രജ്ഞർക്ക്" (പത്തോളജിസ്റ്റിന്) വൈദ്യശാസ്ത്രരംഗത്ത് ഉന്നതമായ ഒരു സ്ഥാനമുണ്ട്, അവർ പ്രസിദ്ധരല്ലെങ്കിലും എന്ന്! ഒരു പക്ഷേ, ഈ പ്രത്യേക ശാസ്ത്ര വിഭാഗത്തിൽ ഒട്ടേറെ കാലം പ്രവർത്തിച്ചതു കൊണ്ടാവാം, സാഹിത്യ പരിശ്രമങ്ങൾ കൊണ്ട് പ്രസിദ്ധി ലഭിക്കാത്തിട്ടും നിരാശയാകാതെ പരിശ്രമം ഉടൻ തന്നെ തുടരാനുള്ള മനക്കരുത്ത് എനിക്കു ലഭിച്ചത്. പത്രമാധ്യമങ്ങൾ പറഞ്ഞ ദിവസം തന്നെ ശ്രദ്ധ നേടാനായി, ശ്രദ്ധിക്കാനായി വിവാദമുണ്ടാക്കുന്ന അനേകം എഴുത്തുകാർക്കിടയിൽ, ആരാലും ശ്രദ്ധിക്കപ്പെടാതെയും, എന്റെ സാഹിത്യ, ശാസ്ത്ര പരിശ്രമങ്ങളുടെ സാരവും ആഴവും ഗ്രഹിച്ച് ഞാൻ സംതൃപ്തയായി ജീവിക്കുന്നു.

ഒരു പത്തോളജിസ്റ്റിന്റെ ഡയറിയിൽ വൈദ്യശാസ്ത്രം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എങ്ങനെ സമ്യക്കായി പരിഹരിക്കാമെന്ന വിഷയം പ്രതിപാദിക്കുന്നു. എങ്കിലും ക്രമേണയുള്ള മാറ്റമാണ്, വിപ്ലവത്തിലൂടെ തട്ടിത്തെറിപ്പിക്കുന്ന മാറ്റമല്ല പ്രകൃതിയുടെ സ്വാഭാവികനിയമമെന്ന സാമാന്യവിധാനം പത്തോളജിസ്റ്റ് പ്രശ്നപരിഹാരങ്ങൾക്കു മുമ്പോട്ടു വെക്കുന്നു. സാവകാശം, സാവധാനമുള്ള മാറ്റമാണ് വളർച്ച. അങ്ങനെയുള്ള വളർച്ചയാണ് പുരോഗതി. ഒരു ഏകകോശഭ്രൂണം ഒരൊന്നാന്തരം മനുഷ്യനായി വളരാനെടുക്കുന്ന സമയത്തിന്റെ നൂറിലൊരംശം വേണ്ട ഒരർബുദകോശത്തിന് മാരകമായ അർബുദമായി വളരാൻ! അതും വളർച്ചതന്നെ. എങ്കിലും എത്ര വിഭിന്നമായ വളർച്ച! പ്രാമാണികനായി ഒരു ജീവശാസ്ത്രജ്ഞൻ കൂടിയായ പത്തോളജിസ്റ്റിനെക്കുറിച്ച് പോൾ വെയ്സിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. "ജനങ്ങളുടേതായാലും കോശങ്ങളുടേതായാലും ദുഷിച്ചുവന്നതിന്റെ വൈകല്യസ്വഭാവങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതും അവയുടെ വളർച്ചയെക്കുറിച്ചു പഠിക്കുകയും ചെയ്യുന്നവരോടും, സാമാന്യസ്വഭാവത്തിൽനിന്നു വ്യതിചലിച്ച സമൂഹങ്ങളുടെ സ്വഭാവവും വളർച്ചയും പഠിക്കുന്നവരോടും അഭിമുഖീകരിക്കുന്ന വൈകല്യപ്രശ്നങ്ങൾ ഒന്നുതന്നെയാണ്. ആദ്യം പറഞ്ഞ കൂട്ടർ ബയോളജിസ്റ്റുകൾ, രണ്ടാമതു പറഞ്ഞ കൂട്ടർ പത്തോളജിസ്റ്റുകൾ.. രണ്ടു കൂട്ടരും സഞ്ചരിക്കുന്ന പാത ഒരു പരിധിവരെ ഒന്നുതന്നെയാണ്. ഒന്നിന്റെ സഹായം കൂടാതെ മറ്റേതിന് ശരിയായ വ്യാപ്തി നേടുക സാദ്ധ്യമല്ല."

സ്വാഭാവികമായതിനെ അറിയാതെ അസ്വാഭാവികമായതിനെ അറിയാനാവില്ല. അതുകൊണ്ട് പത്തോളജിസ്റ്റ് ബയോളജിസ്റ്റ് കൂടിയാവണം. മെസ്സീനയിലെ കടൽപ്പുറത്ത് നടക്കുമ്പോൾ തീരത്തിൽ മുളച്ചുവന്ന ഒരു നക്ഷത്രമത്സ്യത്തെ ബയോളജിസ്റ്റായിരുന്ന മെറ്റ്നിക്കോഫിന് കിട്ടി. അതിനെ പഠിച്ചിട്ടാണ് മെറ്റ്നിക്കോഫ് ഇമ്മ്യൂണോപത്തോളജിയുടെ അവിഭാജ്യഘടകമായ

മാക്രോ ഭേദങ്ങളെ കണ്ടെത്തി 'പത്തോളജിസ്റ്റ്' ആയത്. അദ്ദേഹത്തി
ന് പത്തോളജിയിൽ ബിരുദമുണ്ടായിരുന്നില്ല. സുപ്രസിദ്ധ പത്തോള
ജിസ്റ്റായ വെർച്ചോവിന്റെ നിർവ്വചന പ്രകാരം പത്തോളജി "ജീവന്റെ
സ്വാഭാവികമോ അസ്വാഭാവികമോ ആയ സർവ്വ ഭാവങ്ങളെയും അവയുടെ
പ്രവർത്തനത്തെയും കുറിച്ചുള്ള പഠന"മാണ്. വെർച്ചോവിന്റെ നിർവ്വചന
ത്തിലെ "ജീവൻ" എന്ന പദത്തിന് എന്താണർത്ഥം? ഏകകോശാണു
മുതൽ സസ്യവും മൃഗവും പക്ഷിയും മനുഷ്യനുമടങ്ങുന്ന 'ജൈവികരൂപം'
എന്ന് മാത്രമാണോ അത് ഉദ്ദേശിച്ചത്? ശരീരം പ്രവർ
ത്തനം എന്നു പറയുമ്പോൾ ദൃശ്യശരീരം (മൈക്രോസ്കോപ്പിലൂ
ടെ കാണുന്നതും ദൃശ്യശരീരമാണ്) ഉടനെ അദൃശ്യശരീരത്തെക്കൂടി
ജീവശാസ്ത്രം ഉൾക്കൊള്ളുന്നു എന്നറിയണം. വ്യാപാരത്തിൽ രോഗമുൾ
ക്കൊള്ളുന്ന ശരീരഭാഗങ്ങളുടെ പ്രവർത്തനം മാത്രമല്ല ഉള്ളത്.
ജീവന്റെ വൈരുദ്ധ്യവും മനസ്സും ആത്മാവും കൂടിച്ചേരുന്നു. ഇതാ
ണ്ട് കൂട്ടത്തിൽ പത്തോളജി എന്ന ശാസ്ത്രം ഒരു ജീവിതദർശനത്തിന്
സമഗ്രരൂപം നൽകാൻ എന്നെ സഹായിച്ചിട്ടുണ്ട്. ജീവശാസ്ത്രം
രോഗനിർണ്ണയ ശാസ്ത്രമായ പത്തോളജിയും ജീവിതദർശനവും ഉൾപ്പെട്ട
ഒരേ ക്രമമാണ്. ദൃശ്യവും അദൃശ്യവുമായ വിവിധ ശാസ്ത്ര, ദർശനശാഖകൾക്കെ
ല്ലാം നിദാനമായിരിക്കുന്ന ഒരേ സ്രോതസ്സിനെ അന്വേഷിച്ചു ചെല്ലുന്ന
വർക്ക് ഒരു മഹത്ശക്തിയുടെ അത്ഭുതകരമായ പ്രേരണ അനുനിമിഷം
അനുഭവപ്പെട്ടുകൊണ്ടിരിക്കും. ഇതാണ് എന്റെ അനുഭവം.

ഒരു രോഗം സൃഷ്ടിക്കപ്പെടുന്നത് പരിതസ്ഥിതികൾ, ജീനുകൾ,
രോഗപ്രതിരോധ ശക്തിയുടെ കുറവ്, മാനസികാരോഗ്യം, നാളീരഹിത
ഗ്രന്ഥികളുടെ പ്രവർത്തനം ഇങ്ങനെ ഒട്ടേറെ ശക്തികളുടെ പരസ്പര
ബന്ധത്തിന്റെ ആകെത്തുകയായ സമതുലനാവസ്ഥയ്ക്ക് കോട്ടം തട്ടുമ്പോഴാണ്

ഈ ഘടകങ്ങളെ ഒരു വെൻ ചിത്രം (Venn diagram) വരച്ചപോലെ ഒന്നിനൊന്നിൽ പരസ്പരം ബന്ധപ്പെട്ടവയുമാണ്. ഇങ്ങനെയുള്ള ആന്തരികവും ബാഹ്യവും, അന്തർമുഖവും ബഹിർമുഖവും ആയ നിരവധി ഉപാധികളെ അവലംബിച്ചും പഠിച്ചും അവയെ ഒരു സാകല്യിക മാതൃകയാക്കി അനുസന്ധാനം ചെയ്തും വിവേചിച്ചും രോഗനിർണ്ണയത്തിൽ (പ്രശ്നനിർണ്ണയത്തിൽ) എത്തിച്ചേരുന്ന പ്രക്രിയയിലാണ് ഒരു ചികിത്സകന്റെ ജീവിതം മുഴുവൻ ചെലവഴിച്ചു പോകുന്നത്. പലപ്പോഴും, ഉപനിഷത്തിൽ പറയുന്നതു പോലെ "നേതി, നേതി" (ഇതല്ല, ഇതല്ല) എന്ന് ലക്ഷ്യം വെച്ച് നിരാകരിച്ചുകൊണ്ടുള്ള ഒരു exclusion diagnosis ആണ് ഈ പ്രക്രിയ. വൈദഗ്ധ്യമായി ഒരു ഹാനിമാന്റെ സമീപനവും, അനുഭവത്തിന്റെ വെളിച്ചത്തിൽ സ്വയം ചെയ്തെടുത്ത് കിട്ടിയ ചിന്തയുമാണ് ഈ പ്രക്രിയയിൽ പങ്കാളിത്തത്തിന് നേടാവുന്ന ഏക സമ്പാദ്യം. മറ്റെല്ലാ സമ്പാദ്യങ്ങളെക്കാളും ഞാൻ വിലമതിക്കുന്ന ഈ സമ്പാദ്യം എനിക്ക് ഉണ്ടാക്കിത്തന്നതിൽ പങ്കാളിത്തമേകിയ ഹാനിമാനിയൻ എന്റെ 27 വർഷത്തെ പരിചയത്തിന് നല്ലൊരു പങ്കുണ്ട്.

മറ്റേതു ശാസ്ത്രങ്ങളെയുംപോലെ വൈദ്യശാസ്ത്രവും അവഗാഢമായി ചിന്തിച്ചുവരുന്ന ഒരു സമഗ്രദർശനത്തിന്റെ അഭാവം അനുഭവപ്പെടുന്നുണ്ട്. ഇതിന്റെ പേരിലായ ശൂന്യതയിലും പടർന്നുപിടിച്ചിട്ടുണ്ട്. വിഭാഗീയതകളും ഹോമിയോപ്പതിശാഖകളും ബുദ്ധിയോ ബോധമോ ആത്മാവുമൊക്കെയും ഒരുമിച്ചും കൂടി കൈകൂടലോടുകൂടി ധർമ്മനിഷ്ഠയുടെ അഭാവം വരുത്തി വെച്ച വിനകൾ ധാരാളം ചിതറിക്കിടക്കുന്നു. അതുപോലെ വൈദ്യശാസ്ത്രരംഗത്തും ഉണ്ട്. എന്നാലും, ധർമ്മനിരതമായി സ്വന്തം കർമ്മം ഒരു ആത്മാർത്ഥതയോടെ അനുഷ്ഠിക്കുന്ന അനേകം പേരെ ഈ രംഗങ്ങളിൽ നമുക്ക് കണ്ടെത്താനാവും.

ഡോ. എച്ച്. എ. മെക്‌മാനസ്സിന്റെ വാക്കുകളിൽ 'കാലമാണ്
പഠനത്തിനും ഗവേഷണത്തിനും അദ്ധ്യാപനത്തിനും ഒരു ശാസ്ത്രജ്ഞന്
ആവശ്യമായ മൂല്യം". കാലം ആർക്കു വേണ്ടിയും കാത്തുനിൽക്കാറില്ല.
വിലപ്പെട്ട കാലം പാഴാക്കാതെ സ്വാമിയുടെയും മനുഷ്യരാ
ശിയുടെയും നാട്ടിന്റെ ഉന്നമനത്തിനായി ചിന്തിക്കാനും പ്രയത്നി
ക്കാനുമുള്ള പ്രേരണയാണ് ഇതിലെ മഹത്‌കർമ്മങ്ങൾ നൽകുന്ന സന്ദേശ
മാകുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. എല്ലാ മനുഷ്യരും ഒരുപോലെ
ബുദ്ധിമാന്മാരും വിദ്യാസമ്പന്നരുമാകുക എന്നൊരവസ്ഥ എന്നെങ്കിലും
സംജാതമാകുമോ എന്നെനിക്കറിയില്ല. "ഏതു വിശാലതയുടെയും
കാരുണ്യത്തിന്റെയും കാര്യത്തിലും ഈ സമത്വം ഉണ്ടാവുമോ എന്ന്
സംശയമാണ്. ഈ സമൂഹങ്ങൾക്കിടയിൽ അന്ധവിശ്വാസങ്ങൾ നില
നിൽക്കുന്നത് ബുദ്ധിയുടെയും കരുണയുടെയും മണ്ഡലത്തിൽ എന്നും
അസമത്വം നിലനിൽക്കുന്നതു കൊണ്ടാണ്. എന്താണ് അനാചാരം?
എന്താണ് അന്ധവിശ്വാസം? യാന്ത്രികമായ ഏതു കർമ്മവും അനാ
ചാരം. യാന്ത്രികമായ ഏതു വിശ്വാസവും അന്ധവിശ്വാസം.
താൻ ചെയ്യുന്നത് എന്തെന്നും എന്തിനെന്നും വ്യക്തമായ ബോധത്തോ
ടുകൂടി ചെയ്യുന്നത് മാത്രം സദാചാരം. സദാചാരം ഒരു ലക്ഷ്യബോ
ധമാണ്. പഠിച്ചും, പരിശോധിച്ചും, അനുഭവിച്ചും ഗ്രഹിച്ച ഒരു
വസ്തുവിലുള്ള വിശ്വാസമാണ് വിശ്വാസം. അങ്ങനെയല്ലാതെയുള്ള
എല്ലാ വിശ്വാസവും അന്ധവിശ്വാസമാണ്. അന്ധവിശ്വാസം അശാസ്ത്രീ
യമാണ്. വിശ്വാസം ശാസ്ത്രീയവും. മതത്തിന്റെ പേരിൽ മാത്ര
മല്ല ശാസ്ത്രത്തിന്റെ പേരിലും അന്ധവിശ്വാസമുണ്ട്. ഒരു "ഗുളിക"
വെച്ചുതന്നാൽ രോഗം ഭേദമാവുമെന്ന (അന്ധ) വിശ്വാസവുമായി
ഡോക്ടറുടെ പടിക്കൽ 'മരുന്ന്' സമീപിക്കുന്നതിന്റെ പേരും അന്ധ
വിശ്വാസമെന്നാണ്. ഏതു ശാസ്ത്രത്തിലും അശാസ്ത്രീയതകൾക്കുമതി

കടക്കാൻ ഇടമുണ്ട്. ഒരു വിശ്വാസവും പുലർത്തിയാൽ അന്ധവിശ്വാസത്തിന്റെ നിഴൽ പരക്കും.

പ്രവചനാത്മക സ്വഭാവമുണ്ട് വൈദ്യന്റെ ഡയഗ്നോസിസിന്. ലക്ഷണം, രോഗചരിത്രം, മറ്റ് ഉപാധികൾ എന്നിവ വെച്ച് ഒരു രോഗം പ്രവചിക്കുന്നു. അതു ശരിയോ തെറ്റോ എന്ന് ശാസ്ത്ര സാങ്കേതികവിദ്യകൾ കൊണ്ട് ഉറപ്പു വരുത്തുന്നു. രോഗം ഭേദമാവുന്നതോ മാരകമോ എന്ന് പ്രവചിക്കുന്നു. (Prognosis) ചികിത്സിച്ച് പ്രവചനം ശരിയാകുമോ എന്ന് നിരീക്ഷിച്ച് കാത്തിരിക്കുന്നു. (follow up) ഇത് വൈദ്യശാസ്ത്രത്തിന്റെ പൊതുസ്വഭാവമാണ്. രോഗിയുടെ വ്യക്തിജീവിതത്തിന്റെ ഭാവിപ്രവചനമാണ് ജാതകം ഡയഗ്നോസിസും. എല്ലാ പ്രവചനങ്ങളും എപ്പോഴും ശരിയാകില്ല എന്ന് വൈദ്യശാസ്ത്രജ്ഞർക്കും പ്രവർത്തിക്കുന്ന എല്ലാ ശാസ്ത്രജ്ഞർക്കും അറിയാം. (പാരമ്പര്യം കഴിവും പ്രയോഗിച്ച് ശ്രമിക്കുക എന്നതേ ഉള്ളൂ മാർഗ്ഗം.) ഇതിനർത്ഥം പ്രവചനാത്മക സ്വഭാവമുള്ള വൈദ്യശാസ്ത്രം ശാസ്ത്രമല്ല എന്നല്ല. 1982 ഫെബ്രുവരി (7-13) ലെ ലക്കം 47 മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 'വ്യക്തി ജീവിതത്തിന്റെ ഭാവിപ്രവചനം' ആയ ജ്യോതിഷത്തെ ഇ. എം. കോവൂർ വെല്ലുവിളിക്കുന്നതായി - എല്ലാ ശാസ്ത്രങ്ങൾക്കും എല്ലാ വിശ്വാസങ്ങൾക്കും അവരുടേതായ ഒരു സ്ഥാനമുണ്ട്. വൈദ്യശാസ്ത്രത്തിലായാലും ജ്യോതിഷത്തിലായാലും വ്യക്തി ജീവിതത്തിന്റെ ഭാവിപ്രവചനത്തിനുള്ള സാധ്യതയെ മനസ്സിലാക്കി ഒന്നേ പറയാനാവൂ. നിരീക്ഷണവും ലക്ഷണവും വെച്ച് അതു നടക്കുമെന്ന് സൂചിപ്പിച്ചു പറയണം, അതിനപ്പുറം ഉണ്ടെങ്കിൽ നിഷേധിക്കാതെ, വാസ്തവത്തിൽ ഒന്നു നടക്കുമെന്ന് ഉറപ്പിച്ചു പറയാൻ ആർക്കും സാധ്യമല്ല. ഇത് ഒരു വിനയം ശാസ്ത്രജ്ഞന്മാർ, ഈ അറിവ് ശാസ്ത്രത്തെ വിശ്വസിക്കുന്നവർക്കും

ഉണ്ടാവുന്നത് നല്ലതാണ്.

"ഫലാനി ഗ്രഹചാരേണ സൂചയന്തി മനീഷിണഃ
കോ വക്താ താരതമ്യസ്യ തമേകം വേധസം വിനാ."

ഫോക്കസും ജ്യോതിഷവും മന്ത്രവും പടാരുകാരണം തമ്മിലുള്ളതിനെ തന്നെ ഒരേ തരം ശാസ്ത്രം പരമാവധി പഠിച്ച്, ആത്മാർത്ഥമായി കർമ്മം ചെയ്യണം. ഒന്നാമതും അവർ മനുഷ്യരാണ്. അവർക്ക് പരിമിതികളുണ്ട്. അത് സ്വയം അറിയണം. പൊതുജനങ്ങളും അറിയണം. ഈ പരിമിതികൾ മനുഷ്യശക്തിയുടെ- മനുഷ്യബുദ്ധിയുടെ- പരിമിതികളാണെന്ന്. യുക്തിവാദികൾ മനസ്സിലാക്കിയാൽ അവർക്കും അല്പം വിനയം പഠിക്കാം. യുക്തിക്കു പോരാവുന്നതിന്റെ പരിധിയില്ലാത്തത് ഒരു യുക്തിവാദവും ഒരു ശാസ്ത്രവും ഉപേക്ഷിക്കാനില്ല എന്ന് എന്റെ ചെറിയ ജീവിതപരിചയം എന്നോട് പറയുന്നു.

The underlying order of elements... differed logical sequences in place of random descriptions of individual atoms. It offered predictions of future discoveries based on a clear analysis of existing data എന്ന മെൻഡലീവിന്റെ നിയമം ജ്യോതിഷത്തിലും വൈദ്യശാസ്ത്രത്തിലും ഒരുപോലെ പരിശോധിച്ച് പ്രയോഗിക്കാവുന്നതാണ്.

വ്യക്തിത്വവികസനത്തിൽ സാഹചര്യങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് മനശ്ശാസ്ത്രജ്ഞർ വാചാലരാണ്. എന്റെ വ്യക്തിത്വം വികസിപ്പിക്കുന്നതിൽ ഞാൻ പിറന്ന വളർന്ന സാഹചര്യങ്ങൾക്കുള്ള പങ്ക് വലുതാണ്. ഒരുപക്ഷെ, വിശ്വാസത്തിന്റെ ഒന്നാവും ഒട്ടുവിലത്തെ ചെടം (ഒന്നാവും മതാചാരവും) എനിക്കു തന്നത് ഞാൻ പ്രവർത്തിച്ചു പോന്ന അന്തരീക്ഷത്തെ മാറ്റിമറിക്കാനാവും എന്ന ഞാൻ വിശ്വസിക്കുന്നു. അച്ഛനമ്മമാരുടെ ഗുണങ്ങളെ നിത്യ

പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ട് അത്തരം self analysis വഴി തന്റെ സംവേദനക്ഷമതയെ മെച്ചപ്പെടുത്താൻ ഈ കലാരംഗം സഹായിച്ചു. നിരന്തരമായ അധ്യയനം കൊണ്ട് മാത്രമേ ഒരു നല്ല അധ്യാപിക ജനിക്കുന്നത് ഈ രംഗം എന്നെ ബോധ്യപ്പെടുത്തി.

ഒരുവൻ എങ്ങനെ പഠിക്കുന്നു? പഠനം ഓരോരുത്തരുടെ വ്യക്തിത്വത്തെ എങ്ങനെ വികസിപ്പിക്കുന്നു? ഈ ചോദ്യങ്ങൾക്ക് സാധാരണക്കാർ നൽകുന്ന ഉത്തരങ്ങൾ ഒരു വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞനെ സംതൃപ്തനാക്കില്ല. ഉത്തരം മാത്രം പറയുന്നതല്ല. വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞനായ ജി. ലെസ്റ്റർ ആൻഡേഴ്സൺ പറഞ്ഞതാണ്. ചോദക പ്രതികരണ സിദ്ധാന്തം, എന്ന് വിളിക്കുന്ന കണ്ടീഷനിംഗ് സിദ്ധാന്തം അതിൽ ഏറ്റവും പഴമയേറിയ ഒന്നുമാത്രമാണ്. വ്യത്യസ്ത മേഖലകളിൽ ഗവേഷണം നടത്തി വ്യക്തമായ നിഗമനത്തിലെത്തുന്ന ഗെസ്റ്റാൾട്ട് സിദ്ധാന്തമാണ് പ്രധാനമെന്ന്. പിന്നെ, ഗെസ്റ്റാൾട്ട് എന്ന് വിളിക്കുന്ന മണ്ഡല (ഫീൽഡ്) സിദ്ധാന്തം ഓരോരുത്തരുടെ കർമ്മങ്ങളെയും, പ്രതികരണങ്ങളെയും നിയന്ത്രിക്കുന്നതുമായ്, അതിന്റെ സമ്പൂർണ്ണമായ കഴിവുകൾ ഒന്നിച്ചുചേർന്ന് അതിനെ ഉളവാക്കുന്ന അവബോധത്തെ അംഗീകരിക്കുന്ന സമഗ്ര സിദ്ധാന്തമാണ് ഗെസ്റ്റാൾട്ട് എന്ന മണ്ഡല സിദ്ധാന്തം. അറിയുക, ചിന്തിക്കുക, ബോധം ഉണരുക, ബോധവത്കരിക്കുക, ഒരു ലക്ഷ്യബോധം, താർക്കിക ചിന്തയിൽ നിന്ന് ഉണ്ടാകുന്ന സങ്കല്പങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കാനും, പ്രവർത്തിക്കുന്ന സഫലമാകുമോ എന്ന് നിരീക്ഷിച്ചുകൊണ്ട് കാത്തിരിക്കാനും കഴിയുക, അങ്ങനെ ശാസ്ത്രീയ രീതിയിൽ വിശ്വാസവും ധൈര്യം ഉളവാക്കുക മുതലായി മാനവർഗ്ഗത്തെ ഇതര ജൈവവർഗ്ഗങ്ങളിൽ നിന്ന് മാറ്റി നിർത്തുന്ന സവിശേഷ ഗുണങ്ങളെല്ലാം ഈ സിദ്ധാന്തം സമഗ്രമായി വിലയിരുത്തുന്നു. ഇവിടെ പഠിക്കുന്ന വ്യക്തി നിരന്തരം മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന സജീവമായ ഒരു ചുറ്റുപാടിൽ (മണ്ഡല

ത്തിൽ) വിന്യസിക്കപ്പെടുന്നു, ആ മണ്ഡലത്തിന്റെ തന്നെ മാതൃകയോ ഒരു ഭാഗമോ ആയിട്ടുള്ള ആയ മറ്റൊരു സജീവ മണ്ഡലമാണ്. (A dynamic system within a dynamic system a part of it or a little model of it) ഇങ്ങ നെ തരം സജീവമായ മണ്ഡലങ്ങൾക്കുള്ളിൽ നിരന്തരമായി നടക്കുന്ന ആന്തരിക വിന്യസിക്കപ്പെട്ട സജീവ വ്യക്തിത്വത്തിന് സംഭവിക്കുന്ന മാറ്റ ങ്ങളുടെ ആകെ തുകയാണ് അദ്ധ്യയനം അഥവാ വിദ്യാഭ്യാസം.

വളരെ ലജ്ജാവതിയും മൗനിയുമായി കഴിഞ്ഞു കൂടിയിരുന്ന ഞാൻ എന്ന വ്യക്തിയ്ക്ക് നല്ലൊരു പ്രാസംഗിക എന്ന പേര് ഇന്നെനിക്ക മാറ്റം വഴി കിട്ടിയതാണ്. ഈ മാറ്റത്തിന്റെ മണ്ഡലം ഞാൻ 27 വർഷം ജോലി ചെയ്ത അദ്ധ്യാപനരംഗമാണ്. എന്നിലെ അദ്ധ്യാ പികയാണ് ഞാൻ പോലും അറിയാതെ പ്രാസംഗിക എന്ന പേരിന് എന്നെ അർഹയാക്കിയത്.

ഗെസ്റ്റാൾട്ട് സൈക്കോളജിയുടെ പിതാവ് വെർതൈമർ ആയി രുന്നു. ഗെസ്റ്റാൾട്ട് ഒരു പ്രത്യേക ശൈലിയോ രൂപമോ ആണ്. വൈദികശൈലിയിൽ പറഞ്ഞാൽ ഒരു രൂപം. ഈ രൂപം അറിഞ്ഞാൽ അതുമായി സമ്പൂർണ്ണാവസ്ഥയിലെത്താൻ വ്യക്തിക്ക് സാധിക്കും. മണ്ഡലത്തോട് സമ്പൂർണ്ണാവസ്ഥയിലെത്താൻ മനുഷ്യ വസ്തുവിന് (പ്രകൃതിയുടെ ജീവികളിൽ) ഉടമയായ, പരിസ്ഥിതിയുടെ കഴിവുണ്ട്. അതിനെ പഠിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന വ്യക്തി യിൽ ക്രമമായി സംഭവിക്കുന്ന മാറ്റത്തിന്റെ "പോയിന്റാണ്" വിദ്യാഭ്യാസം. ഇത് ജീവിതാവസാനം വരെ സംഭവിച്ചു കൊണ്ടിരിക്കും.

ഒരു നല്ല അദ്ധ്യേതാവാണ് ഒരു നല്ല അദ്ധ്യാപിക. അദ്ധ്യയന പ്രക്രിയയിൽ ആവശ്യമായ തത്ത്വങ്ങളെ വിലയിരുത്താം.

1. ബുദ്ധിപരമായ യോഗ്യത (Intellectual efficiency)

408

2. പ്രായോഗിക വിജ്ഞാനം (Motor efficiency ഉൾപ്പെടെ)

ഭാരതീയ ജീവിത വീക്ഷണം, താല്പര്യങ്ങൾ, അഭ്യാസ ആദർശ ങ്ങൾ വിഷയങ്ങൾ എന്നിവ സൂക്ഷ്മമായി പരിശോധിച്ചാൽ അവയ്ക്ക് നടന്ന അധ്യയനത്തിന്റെ സ്വഭാവം മനസ്സിലാകും. നിർവ്വചിക്കാനാവാത്ത ഗുരു സാമീപ്യമായി, നിഷേധാത്മകവും ധനാത്മകവുമായ വശങ്ങളെല്ലാമുള്ള ഉദ്ദേശ്യം പോലും കൊണ്ട് ഉന്നതമായ ചിട്ടപ്പെടുത്തിയതാണ് ഗുരുശിഷ്യബന്ധം. ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ മാത്രമാണ് പാശ്ചാത്യ മനശ്ശാസ്ത്ര ജ്ഞർ ഗുരുശിഷ്യബന്ധത്തെ നിർവ്വചിക്കാനും പരിശോധിക്കാനും നിരന്തരം ശ്രമിക്കാനും തുടങ്ങിയത്. വിദ്യാർത്ഥികൾ തങ്ങൾ ഇഷ്ടപ്പെടുന്ന അദ്ധ്യാപ കരുടെ ക്ലാസുകളിൽ നിഷേധാത്മകമായി പെരുമാറുന്നില്ലെന്ന് അവർ കണ്ടു. വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരേയും മറിച്ചുമുള്ള പ്രതികരണങ്ങളിൽ അവരുടെ കാഴ്ചപ്പാടിലും വ്യക്തിത്വത്തിലുമുള്ള വിടവുകൾ മാത്രമാണ് പ്രതിഫലിക്കുന്നത്. ശുചിത്വമുള്ള വിദ്യാർത്ഥികളോട് തികച്ചും ധാർമ്മികമായ ഒരു സമീപനമുണ്ട് എന്ന് വിശ്വസിക്കുന്ന അദ്ധ്യാപകർ മാത്രമാണ് ആത്മാർത്ഥ തയോടെ അധ്യയനം ചെയ്ത്, നന്നായി ക്ലാസ്സ് ഭരണത്തോടെ അവരവരുടെ അദ്ധ്യാപകരുടെ ക്ലാസുകളിൽ വിദ്യാർത്ഥികളുടെ പെരുമാറ്റം നിഷേധാത്മക മല്ലെന്ന് പഠനങ്ങൾ വ്യക്തമാക്കി.

വിദ്യാർത്ഥികൾ അദ്ധ്യാപകരിൽ ഇഷ്ടപ്പെടുന്ന ഗുണങ്ങൾ എന്തൊ ക്കെയാണ്? ഡി. ജി. റയൻ (Evaluation of Studies of the characteristics of the effective teacher in improving Educational research) ഡി. എം. സിമൺസൺ (characteristics of the effective teacher based on people evaluation) എന്നിവരുടെ നിരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. നഴ്സറി, ജൂനിയർ വിഭാഗങ്ങളിൽ കുട്ടികൾ ഇഷ്ടപ്പെടുന്നത് മൈത്രീഭാവ ന്നവരും എന്തായും സൗഹൃദവും ആനന്ദഭാവവും പുലർത്തുന്നവരും

അടിസ്ഥാനപരമായ അധ്യാപകരെയാണ്. വേഷത്തിലും ശൈലിയിലു
മുള്ള വസ്ത്രധാരണം, മനോഹരമായ സംസാരം, ശാന്തസ്വഭാവം എന്നി
വയും അവരുടെ "ഇഷ്ട"ത്തെ സ്വാധീനിക്കുന്നു. ഹൈസ്കൂൾ, കോളേ
ജ് തലങ്ങളിൽ കുട്ടികൾക്കത്യാവശ്യം മനസ്സിലാക്കുന്നവരും, കണിശക്കാര
ല്ലാത്തവരും, സർവ്വോപരി ബഹുമാനിക്കപ്പെടുന്നവരും ആയ അദ്ധ്യാപ
കരാണ് ഇവരെന്ന്; അദ്ധ്യാപകരുടെ വേഷത്തിലും, വസ്ത്രധാരണത്തിലും, ഭാവ
പ്രകടനത്തിലുമുള്ള ഭാവം അനുകരിച്ചുവരികയാണ് മുതിർന്ന കുട്ടി
കളിൽ. മുതിർന്നവരോട്, പാഠ്യവിഷയത്തിൽ ഗാഢമായ അറിവ്,
വിശദീകരിച്ചു ലളിതമായി പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാൻ കഴിവ്,
നിഷ്പക്ഷമായ സമീപനം മുതലായവയും വിദ്യാർത്ഥികൾക്ക് കൂടുതൽ
മാർക്കു കൊടുക്കുന്നതാണ് ഇതിനു കാരണം. തന്നോട് കൂടുതൽ
സ്നേഹം (പക്ഷഭേദം) കാട്ടുന്ന സ്നേഹമൂർത്തിയായ ഗുരുവിനെ
(ഇവിടെ അധ്യാപിക/അധ്യാപകൻ) ഇഷ്ടപ്പെടുക പറയാൻ നഴ്സറി
ക്ലാസിലെ കുട്ടികൾക്കുള്ള വ്യഗ്രത മുതിർന്ന കുട്ടികളിലില്ല. അവിടെ
വിലമതിക്കപ്പെടുന്നത് സർവ്വോപരി നിഷ്പക്ഷമായ സമീപനവും,
വിഷയത്തിലുള്ള അവഗാഹവും, അധ്യാപനശേഷിയുമാണ്.
(കുട്ടികളുടെ കാര്യത്തിൽ പറഞ്ഞ ഈ പ്രത്യേകത ഏതാണ്ട്
എല്ലാവർക്കും ബാധകമാണ്.) തങ്ങളുടെ വിദ്യാഭ്യാസസ്ഥാപനത്തെ
മുതിർന്ന കുട്ടികൾ ഇഷ്ടപ്പെടുന്നത് അവിടെ തങ്ങൾക്കു ലഭിക്കുന്ന
വ്യക്തിപരവും സാമൂഹ്യവുമായ വളർച്ചയുള്ള അന്തരീക്ഷത്തെ
ആധാരമാക്കിയാണ്. അതിൽ ഒരു പങ്ക് ഒരു നല്ല അധ്യാപകനു
ണ്ട്. നല്ല വിദ്യാർത്ഥികൾ നല്ല അധ്യാപകരെ മനസ്സിലാക്കുന്നു; സ്നേ
ഹിക്കുന്നു. നല്ല അധ്യാപകർ തങ്ങളുടെ വിദ്യാർത്ഥികളെ സ്നേഹിക്കുന്നു.
അവർക്ക് സ്വന്തം കഴിവിൽ മതിപ്പും, ആത്മവിശ്വാസവും, ജീവിതത്തോ
ട് ധനാത്മക സമീപനവും, സുരക്ഷിതത്വബോധവും ഉള്ളതുകൊണ്ടാണ്

വിദ്യാർത്ഥികളുടെ കഴിവിൽ വിശ്വാസവും അവരിൽ സ്നേഹവും ഉള്ളതെന്ന് നിലയെന്ന് സമർത്ഥിച്ചു. അതേപോലെ മറ്റൊന്നു കൂടി കണ്ടെത്തി. കൗമാര പ്രായത്തിൽ (ബോധം ഉണരാൻ തുടങ്ങി, യുവത്വം വികസിച്ചിട്ടില്ല എന്ന അവസ്ഥ) കുട്ടികൾക്ക് അദ്ധ്യാപകരോട് പൊതുവെ ഇഷ്ടക്കേടാണ്. ലക്ചർ ക്ലാസുകൾ മുതിർന്നവരുടെ (അദ്ധ്യാപകരുടെ) ഏകാധിപത്യത്തിന്റെ പ്രതിബിംബമാണെന്ന തെറ്റിദ്ധാരണയാണ് ഇതിനു കാരണം. കൂടുതൽ പക്വത വരുമ്പോൾ മാത്രമാണ് ലക്ചർ ക്ലാസുകൾ തനിക്ക് പഠനത്തിന് സഹായം ചെയ്യുന്നവ മാത്രമാണ് എന്ന ബോധത്തോടെ അവയെ സമീപിക്കുന്നത്. താൻ സ്വയം വായിച്ചും പഠിച്ചും നേടുന്ന അറിവിനോട് അദ്ധ്യാപകരുടെ അനുഭവസമ്പത്തിനെ സമന്വയിപ്പിച്ച് വിജ്ഞാന മണ്ഡലത്തിലെ കൂടുതൽ മേഖലകൾ കയ്യടക്കാൻ സജ്ജീകരണമെന്ന രീതിയിൽ മുതിർന്നവർ ലക്ചർ ക്ലാസുകളെ (പ്രസംഗങ്ങളെയും) ഉപയോഗിക്കുമ്പോൾ കുട്ടികൾക്ക് അവ വെറും "ബോറടി"യാണ്. എന്തു പഠിക്കുന്നു എന്നതിനേക്കാൾ പ്രാധാന്യം "എങ്ങനെ പഠിക്കുന്നു", "എന്തു കൊണ്ടു പഠിക്കുന്നു" എന്നീ ചോദ്യങ്ങൾക്കാണെന്ന് വിദ്യാഭ്യാസ വിചക്ഷണർക്ക് അറിയാം.

നൂറ്റിയമ്പതോ ഇരുനൂറോ കുട്ടികളുള്ള ഒരു ക്ലാസിൽ വളരെ ചെറിയൊരു ശതമാനം കുട്ടികൾ മാത്രമാണ് പക്വമതികളായുള്ളവർ (15 - 20%) മറ്റുള്ളവരും തന്നെ ലക്ചർ ക്ലാസുകളെ പലവിധത്തിൽ ഉപയോഗപ്പെടുത്തുന്നവരാണ്. ഉച്ചയ്ക്കു ഊണു കഴിഞ്ഞ് ഉറക്കം വരുന്ന സമയത്താണ് മെഡിക്കൽ കോളേജിൽ ലക്ചർ ക്ലാസുകളുടെ സമയം. അതു കൊണ്ട് അദ്ധ്യാപകർ അല്പം കൂടുതൽ ശ്രദ്ധിച്ച് ക്ലാസുകളെ സരസവും, ഉറക്കം വരുത്താത്തവയും ആക്കേണ്ടിവരുന്നു. അനുഭവസമ്പന്നരായ അദ്ധ്യാപകർ തങ്ങളുടെ സ്വാനുഭവങ്ങൾ- (ഉദാഹരണമായി വിഷമം പിടിച്ച ഒരു ഡയഗ്നോസിസ് കണ്ടെത്തിയത്) പറയുമ്പോൾ അത് കുട്ടികൾക്ക് കൂടുത

ൽ ശ്രദ്ധേയമാവും.

എന്റെ ദൃഷ്ടിയിൽ നാലാമത്തെ നാമമായെന്നോൺ പ്രശ്നത്തെ "സബ്ജക്ടിലെ കാറത്തിടപാ"യിട്ടാണ് കണ്ടിരുന്നത്. അദ്ധ്യാപകർ തങ്ങളുടെ സബ്ജക്ടിലെ "കാറ" ത്തിടപാതെ തിരിച്ചറിയാൻ എന്തു ചെയ്യുന്നു? ക്ലാസിലെ ഓരോ കുട്ടിയുടേയും ചെവികളിലെത്തി, മനസ്സിലേക്ക് തുളച്ചുകയറി അവതരിപ്പിക്കണം. വിഷയം അദ്ധ്യാപകരുടെ മനസ്സിൽ തുളച്ചുകയറിയതാണെങ്കിലേ ഇതു സാധിക്കൂ. അതായത്, സ്വയം പഠനപ്രക്രിയയിലേർപ്പെടുക എന്നതും നിരന്തരം അന്വേഷിക്കുന്നവരേ, വിദ്യാർത്ഥികളെ പഠനത്തിലെത്തിക്കാനാവൂ.

1989ൽ 180 കുട്ടികളുള്ള ഒരു ക്ലാസിന് ഞങ്ങൾ (കോഴിക്കോട് മെഡിക്കൽ കോളേജ് പത്തോളജി വിഭാഗം അദ്ധ്യാപകർ) ഒരു ചോദ്യാവലി നൽകി. ഇവരിൽ 88 പേരാണ് 85ൽ അധികം ശതമാനം അറ്റൻഡൻസ് ഉണ്ടായിരുന്നവർ) ചോദ്യാവലി പൂരിപ്പിച്ചു.

I. ഒന്നാം വർഷം പത്തോളജി ഡിപ്പാർട്ട്മെന്റിൽ പഠിച്ചപ്പോൾ നിങ്ങൾക്ക് തോന്നിയ പ്രയാസങ്ങളിൽ ഏതു വിഭാഗമാണ് ഉണ്ടായിട്ടുള്ളത്.

a) സബ്ജക്ടിൽ സ്വാഭാവികതാല്പര്യം; പത്തോളജിസ്റ്റ് ആകണം എന്ന ~~[illegible]~~ മോഹം.

b) അങ്ങനെ മോഹമില്ല. എന്നാൽ ഒരു ഡോക്ടർക്ക് പത്തോളജിയിലുള്ള വിജ്ഞാനം അത്യാവശ്യമാണെന്ന് കരുതുന്നു.

c) ഒരു നല്ല ക്ലിനിഷ്യനാവാൻ ക്ലിനിക്കോ-പത്തോളജിക്കൽ correlation അറിയണം.

d) ഒരു നല്ല ക്ലിനിഷ്യനാവാൻ പത്തോളജി പഠിക്കേണ്ടതില്ല.

II ഒരു അദ്ധ്യാപന ശാസ്ത്രമാണ് എന്നെ ഉപകരിച്ചത്?

a) ഗുരുട്ട് ചാട്ടു

b) ഇംഗ്ലീഷ് ലക്ചർ അദ്ധ്യാപനവും.

c) സ്വയം പഠനം

III പഠനാനുഭവത്തിലെ സ്ഥാനത്തിന് കുട്ടികളോടുള്ള സമീപനം

a) സംശയം തീർത്ത് കൊടുക്കാൻ തയ്യാറാണ് കരുതാം

b) സമീപിക്കാൻ തന്നെ സാധിക്കാത്ത പെരുമാറ്റം.

c) കുട്ടികളെ കൂടുതൽ ശ്രദ്ധിക്കില്ല. സമീപിക്കാം

IV ക്ലാസ് മുറിയിലെ പെരുമാറ്റം

a) അദ്ധ്യാപകൻ സംശയം തീർത്തു തരാൻ സന്നദ്ധനാണ്

b) സമീപിക്കാൻ സാധ്യമല്ല

c) കുട്ടികളെ കൂടുതൽ ശ്രദ്ധിക്കില്ല.

V ക്ലാസിൽ സംസാരിക്കുകയോ ഉറങ്ങുകയോ ചെയ്യുന്ന കുട്ടികളോട് അദ്ധ്യാപകരുടെ പ്രതികരണം.

1) ശ്രദ്ധിക്കുന്നില്ല.

2) ശകാരിക്കുന്നു.

3) ചോദ്യം ചോദിക്കുന്നു

4) മൊഴിയായി ഉണർത്തുന്നു.

VI ലക്ചർ ക്ലാസിൽ താങ്കൾ താഴെ പറയുന്നവയിൽ ഏതു തരം ശ്രവണ ഉപയോഗിക്കുന്നു?

a) മാർജിനൽ ലിസനിങ്ങ് - (അദ്ധ്യാപകന്റെ വാക്കുകൾ കേൾക്കുന്നു. പക്ഷേ ക്ലാസ്സിൽ വിട്ടോരോ മനസ്സിൽ നിറയുന്നു)

b) അറ്റൻ്റീവ് ലിസനിങ്ങ് (മനസ്സിൽ നിർത്തുന്നു. അവയെ സ്വന്തം സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുന്നു)

c) Projective listening. (മനസ്സിൽ നിർത്തുന്നു. അവ സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ മാത്രമല്ല, അദ്ധ്യാപകരുടെ അനുഭവത്തിന്റെ വെളിച്ചത്തിലും

അംഗീകരിക്കുന്ന ഉപദേശം നിങ്ങൾ സ്വീകരിക്കുന്നു)

VII തിയറി ക്ലാസുകൾ
a) അത്യാവശ്യം
b) ഉപകാരപ്രദം
c) അനാവശ്യം.

VIII അദ്ധ്യാപകർ പഠിപ്പിക്കുന്ന രീതി
a) നോട്ട് എഴുതി വായിക്കൽ
b) ലക്ചർ
c) ട്യൂട്ടോറിയൽ സിസ്റ്റം.

IX ലക്ചർ ക്ലാസുകൾ എടുക്കേണ്ടത് ആര്?
a) ബിരുദാനന്തരബിരുദത്തിൽ ഒന്നാം ക്ലാസ്സ്
b) അസിസ്റ്റന്റ് പ്രൊഫസർ തസ്തികക്കു മുകളിലുള്ള സ്ഥാനക്കാർ.

X ദൃശ്യ ശ്രവണ മാധ്യമങ്ങൾ ക്ലാസ്സെടുക്കാൻ
a) അത്യന്താപേക്ഷിതം
b) ഉപകാരപ്രദം
c) അനാവശ്യം.

XI ഓരോ വിഷയത്തിനും നീക്കിവെച്ച ക്ലാസ്സ് സമയം
a) കൃത്യം
b) കൂടുതൽ
c) കുറവ്.

XII ഒട്ടേറെ വിശദമായി ക്ലാസിൽ വിവരിക്കേണ്ടതായിരുന്നെന്ന് നിങ്ങൾ കരുതുന്ന ഏതെങ്കിലും ഭാഗം/വിഷയം ഉണ്ടെങ്കിൽ അത് സൂചിപ്പിക്കുക.

XIII പരീക്ഷയിലെ അദ്ധ്യാപനനിലവാരം
a) നിങ്ങളുടെ ഗ്രാഹ്യശക്തിക്കു അനുഗുണം.

b) ദോഷകരം.

c) ഭേദം.

XIV ക്ലാസിൽ പ്രോജക്ട് ചെയ്യിക്കുന്നത്

a) ഉപകാരപ്രദം

b) ഉപകാരമില്ല.

c) ഉപദ്രവകരം.

XV ചിത്രം വരയ്ക്കുന്ന പ്രോജക്ട് ഉൽപ്പന്നങ്ങളുടെ എണ്ണം.

a) കൂടുതൽ

b) മിതം (optimum)

c) കുറവ്

XVI പ്രോജക്ട് ക്ലാസ് എങ്ങനെ നടത്തണം.

a) ശുദ്ധശാസ്ത്രം മാത്രം.

b) ശുദ്ധശാസ്ത്രവും ടെക്നോളജിക്ക് പ്രാധാന്യവും

c) ശുദ്ധശാസ്ത്രം + ടെക്നോളജി + പ്രോജക്ട് പ്രസന്റേഷൻ.

d) ശുദ്ധശാസ്ത്രം + പ്രോജക്ട് പ്രസന്റേഷൻ

XVII പ്രോജക്ട് ക്ലാസിൽ ഒരോ വർഷവും വിദ്യാർത്ഥികൾക്കും നൽകുന്ന വിഷയം നിശ്ചയിച്ചു കൊടുക്കൽ

a) ഒരേ തരത്തിലാവണം.

b) ഒരേ തരം തന്നെ ആവരുത്

XVIII ഒഴിവുസമയങ്ങൾ.

a) പ്രോജക്ട് പഠനത്തിനായി സഹായകമാണ്

b) സഹായകമല്ല.

XIX ക്ലിനിക്കൽ പരീക്ഷണങ്ങളും പ്രോജക്ടും

a) ഉപകാരപ്രദം.

b) ഉപകാരമില്ല.

c) വെറുതെ സമയം കളയുന്നു.

XX താഴെ പറയുന്ന ഗുണങ്ങളിൽ ഏതെല്ലാമാണ് നല്ല അദ്ധ്യാപകന് വേണ്ടത്. (അതിലധികം ഗുണങ്ങൾ ഉണ്ടെങ്കിൽ അതൊന്നിന്റെ നേർക്കും ✓ ചിഹ്നമിടുക)

a) നല്ല ശബ്ദധാരണം
b) ക്ഷമ, താഴ്മ
c) പക്വത, വിശ്വസ്തത
d) വിഷയത്തിൽ അഗാധ പരിജ്ഞാനം, ബുദ്ധി
e) ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം.
f) lack of self consciousness.
g) ക്ലാസിൽ അച്ചടക്കം പാലിക്കാനും മറ്റും ഉണ്ടാവേണ്ടുന്ന ബോധം.
h) വിദ്യാർത്ഥികൾക്കിടയിൽ പോപ്പുലർ ആകാൻ വേണ്ടി അച്ചടക്ക പരിപാലനത്തിൽ അയവില്ലായ്മ.
i) സമഗ്ര വ്യക്തിത്വവും സുസ്മിതവദനവും.
j) വിദ്യാർത്ഥികളോട് ധാർമ്മികമായി ഉണ്ടായിരിക്കേണ്ട ബോധം.

XXI വിദ്യാർത്ഥി ജീവിതത്തിൽ താഴെ പറയുന്ന അനുഭവമുണ്ടായിട്ടുണ്ടോ?
a) പുതിയൊരു വിഷയം പഠിക്കാൻ പ്രയാസമായാൽ വിജ്ഞാനനേട്ടം ബുദ്ധിമുട്ടായിത്തീരുന്നു.
b) പഠിക്കാൻ വിഷമമില്ല. ഓർമ്മയാണ് പ്രശ്നം
c) പഠനത്തിനുപയോഗിക്കുന്ന 1½ മണിക്കൂറിൽ ഓർമ്മ നിലനിൽക്കുന്നുണ്ടോ?
d) ഈ ക്ലാസിൽ "ധ്യാന" പരിശീലനം ചെയ്ത് വിജയിക്കാനുള്ള കഴിവ് കൂടിയിട്ടുണ്ടോ?
e) ധ്യാന വിശകലനം ചെയ്ത് വിശദീകരിക്കാൻ കഴിവ് ഉണ്ടാവും

കാര്യ ശക്തി വര്‍ദ്ധിക്കും എന്ന് വിശ്വസിക്കുന്നുണ്ടോ?

f) അദ്ധ്യാപകര്‍ പാഠ്യ വിഷയത്തെ പിടിച്ചെടുത്ത് അവതരിപ്പിക്കുന്ന സമ്പ്രദായരീതികൊണ്ട് ഈ കഴിവ് വര്‍ദ്ധിക്കുന്നുണ്ടോ?

XXII താഴെ പറയുന്ന രണ്ടു കാര്യങ്ങളെ കുറിച്ചു എന്താണഭിപ്രായം?

1. ചര്‍ച്ച ലക്ചറിനേക്കാള്‍ ഭേദമാണ്. ലക്ചര്‍ വെറുതെ വായിക്കുന്നതിനേക്കാള്‍ ഭേദവും.

2. നോട്ട് എഴുതി എടുക്കുന്നത് പഠനത്തെ സഹായിക്കുന്നു.

a) രണ്ടും ശരി.
b) രണ്ടും തെറ്റ്
c) ഒന്നാമത്തെ മാത്രം ശരി
d) രണ്ടാമത്തെ മാത്രം ശരി.

XXIII പരീക്ഷാസമ്പ്രദായം

a) ഇപ്പോഴുള്ളത് നല്ലത്.
b) മാറ്റം വരുത്തണം.

XXIV ഉപന്യാസ രീതിയിലുള്ള ചോദ്യങ്ങള്‍

a) 20% മാര്‍ക്കിന് വേണം.
b) 25-50% "
c) ആവശ്യമേ ഇല്ല.

XXV ചെറിയ ചോദ്യങ്ങള്‍ (Short Question)

a) 50%
b) 50-75%
c) 75% & above.

XXVI ഒബ്ജക്റ്റീവ് ടൈപ്പ്.

a) 50%.
b) < 50%.
c) > 50%.
d) ആവശ്യമില്ല.

XXVII പരീക്ഷക്ക് ചോദിച്ച ചോദ്യങ്ങൾ

a) Relevant ആയിരുന്നു.

b) irrelevant "

XXVIII ട്യൂഷൻ നടത്തുന്ന അദ്ധ്യാപകർ

a) പാഠഭാഗം തീർക്കുന്നു.

b) ശ്രദ്ധിക്കാതെ തീർക്കുന്നു.

c) വളരെ മോശം

XXIX ടെക്നോളജി ക്ലാസുകൾ

a) ബോറിങ്

b) സഹിക്കാം

c) രസകരം.

XXX ഏറ്റവും നല്ല ടെക്നോളജി ക്ലാസുകൾ എടുക്കുന്നത്

a) സീനിയർ സ്റ്റാഫ്

b) ജൂനിയർ സ്റ്റാഫ്

c) ബിരുദാനന്തര വിദ്യാർത്ഥികൾ

(ഈ ചോദ്യത്തിന് അദ്ധ്യാപകരുടെ പേര് എഴുതാവുന്നതാണ്)

XXXI ഏറ്റവും നല്ല (പ്രീ)ക്ലിനിക്കൽ വിഷയമേത് -

a) ടെക്നോളജി

b) മൈക്രോബയോളജി

c) ഫാർമക്കോളജി

d) ബയോകെമിസ്ട്രി

e) ഫിസിയോളജി.

f) അനാട്ടമി.

XXXII അദ്ധ്യയന സമ്പ്രദായം മെച്ചപ്പെടുത്താൻ താങ്കളുടെ Suggestions.

XXXIII താങ്കളുടെ ക്ലാസ് ആവറേജ് മാർക്ക്

a. 40 – 50%.
b) 40% ൽ കുറവ്.
c) 50 to 60%
d) 60% ൽ അധികം.

XXXIV താങ്കളുടെ അറ്റൻഡൻസ് %.

a) 85% ൽ അധികം.
b) 85% ൽ കുറവ്.

ഒരു ഗ്രൂപ്പ് വിദ്യാർത്ഥികൾക്ക് ഇത്തരമൊരു ചോദ്യാവലി കൊടുക്കുന്നത് "കണക്ക് ടീച്ചിംഗ്" രീതിയിൽ അവരുടെ 'ഗ്രൂപ്പ് പ്രതികരണം' അറിയുന്നതിനാണ്. അദ്ധ്യാപകർക്ക് തങ്ങളുടെ അദ്ധ്യാപനരീതിയെക്കുറിച്ച് വിദ്യാർത്ഥികളുടെ "ഫീഡ് ബാക്ക്" ലഭിക്കുന്നു. അതിനും പുറമെ, വിദ്യാഭ്യാസവിചക്ഷണന്മാർക്ക് ഒരു ഗ്രൂപ്പിന്റെ മനശ്ശാസ്ത്രം അളക്കാനുള്ള ഉപകരണവുമാണത്. ഒരു പ്രത്യേകത, ഇത്തരം വിദ്യാഭ്യാസ മനശ്ശാസ്ത്ര പഠനങ്ങൾക്ക് Arithmetic mean ഉപയോഗിക്കാനൊക്കില്ലെന്നതാണ്. കാരണം, ഇവിടെ നാം അളക്കുന്നത് (പഠിക്കുന്നത്) ഒരു അളവിനെ (Quantity) അല്ല. ഒരു ഗുണത്തെ (Quality) ആണ്. ഇത്തരം പഠനങ്ങൾക്ക് mode ഉപയോഗിച്ചാൽ മതി. Mode എന്നാൽ the score of the largest frequency: ഏറ്റവും അധികം ആവർത്തിക്കപ്പെടുന്നതിന്റെ സ്കോർ. 34 ചോദ്യങ്ങൾക്ക് ലഭിച്ച ഉത്തരങ്ങളെ വിശകലനം ചെയ്യും മുമ്പ് അവയെ 4 ഗ്രൂപ്പാക്കി തിരിക്കാം.

1. അദ്ധ്യയനരീതിയെക്കുറിച്ച് (പ്രാക്ടിക്കൽ, തിയറി ക്ലാസുകൾ) നേരിട്ടുള്ള (direct) ചോദ്യങ്ങൾ.

2. പരീക്ഷാസമ്പ്രദായത്തെപ്പറ്റിയുള്ള ചോദ്യങ്ങൾ
3. അദ്ധ്യാപകർ, ഡിപ്പാർട്ട്മെന്റ്, അദ്ധ്യയനരീതി എന്നിവയെപ്പറ്റിയുള്ള അഭിപ്രായങ്ങൾ
4. വിദ്യാർത്ഥിമനസ്സുമായി സംബന്ധിയായ ചോദ്യങ്ങൾ.

1, 2, 3 ഗ്രൂപ്പുകളിലെ ചോദ്യങ്ങൾ വിദ്യാർത്ഥി അദ്ധ്യാപകന്റെ സ്ഥാനത്തെ അളക്കുന്നവയാണ്. അവ അദ്ധ്യാപകൻ സ്വന്തം അദ്ധ്യാപനരീതി ശരിപ്പെടുത്തുന്നതിനും സ്വയം വിമർശനത്തിനും ഉപയോഗിക്കുന്നു. നാലാമത്തെ ഗ്രൂപ്പിലെ ചോദ്യങ്ങൾ കൊണ്ട് അദ്ധ്യാപകരിലെ വിദ്യാർത്ഥിമനസ്സുകളെ തങ്ങളുടെ വിദ്യാർത്ഥികളെ അളക്കുന്നു. (അവരുടെ ബുദ്ധിശക്തി, മനസ്സിന്റെ പക്വത, ശ്രദ്ധ, എന്നിവ)

ചോദ്യം നമ്പർ രണ്ടിന് 122 പേർ ഗ്രൂപ്പ് ഡിസ്കഷനും 36 പേർ ലക്ചർ ക്ലാസും 26 പേർ സ്വയംപഠനവും തെരഞ്ഞെടുത്തു: അതൊരു direct ചോദ്യമാണ്. ഇതേ ചോദ്യം മറ്റൊരു വിധത്തിൽ (ചോദ്യം 7-) ചോദിച്ചപ്പോൾ 110 പേർ ട്യൂട്ടോറിയൽ ക്ലാസ് ഉപയോഗപ്രദമാണെന്നും 52 പേർ ആവശ്യമാണെന്നും പറഞ്ഞപ്പോൾ 18 പേർ മാത്രം അനാവശ്യമെന്ന് കരുതി. 71 പേർക്ക് lecture ചെയ്യുന്നതാണിഷ്ടം. 56 പേർക്ക് നോട്ട് കൊടുക്കുന്നത്. 51 പേർക്ക് ട്യൂട്ടോറിയൽ ഇഷ്ടമാണ്. ഈ 3 ചോദ്യങ്ങളെ ഒന്നിച്ചെടുത്ത് analyse ചെയ്താൽ ലക്ചർ ക്ലാസുകളോടൊപ്പം ഇടയ്ക്ക് ഗ്രൂപ്പ് ഡിസ്കഷനുകൾ കൂടി ചേർന്നാൽ പാഠ്യപദ്ധതി കൂടുതൽ മെച്ചപ്പെടുത്താമെന്ന് മനസ്സിലാവും. ഈ 3 ചോദ്യങ്ങളുടെ ഒരു ചുരുക്ക രൂപമാണ് ചോദ്യം 22. 74 പേർ ചർച്ച ലക്ചർ ക്ലാസിനോടൊപ്പം, ലക്ചർ ക്ലാസ് സ്വയംപഠനത്തെ അത്ര ഗുണകരവും, നോട്ട് എഴുതി

420

പെടുന്നതിന്നു് ഉപകാരപ്രദവും ആണെന്ന് അഭിപ്രായപ്പെടുന്നു. 42 പേർ ചർച്ചയെക്കുറിച്ചു് വിശ്വസിക്കുന്നു. 48 പേർ നോട്ടെഴുത്തിനോടു് വിശ്വസിക്കുന്നു. 4 പേർക്ക് ചർച്ചയോടും നോട്ടെഴുത്തിനോടും വിശ്വസിച്ചിട്ടാണ്. (ചാർട്ട് നോക്കു).

Q: No: 22





ഒന്നാംഭാഗത്തോടു യോജിക്കുന്നവർ ആകെ - 74 + 42 = 116.
രണ്ടാംഭാഗത്തോടു " " 74 + 48 = 122

ഗ്രൂപ്പ് ഡിസ്കഷൻ (ചർച്ച), കുട്ടികൾക്ക് അത്യാവശ്യം പോയിന്റ്സ് നോട്ട് കുറിച്ചു് എടുക്കാവുന്ന വിധം സാവധാനത്തിൽ ലക്ചർ ചെയ്യുന്ന സമ്പ്രദായം (നോട്ടെഴുത്തല്ല), അതോടൊപ്പം സ്വയം പഠനത്തിന്ന് ഉള്ള സൗകര്യങ്ങൾ എന്നിവയോടുകൂടിയതാവണം വിദ്യാഭ്യാസപദ്ധതിയുടെ ശൈലി എന്ന് ഈ analysis കാണിക്കുന്നു. ഇത് ചാൾസ് സ്കിന്നറുടെ Educational psychology എന്ന ഗ്രന്ഥത്തിൽ പറയപ്പെട്ടതു തന്നെയാണ്.

അധ്യയനനിലവാരം ഉയർത്താം	153
ക്ലാസിൽ ചോദ്യം ചോദിക്കുന്നതു് ഉപകാരം	102
തിയറി ക്ലാസുകൾ സഹായിക്കാവുന്നവ	107
രസകരം	48
ബോറിങ്	16.

87 പേർക്ക് ഇപ്പോഴത്തെ ട്രെയിനിങ്ങിനെക്കുറിച്ച് വിശ്വാസ്യമെന്നു പറയാനാവി-
യാണ്. 82 പേർക്ക് സീനിയർ സ്റ്റാഫിന്റെയും 27 പേർക്ക് ജൂനിയർ
സ്റ്റാഫിന്റെയും 15 പേർക്ക് പി.ടി. സ്റ്റുഡന്റിന്റെയും ക്ലാസുകളാ-
ണ് ഇഷ്ടം. 103 പേർ അദ്ധ്യാപകർ approachable എന്നും,
71 പേർ സൗഹൃദം പുലർത്തുന്നവരെന്നും 4 പേർ വളരെ strict
എന്നും വിധിയെഴുതി. ക്ലാസിൽ സൊറ കളിക്കുന്നവരോട്
അദ്ധ്യാപകർ ഇണങ്ങി പെരുമാറുന്നു എന്ന് 28 പേരാണ് കരുതുന്നത്.
41 പേർ അവർ അതിനെ ശാസനാവിധേയമാക്കുന്നു എന്നെഴുതി.
33 പേർ ശ്രദ്ധിക്കാനേ ഇല്ല എന്നെഴുതിയപ്പോൾ, 68 പേർ
അദ്ധ്യാപകർ കുട്ടികളുടെ "സൊറ" സഹിക്കുകയാണെന്നെഴുതി.
അദ്ധ്യാപകർ ക്ലാസ്സ് മുറിയിൽ വിദ്യാർത്ഥികളോട് എങ്ങനെ പെരു-
മാറുന്നു എന്ന് വിദ്യാർത്ഥിയുടെ വാക്കിൽ കൂടിത്തന്നെ അറിയാനാണ്
ഈ ചോദ്യം. ഇതേ ചോദ്യം മറ്റൊരു വിധത്തിൽ ചോദി-
ച്ചിട്ടാണ് ഒരു വിദ്യാഭ്യാസ മനശ്ശാസ്ത്രജ്ഞൻ വിദ്യാർത്ഥിയിൽ നിന്ന്
യഥാർത്ഥ ഉത്തരം കാണുന്നത്. ഇതൊരു
leading Question ആണ് ചോദ്യം 20. അവിടെ സൊറ
കളിക്കുമ്പോൾ അദ്ധ്യാപകൻ ചൂടാവുമോ എന്നു ചോദിക്കുന്ന-
ത്. സൊറ കളിക്കുമ്പോൾ അച്ചടക്കം പാലിക്കുന്നതാണോ,
അല്ലയോ ഒരു അദ്ധ്യാപകന്റെ കർത്തവ്യമെന്നാണ് ചോദ്യം.
അപ്പോൾ ലഭിച്ച ഉത്തരം ചാർട്ടിൽ താഴെ കാണുക.
180 കുട്ടികളിൽ പകുതിയിലധികം പേർ (117, 91)
വിഷയത്തിൽ അനായാസ പരിജ്ഞാനവും, വിദ്യാർത്ഥികളോട് ധാർമ്മിക-
മായ ഉത്തരവാദിത്തവുമാണ് നല്ല അദ്ധ്യാപകരുടെ ലക്ഷണമെന്ന്
വിധിയെഴുതി.



ഒരു ഗ്രൂപ്പ് എന്ന നിലയിൽ മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള മാനസികമായ പക്വതയേയും ശാസ്ത്രീയ വീക്ഷണത്തേയും ഈ ചാർട്ട് കാണിക്കുന്നു. സിമോണിന്റേയോ വിററിയുടേയോ പഠനങ്ങളിലൊന്നും അദ്ധ്യാപകരുടെ ഗുണ'മായി എളിമയും താഴ്മയും പറയുന്നില്ല. ഒരു കോഎജ്യുക്കേഷനൽ ഗ്രൂപ്പിൽ ചോദ്യാവലി കൊടുക്കുകയും, അതിൽ പെൺകുട്ടികൾ ഭൂരിപക്ഷവുമായും ചെയ്യുമ്പോൾ മാത്രമാണ് എളിമയും താഴ്മയും "ഗുരു"വിന്റെ ഗുണങ്ങളാണെന്ന് കുട്ടികൾ കരുതുന്നത്. അത്, ഒരു സ്ത്രീയുടെ ഗുണങ്ങൾ (സ്ത്രീയെ സംബന്ധിച്ചേടത്തോളം താഴെ നിന്ന വ്യക്തിയുടെ — ഭാര്യയുടെ ഗുണങ്ങൾ) എളിമയും താഴ്മയുമാണ് എന്ന് നേരത്തെ പെൺകുട്ടികളെ മനസ്സിൽ ബ്രെയിൻ വാഷ് ചെയ്തു വെച്ചിരിക്കുന്നതുകൊണ്ടാണ് എന്ന സിമോണിന്റെയും വിററിയുടേയും നിരീക്ഷണം നമുക്ക് അംഗീകരിക്കേണ്ടതുണ്ട്. ഗുരു എന്ന വിദ്വാൻ 'വിനയ' ശാലിയാവുന്നത്

തന്റെ ജ്ഞാനത്തിന്റെയും യുക്തിയുടേയും പരിമിതിയെക്കുറിച്ചു ബോധം ഉണ്ടായാണ്. അതല്ലാതെ, യുക്തിരഹിതമായതിന്റെ ടേയും തന്ത്രത്തിന്റെയും ആവശ്യകത വരുന്ന സന്ദർഭങ്ങളിൽ അവിടെ വിശ്വാസം അർപ്പിച്ച് സഭയുടെ മുമ്പിൽ താഴ്ത്തിയ ചെന്നാണെന്ന് ദൈവികമെന്നതിലല്ല; അതിനെ മുമ്പിലെ ക്കൂടെയായ ചുറ്റുമുള്ളതിലുമല്ല.

6, 21, 22 എന്നീ ചോദ്യങ്ങൾ എന്നെ പറ്റിയുള്ള തെറ്റിദ്ധാരണ വെളിച്ചം വീഴുന്നത്. 68 പേർ തങ്ങൾക്ക് മാർജിനൽ ശൈലി ഉണ്ട് എന്ന് പറഞ്ഞു. 69 പേർക്ക് അഡാപ്റ്റീവ് ശൈലിയുണ്ട്. 29 പേർക്ക് പ്രൊജക്റ്റീവ് ശൈലി ഉണ്ട്. 14 പേർ ഉത്തരം നൽകിയില്ല. പ്രൊജക്റ്റീവ് ശൈലിയിൽ സാധാരണക്കാരുടെ ശൈലിയല്ല. ക്രിസ്തുവിന്റെ ശൈലിയാണ്. ക്ഷമാശീലവും, ഉദാരമനസ്ഥിതിയും, വാത്സല്യത്തിന്റെ മാധുര്യം projective listening എന്ന കേൾക്കലിന്റെ ശൈലിയോടെ വേണം. അതിന്റെ അർത്ഥം മനസ്സിലാക്കാൻ മനുഷ്യനെ തന്നെ മനസ്സിലാക്കാൻ മനുഷ്യൻ ജീവിക്കുന്ന സാഹചര്യത്തിന് തന്നെ ചുറ്റുപാടിൽ മനുഷ്യന്റെ സ്ഥാനത്ത് നമ്മെ വെച്ച് മനുഷ്യന്റെ ചിന്തകൾ നമ്മിൽ reconstruct ചെയ്യാൻ ശ്രമിക്കുമാണ്. (നമ്മിലൂടെ മനുഷ്യനാകുന്ന ഇങ്ങനെ കേൾക്കൽ തന്നെ തങ്ങളുടെ ഉള്ളിൽ reconstruct ചെയ്യും) നമ്മൾ യേശു ക്രിസ്തുവിനെയും ക്രൂശിനെയും ഒക്കെ ഇങ്ങനെ കേൾക്കൽ ശൈലികൊണ്ട് നമ്മിൽ പുനരുജ്ജീവിപ്പിക്കാനാവും. ഇത് അത്രപെട്ടെന്ന് സാധ്യമാകുന്ന ഒന്നല്ലെങ്കിലും എന്നാൽ തികച്ചും അസാധ്യമായൊരു കാര്യവുമല്ല.

എന്റെ ക്ലാസ്സിൽ കൂട്ടുകാർ ഇരിക്കുന്ന സമയം കേട്ടുകൊണ്ടാണ് ഞാൻ ഒരു പദം ഉച്ചരിക്കുന്നു. "ശൂന്യ" എന്ന പദമാണ് ഞാൻ ഉച്ചരിക്കുന്നതെന്ന് വിചാരിക്കുക. ഒരാൾ Zero എന്ന് മനസ്സിലാക്കുന്നു; ഗണിതത്തിലെ ഒരു സിംബൽ എന്നു മനസ്സിലാക്കുന്നു. മറ്റൊരാൾ "സംസാരം" ആയ ഒരു പദം ഒരു വ്യക്തി പറഞ്ഞു എന്ന് ശ്രദ്ധിക്കുന്നു, എല്ലാവർക്കും അറിയാവുന്ന ഒരു സാധാരണ വാക്യമായതിനാൽ, അത്രയും ചിന്തിച്ച് നിർത്തുന്നു. ഇത് marginal listening.

മറ്റൊരാൾ സ്വന്തം അറിവും അനുഭവവും വെച്ച് ആ ശബ്ദത്തിന്റെ അർത്ഥതലങ്ങൾ തേടിച്ചെന്ന് അതിനെ മനസ്സിലാക്കുന്നു. ഈ സംഖ്യ രേഖയാണ് ലോകത്തിന് സംഭാവന ചെയ്തതെന്ന് അയാൾ അറിയുന്നു. ഇന്ത്യയിലും യൂറോപ്പിലും 'ശൂന്യവാദി'കളായ തത്വചിന്തകർ ഉണ്ടായിരുന്നെന്നും അവരുടെ തത്വചിന്തയെന്തെന്നും ഈ വ്യക്തി കണ്ടെത്തിയേക്കാം. അതിനെ സ്വാനുഭവ സന്ദർഭത്തിൽ വിലയിരുത്തുകയും ചെയ്തേക്കാം. ഇത് attentive listening. താൻ മുമ്പ് കേട്ടതും അറിഞ്ഞതും അനുഭവിച്ചതുമായ നിലയിൽ, ഇപ്പോൾ കേട്ട പദത്തിനെ വീണ്ടും വ്യാഖ്യാനിച്ച് പരിശോധിക്കുന്നതാണിത്. സാധാരണയായി മനുഷ്യനിൽ ഈ രണ്ടു തരം ശ്രോതാക്കളാണ് നാം കാണുന്നത്.

മൂന്നാമതൊരു വ്യക്തി കൂടിയുണ്ടാവാം. രണ്ടാമത്തെപ്പോലെ സ്വാനുഭവത്തിലൂടെ മൂന്നാമനും ഈ പദത്തെ വ്യാഖ്യാനിക്കുന്നുണ്ട്. പക്ഷേ അയാൾ അവിടെ നിൽക്കുന്നില്ല. ഈ ഒരു പദം തന്നിലൂടെ മനസ്സിൽ ഉണ്ടാക്കാൻ ഒരു വ്യക്തി (വിദ്യാർത്ഥി പക്ഷത്തിൽ ഉ.ദാ.) അതിൽ എന്തൊക്കെ പ്രത്യേകതകൾ കണ്ടിട്ടുണ്ടാവണം. അതെന്തെന്നറിയാനുള്ള ജിജ്ഞാസയാൽ ഉ.കവിയുടെ ജീവിതം, വ്യക്തിത്വം, ദർശനം ഇവയിലൂടെ നിരീക്ഷണം നടത്തുന്നു. അങ്ങനെ ഉ.കവിക്ക് പരിചയവും പ്രാവീണ്യവും ഉള്ള എല്ലാ ഭാഷാ ശാഖകളിലും, കലകളിലും, ദർശനങ്ങളിലും താനും

[illegible] ... "ശൂന്യം" ...
ശൂന്യ[illegible] ...
[illegible] ശൂന്യ[illegible] ...
[illegible] "ശൂന്യ" [illegible]
[illegible]
[illegible] A fieldfree
Minskowsky space cannot exist എന്ന ആധുനിക
[illegible] Minkowsky space ന [illegible]
[illegible], [illegible]
[illegible], ശൂന്യം
("[illegible] ശൂന്യം [illegible]")
[illegible] ശൂന്യ[illegible],
[illegible] "[illegible]" [illegible].
[illegible] ([illegible]) — [illegible]
[illegible] — [illegible]
[illegible].
[illegible] attentive listening ഉം
[illegible] Creative listening ഉം [illegible]
[illegible]. [illegible]
[illegible] "[illegible]" [illegible]
Creative listening [illegible]
[illegible].

[illegible]
[illegible]. 19 [illegible]
[illegible]. 44 [illegible]

തങ്ങളുടെ പ്രോജക്ട് പഠനകാലത്ത് ഗവേഷണശക്തി വർധിച്ചിട്ടുണ്ട്. 60 പേർക്ക് ഈ കാലത്ത് ഡാറ്റ അനാലിസിസ് ചെയ്യാൻ കഴിവ് കൂടിയിട്ടുണ്ട്.
ഡാറ്റ അനാലിസിസ് ചെയ്യാനുള്ള കഴിവിന സമാനമായിട്ടാണ് ഗവേഷണശക്തി വർധിക്കുന്നതെന്ന് 66 പേർ കരുതി. അധ്യാപകർ പഠനവിഷയത്തെ ചിട്ടപ്പെടുത്തി അവതരിപ്പിക്കുന്ന രീതി കൊണ്ട് ഇപ്പറഞ്ഞ കഴിവുകൾ വർധിക്കുന്നുവെന്ന് 57 പേർ എഴുതി.

ജനനത്തിന്റെ ശേഷിയിൽ ബുദ്ധിശക്തി (I.Q) അളക്കുന്ന അംഗീകൃത സമ്പ്രദായം കൊണ്ടു മാത്രം ഒരു വ്യക്തിയുടെ ബൗദ്ധിക വികാസം അളക്കാൻ സാധ്യമല്ല. തന്റെ ചുറ്റുമുള്ള മണ്ഡലത്തിലെ (field) കാര്യങ്ങൾ നിരീക്ഷിക്കുക, നിരീക്ഷിച്ചതിന്റെ ഡാറ്റ ശേഖരിച്ചു വെക്കുക, അവയെ വിശകലനം ചെയ്ത് വിശദീകരിക്കുക — ഈ പ്രക്രിയകൾ നിരന്തരം തുടരുന്ന പക്ഷം (അഭ്യാസം) ഗവേഷണശക്തി വർധിച്ചുവരും. ഈ കഴിവു വളർത്തിയെടുക്കാൻ പ്രേരകമാവുന്നതാവണം അധ്യാപനരീതി. "എങ്ങനെ ചിന്തിക്കണം" എന്നതിന് "എന്ത് ചിന്തിക്കണം" എന്നതിനേക്കാൾ പ്രാധാന്യം അധ്യാപകർ കൊടുത്താൽ വിദ്യാർഥി സ്വയം ചിന്തിക്കാനും കണ്ടെത്താനും കഴിവുള്ള ശാസ്ത്രജ്ഞനായിത്തീരും. എന്ത് ചിന്തിക്കണമെന്ന് മാത്രം പഠിപ്പിച്ചാൽ വിദ്യാർഥി തന്നെ പൂർവ്വസൂരികൾ പറയുന്ന പുസ്തകപ്പുഴു മാത്രമാവും.

74 പേർ ചർച്ച, ലക്ചർ, സ്വന്തം വായന എന്നിവയും ഉപകാരപ്രദമെന്നും, നോട്ടെഴുതുന്നത് പഠനത്തിന് സഹായകമാണെന്നും കരുതി. 48 പേർക്ക് നോട്ടെഴുത്ത് സഹായകമാണ് — ചർച്ച, ലക്ചർ, സ്വന്തം വായന എന്നിവയോട് യോജിച്ചില്ല. 4 പേർക്ക് അതിനോട് യോജിപ്പില്ല. നോട്ടെഴുത്ത് കൊണ്ട് ഉപകാരവുമില്ല. 1½ വർഷത്തെ പ്രോജക്ട് പഠനം കൊണ്ട് പ്രോജക്ടിൽ സ്വാഭാവിക താല്പര്യം ജനിച്ചിട്ടുള്ളത് 10 പേർക്ക് മാത്രമാണ്. 94 പേർ ഒരു ഭാവിയിൽ

6

സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാരും പത്തോളജിയിൽ കൂടി വിജ്ഞാന മുണ്ടാക്കേണ്ടത് ആവശ്യമാണെന്നു കരുതി. 96 പേർ ഈ വിജ്ഞാനം ഉള്ളതിനാൽ ഒരാൾ ഒരു നല്ല ജീനിയസ്സാകയില്ലെന്നെഴുതി. 2 പേരുടെ അഭിപ്രായം പത്തോളജി തികച്ചും അനാവശ്യമായ ഒരു വിഷയമാണെന്നാണ്!

പത്തോളജിയിൽ സ്വാഭാവികതാബോധ്യം ജനിച്ചു തുടങ്ങിയ പത്തു വേളയിൽ ഒരാൾ ഞാൻ കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് ട്രാൻസ്ഫറായി തൃശ്ശൂരിലേക്കു പോകുന്ന കാലത്ത് കോഴിക്കോട് പത്തോളജി ഡിപ്പാർട്ട്മെന്റിൽ എം.ഡി ക്കു പഠിക്കുകയാണ്. (ഇപ്പോൾ അമേരിക്കയിൽ-) "പത്മ"- എന്ന ആ വിദ്യാർത്ഥിനി സുവർണ്ണ വേദത്തിന്റെ "Neoplasia" ക്ലാസു കേട്ടാണ് പത്തോളജിസ്റ്റാകണമെന്ന മോഹം തോന്നിയതെന്ന് സെന്റ് ഓഫ് സമയത്തെ ആശംസാപ്രസംഗത്തിൽ അപ്രതീക്ഷിതമായി പറഞ്ഞു കേട്ടപ്പോൾ എനിക്കു [struck] എന്റെ അധ്യാപകജീവിതം സഫലമായ് [illegible]യി- ഒരു നല്ല പത്തോളജിസ്റ്റിനെ പത്തോളജി എന്ന ശാസ്ത്ര വിഭാഗത്തിന് സംഭാവന ചെയ്യാൻ എന്റെ എളിയ ജീവിതത്തിന് സാധിച്ചുവല്ലോ എന്ന സംതൃപ്തിയും! പത്മ നല്ല ഒരു വ്യക്തിയും, നല്ല ഒരു വിദ്യാർത്ഥിനിയും, നല്ലൊരു ഗവേഷകയും, നല്ലൊരു അദ്ധ്യാപികയുമാണ്- എന്റെ ഒരു പുസ്തകത്തിന് പത്മയുടെ ഭർത്താവ്- (ഫാർമസിസ്റ്റ്-) ആ പുസ്തകം എഴുതിയപ്പോൾ അതിന് പേരിട്ടിരുന്നില്ല. ഇടക്കാലത്തിൽ തന്നെ "എന്റെ സംസ്കാരത്തിലെ സുധാസിന്ധുവിന്" എന്നാരംഭിച്ചിട്ടും ആ അക്ഷര സംഘാതത്തിൽ നിന്ന പുസ്തകത്തിന്റെ പേരും ഉണ്ടായതെന്ന് എനിക്കു തോന്നിയതുമില്ല.

928

ഒരിക്കൽ ഞാനും അദ്ദേഹവും സന്ധ്യയോടടുത്ത വേളയിൽ കോഴിക്കോട്ടെ ബലരാമന്റെ കടയിൽ നിന്ന് പലചരക്കു സാധനങ്ങൾ വാങ്ങി കാറിൽ വരികയാണ്. കാറ് ദേവഗിരി കയറ്റം കേറുമ്പോൾ തെരുവു റോഡിലൂടെ നടന്നു വരുന്ന — പത്മിനിയും ഇളയ കുട്ടി സിന്ധുവും — സന്ധ്യാകാശത്തിന്റെ മനോഹരമായ പശ്ചാത്തലം — ചിത്രം വരച്ച പോലെ —

"ഇടവഴിത്തിരിവിലൂടെ യാത്രയിലിടയത്തിരകൾ"

ഒഴുകിയെത്തുന്ന പോലെ. "പത്മസിന്ധു" ഒഴുകുന്നു — എന്ന് എന്റെ മനസ്സിൽ തോന്നി. "എന്റെ സാഹിത്യ പത്മത്തിലെ സുധാസിന്ധു" വിന് അച്ചടിയ്ക്കപ്പെട്ട ആദ്യ പുസ്തകം "പത്മസിന്ധു" ആയതിന് ആ യാദൃച്ഛിക സംഭവം (അതോ ദൈവനിയോഗമോ) നിമിത്തമായി —

② വികാസത്തിന്റെ വേദന

ബി. എസ് സി. വിദ്യാർത്ഥിനിയായിരുന്ന കാലത്ത് വളർച്ചയുടെ പ്രാഥമിക പാഠങ്ങൾ മിസ് ജോളി സൂസൻ അബ്രഹാമിന്റെ എംബ്രിയോളജി ക്ലാസിൽ നിന്നാണ് — അന്നത്തെ ബി വിദ്യാർത്ഥിനിയായിരിക്കെ പ്രൊ. സാറാമ്മ ബാലകൃഷ്ണന്റെ എംബ്രിയോളജി ക്ലാസിലും ഞാൻ ജീവന്റെ വളർച്ചയെക്കുറിച്ച് ഏറെ ചിന്തിച്ചു. ഏകകോശമായി ആരംഭിച്ച് മനുഷ്യശരീരമായിത്തീരുന്ന വളർച്ചയുടെ ചരിത്രം — പരിണാമത്തിന്റെ ചരിത്രം — വികാസത്തിന്റെ ചരിത്രം — എന്നാൽ, ഭൗതികമായ വളർച്ചയുടെ വിജ്ഞാനം കൊണ്ടു മാത്രം തൃപ്തിയാവുന്ന ഒരു മനസ്സായിരുന്നില്ല എന്റേത്. മാനസികം, വൈകാരികം, ആത്മീയം, സാംസ്കാരികം, ആത്മീയം — സർവതോമുഖമായ വളർച്ചയുടെയും വികാസത്തിന്റെയും ചരിത്രത്തിലേയ്ക്ക് ഇറങ്ങാനാണ് എന്റെ മനസ്സിന് താല്പര്യം

വസ്തുവിന്റെ ജ്ഞാനം ഓർമ്മിന്ന മാത്രമായിരുന്നു. ദൈവസത്തവും ജീവവികാസവും ഒന്നാണെന്ന ജി. ശങ്കരക്കുറുപ്പിന്റെ ഫിലോസഫിക്കൽ സിദ്ധാന്തം ബാലാമണിയമ്മയുടെ ഉരുവങ്ങളിൽ എന്ന കവിതയിൽ ഞാൻ കുട്ടിക്കാലത്തേ കണ്ടിട്ടുണ്ട്. ഉടലിന്റെ രഹസ്യം ചികഞ്ഞു നോക്കുന്ന മെഡിക്കൽ വിദ്യാർത്ഥികൾക്ക് ഒരുനാൾ "ഉയിരിൻ രഹസ്യ"വും കൈവരാമെന്ന് ബാലാമണിയമ്മ മെഡിക്കൽ കോളേജിൽ എന്ന കവിതയിൽ ദീർഘദർശനം ചെയ്തിട്ടുണ്ട്.

ഒരു ഭ്രൂണം — ഒന്ന് രണ്ടായി വിഭജിക്കുന്നു. വീണ്ടും വീണ്ടും വിഭജിച്ച് അനേകം കോശങ്ങളുണ്ടാവുന്നു. ഒരാളുടെ കുഞ്ഞുങ്ങൾ പെറ്റു പെരുകി അനേകം കുടുംബങ്ങൾ ഉണ്ടാകുന്നതു പോലെ ഈ കോശങ്ങൾ പ്രത്യേകം പ്രത്യേകം കലകളും അവയവങ്ങളും ആവുന്നു. Division, multiplication, Differentiation — ഇവ ഇടരുമ്പോൾ അതാ ഒരു ശിശു... അതിന്റെ ശാരീരികഭാഗവും വരുന്നു. മനസ്സും ബുദ്ധിയും വികസ്വരമാവുന്നു. അനുഭവത്തിൽ നിന്നുള്ള ജ്ഞാനവിജ്ഞാനങ്ങളാൽ ആത്മാവ് "അറിവുള്ളത്" ആകുന്നു. ഇത് സ്വാഭാവികവളർച്ച. അതിനുള്ള വാസനകൾ അടങ്ങിയ ജനിതകങ്ങളോടെ പറ്റിയ സാഹചര്യത്തിൽ ജനിക്കാൻ ഭാഗ്യം. വാസനകളുണ്ട് — സാഹചര്യമില്ലാതെ വരാം — സാഹചര്യമുണ്ട്, വാസനയില്ലാതെയും വരാം. എപ്പോഴും വസ്തു ഉണ്ടാവുന്നത് നേരായ രീതിയിലായിക്കൊള്ളണമെന്നില്ല എന്നു മാത്രം — അസ്വാഭാവികമായ ആ വസ്തുവും വസ്തു തന്നെ — ഭാഗ്യം കുറവായതുകൊണ്ടുള്ള ഒരു അസ്വാഭാവികത ഉണ്ടെന്നു മാത്രം.

സ്വാഭാവികം (Normal) അസ്വാഭാവികം (abnormal) എന്ന് തിരിച്ചറിയാൻ പ്രയാസമായ വിധം ഒട്ടുവിധ വളർച്ചകളും ഈ ഘട്ടത്തിൽ സംഭവിച്ചു കൊണ്ടേ ഇരിക്കുന്നു. കൂടുതൽ പേരിൽ കാണുന്നത് സ്വാഭാവികമെന്നും, കുറച്ചു പേരിൽ കാണുന്നത് അസ്വാഭാവികമെന്നുമുള്ള വിഭജനമാണ് സുഗമം സാധാരണമെന്നു കാണുന്നത്. അല്പം വ്യത്യസ്ത പുലർത്തുന്നവരെ ഭ്രാന്തന്മാരെന്ന് സാമാന്യജനങ്ങൾ ഇതു കൊണ്ട് വിളിക്കുന്നു. ശാസ്ത്രജ്ഞരും, പ്രവാചകരും, അവരൊക്കെയെല്ലാം ഈ അഭിപ്രായക്കാരുടെ ദൃഷ്ടിയിൽ "Eccentric" ആയി പോകും.

വളരുന്ന കലകളിൽ ഓർണിതിൻ ഡികാർബോക്സിലേസ് എന്ന എൻസൈമിന്റെ അളവ് കൂടുതലാണ്- ഭ്രൂണത്തിൽ, ഉണങ്ങിവരുന്ന മുറിവിൽ — എല്ലാം ഇതിന്റെ അളവ് കൂടും. പിറ്റ്യൂട്ടറിയിൽ വളർച്ചയോടു ബന്ധപ്പെട്ട ഒരു രാസപദാർത്ഥമാണ് ഉണ്ടാകുന്നത്. ശരീരത്തിലെ ചിലതരം കോശങ്ങൾക്ക് ഒരേ സമയം പിറ്റ്യൂട്ടറിനും സൊമാറ്റോസ്റ്റാറ്റിനും ഉണ്ടാക്കാം. സൊമാറ്റോസ്റ്റാറ്റിൻ വളർച്ചയെ സഹായിക്കുന്ന ഹോർമോണിനെ തടയുന്നു. (Growth hormone release inhibitory factor-) ഒരേ കോശത്തിൽ വളർച്ച കൂടാനും, വളർച്ച നിയന്ത്രിക്കാനുമുള്ള രാസവസ്തുക്കൾ ഉണ്ടാവുന്നത് ആ കോശത്തിന് വളർച്ചയെ സന്തുലനാവസ്ഥയിൽ നിർത്താൻ (Balance ചെയ്യാൻ) ഉള്ള കഴിവിനെ സൂചിപ്പിക്കുന്നു. ഇതൊരു സന്തുലനാവസ്ഥ ശരീരത്തിന്റെ മാത്രമല്ല, മനസ്സിന്റെയും വളർച്ചാവികാസത്തിനും ആവശ്യമാണ്. ഭൗതികവും ആത്മീയവുമായ ഒരു സന്തുലിതാവസ്ഥക്ക് മാനവ പുരോഗതി വികാസത്തിലും പ്രധാന സ്ഥാനമുണ്ട്.

ഭ്രൂണം വളരുന്ന ഒരു സ്ത്രീയിൽ ഓവുലേഷൻ കഴിഞ്ഞാൽ അന്നുമുതൽ 28 ദിവസത്തിനകം പിറ്റ്യൂട്ടറിയിൽ വലിപ്പം- ഗർഭകാലത്ത്

ആദ്യത്തെ 6 മാസം (കോശവിഭജനം കഴിയുമ്പോൾ) അമ്മയുടെ
ശരീരത്തിൽ ഹിസ്റ്റമിൻ ലെവൽ കുറയുകയില്ല. അത് സ്വാഭാവികം.
ഹിസ്റ്റമിൻ ഉല്പാദിപ്പിക്കുന്ന അപൂർവ കോശങ്ങളെ കുറിച്ചുള്ള പഠനം
'അസ്വാഭാവികമായ വളർച്ച' യെക്കുറിച്ചുള്ള പഠനമാണ്. ഈ
ദിശയിൽ "ന്യൂറോ എൻഡോക്രൈൻ" വിഭാഗത്തിൽ പെടുന്ന
അപൂർവ കോശങ്ങളുടെ പഠനത്തിൽ ഞാൻ ആദ്യമേ തല്പരയായി
രുന്നു. മനുഷ്യശരീരത്തിൽ, മനസ്സിന്റെ പെരുമാറ്റം നിയന്ത്രി
ക്കുന്ന ഭാഗങ്ങളിൽ, അധികമായി ചില രാസവസ്തുക്കൾ കാണപ്പെടു
ന്നു — (5 ഹൈഡ്രോക്സി ട്രിപ്റ്റാമിൻ, നോർ അഡ്രിനലിൻ,
ഡോപ്പമിൻ —) പെരുമാറ്റ വൈകല്യങ്ങളുള്ളവരിൽ ഇവയുടെ
ഉല്പാദനത്തിലും മെറ്റബോളിസത്തിലും വ്യത്യാസങ്ങൾ കാണുന്നു-
അതീന്ദ്രിയ ധ്യാനം ചെയ്യുമ്പോൾ ഇത്തരം രാസവസ്തുക്കൾ (VMA,
5 HIAA, 17 keto steroids) കുറയുകയും മസ്തിഷ്കത്തിലെ
EEG തരംഗ ദൈർഘ്യം കൂടുകയും ചെയ്യുന്നു.
(Bio medicine Vol I. 1980. page 1. Neurohumoral
Correlates of Transcendental Meditation - Sarada
Subramaniam, K. Porkody.) ന്യൂറോട്രാൻസ്മിറ്ററുകൾ
ക്കും നാഡീകൾക്കും ഗ്രന്ഥി കോശങ്ങളുടെ മാത്രമല്ല, മനസ്സിന്റെ
വികാസത്തിലും പങ്കുണ്ട്. എൻഡോർഫിൻ (Endogenously
secreted morphine) മസ്തിഷ്കത്തിൽ ഉള്ള ഹോർമോണാണ്
ശാരീരികവും മാനസികവുമായ സർവ്വ വേദനകളെയും ശമനം
ചെയ്യാൻ കഴിവുള്ളത്. എൻഡോർഫിൻ ലെവൽ കൂടുതൽ
സ്രവിപ്പിക്കുമ്പോൾ മസ്തിഷ്കം വേദനകളെ മറക്കുന്നു. ചിലതര
ത്തിൽ ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ കൂടുതൽ സഹിക്കു
ന്നു. ഈ ക്രിയ നിദ്ര, മനഃസംയമനം, യോഗം, ധ്യാനം

ഇവ നിരന്തരം അനുഭവിക്കുമ്പോൾ മസ്തിഷ്കത്തിൽ ന്യൂറോട്രാൻസ്മിറ്ററുകളും, അതോടു ബന്ധപ്പെട്ട വൈദ്യുതിശക്തിയും മാറ്റത്തിന് വിധേയമാകുന്നു. ചിലതൊക്കെ ക്ഷണികമാകാം വൈകല്യം ശരീരവും മനസ്സും ഒരു വ്യവസ്ഥിതിയിലാണെങ്കിലും തനിച്ചു പ്രവർത്തിക്കുന്ന ഒരേകകമാണ് എന്ന് ധ്യാനത്തിലൂടെ കണ്ടെത്തുന്നത് അങ്ങനെയാണ് സ്വതന്ത്രമായ "ബാലൻസിന്റെ" (സന്തുലിതാവസ്ഥ) ശരീര വേദനകൾക്കുള്ള പരിഹാരമാണെന്നും, യോഗവും ധ്യാനവും അതിനുതകുന്ന ശക്തിയാണെന്നും എനിക്കു ബോധ്യമാവുന്നത് 1976 ലാണ്. "ഞാൻ ഉണരെ ഞെട്ടിക്കുന്നു" - (Harmone - I excite) എന്ന പേരിൽ വേദന പോർട്ടലുകളെ കുറിച്ച് ആ വർഷമാണ് ഞാൻ പഠനം തുടങ്ങുന്നത്. 1976 ൽ പ്രൊഫസർ ഡോ. ... ഒരു ... സെമിനാറിൽ ... സിനോപ്സിസ് ... കുറിച്ച് ഒരു പ്രബന്ധം അവതരിപ്പിക്കാൻ എനിക്കവസരമുണ്ടായതിനെ തുടർന്നാണിത്- 1977 മുതൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ പഠനം നടത്തി ഫിസിയോളജി ഡിപ്പാർട്ട്മെന്റിൽ ... ഹോർമോൺ (my ...) ... ഞാൻ പ്രത്യേകം ശ്രദ്ധിക്കാൻ തുടങ്ങി. ഈ ശ്രദ്ധയാണ് 1981 ൽ ബിരുദാനന്തര ബിരുദത്തിന് ഈ വിഷയം ഞാൻ തെരഞ്ഞെടുത്തത്. MD പരീക്ഷയ്ക്ക് പരീക്ഷകരിൽ ഒരാൾ "നിങ്ങളുടെ പ്രൊഫസർമാർ വേണ്ടെന്ന് വിലക്കിയിട്ടും ഈ വിഷയം തന്നെ എന്തിന് തെരഞ്ഞെടുത്തു" എന്ന് ചോദിക്കുകയുണ്ടായി. ഞാൻ ഉത്തരം പറഞ്ഞു. "I am a person who is thinking about alleviation of pain in the society. There fore I selected this topic" എന്ന്- സമൂഹത്തിന്റെ 'വേദനാസംഹാരിയെ കുറിച്ച്' - വേദനകൾക്കുള്ള പരിഹാരവും

തന്നെ അറിച്ച് - നിരന്തരം ചിന്തിക്കുന്ന വ്യക്തിയായതുകൊണ്ട് ശരീരത്തിന്റെ വേദനകളോടു ബന്ധപ്പെട്ട ന്യൂറോ ട്രാൻസ്മിറ്ററുകളെ ഞാൻ ഗവേഷണവിധേയമാക്കി.

കാർസിനോയ്ഡ് എന്നറിയപ്പെട്ട അർബുദരോഗം സ്രവിപ്പിക്കുന്ന സിറോട്ടോണിൻ ഉൽപ്പന്നത്തിന് ഉള്ള ഒരു വസ്തുവാണ്. 5-HIAA എന്ന വസ്തു ഇത്തരം രോഗികളിൽ ധാരാളം കണ്ടെത്തിയതും. അതാകട്ടെ രാസപരമായി "ഓക്സിൻ" എന്ന സസ്യഹോർമോണിനു സദൃശമാണ് - സസ്യങ്ങളുടെ വളർച്ചയ്ക്ക് ഓക്സിൻ ഉപയോഗിക്കുന്നു. വളർച്ച ഒരു വേദന ക്രിയയാണ് - ഓരോ വളർച്ചയും ഓരോ വികാസത്തിനും പിന്നിൽ വേദനകളുടെയും, ആ വേദനകളുടെ പരിഹാരമാർഗ്ഗം തേടലിന്റെയും അതിന്റെ ഫലമായ വളർച്ചയുടെയും ഒരു ചരിത്രമുണ്ട്. സസ്യത്തിൽ നിന്ന് ഏകകോശജീവിയും (ഭ്രൂണം) അതിൽ നിന്ന് മനുഷ്യനായി വളർന്ന പരിണാമ ചരിത്രത്തിലും ഈ വേദനയുടെയും വേദനാസംഹാരത്തിന്റെയും സന്തുലിതാവസ്ഥയുടെയും കാൽപ്പാടുകൾ ഉണ്ട്. ഹേഗലിന്റെ നിയമപ്രകാരം, "അളവിന്റെ വ്യത്യാസം കൊണ്ട് ഗുണവ്യത്യാസം" വന്ന ഒരേ രാസവസ്തുവാണ് സസ്യവും ഏകകോശജീവിയും മനുഷ്യനും. സസ്യം "അന്നം" ആകുന്നു. അന്നത്തിൽ നിന്ന് "രേതസ്സ്" (Sperm, ova) ഉണ്ടാവുന്നു, രേതസ്സിൽ നിന്ന് വളർച്ചയുടെ ഭാഗമായി ദേഹമാവുന്നു. ഈ ഭാരതീയ ദർശനത്തിന്റെ തന്നെ പുതിയൊരു പാഠമാണിത്. ഈ വളർച്ചയുടെ ചിന്തയോടൊപ്പം യമനിയമാദികളും, പ്രാണായാമവും ധ്യാനവും എന്റെ ശീലമായി. കടുത്ത പരീക്ഷണങ്ങളെ ഏറെ നേരിട്ട ഒരു വ്യക്തിയാണ് ഞാൻ. ആ ജീവിതാനുഭവങ്ങളെയൊക്കെ അതിജീവിക്കാനും, ജീവിതത്തോടുള്ള സമീപനം തന്നെ മാറ്റാനും എനിക്ക് അക്കാലത്തു തന്നെ ആരംഭിച്ച ജ്യോതിഷ പഠി

ചയവും, ശ്രീ ശങ്കരാനന്ദസ്വാമികളുടെ ഉപദേശവും സഹായക
മായി.

പെത്തിഡിൻ, മോർഫിൻ മുതലായ രാസവസ്തുക്കൾ പുറമെനിന്ന് കുത്തിവെച്ച് കൃത്രിമമായി വേദന സംഹരിക്കുന്നതിൽനിന്ന് തികച്ചും വിഭിന്നമാണ് ധ്യാനത്തിലൂടെ സ്വശരീരത്തിൽത്തന്നെ എൻഡോർഫിൻ കൂടുന്നത്. ആദ്യഘട്ടത്തിൽ വ്യക്തിയുടെ ചിന്താശേഷിയും ബോധവും മങ്ങുന്നു; ശരീരത്തിന്റെ സന്തുലിതാവസ്ഥ നശിച്ച് രോഗമുണ്ടാവുന്നു; വ്യക്തി ഉന്മാദിയാവുന്നു; അസ്വസ്ഥത ഏറിവരുന്നു. എന്നാൽ രണ്ടാമഘട്ടത്തിൽ ചിന്താശേഷി വർധിക്കുന്നു; ബോധമണ്ഡലം കൂടുതൽ തിളക്കം ആർജ്ജിക്കുന്നു; സന്തുലിതാവസ്ഥ നേടിയ ശരീരം സ്വന്തം കർമ്മമണ്ഡലത്തിൽ ഏറെ ശോഭിക്കാൻ വ്യക്തിയെ സഹായിക്കുന്നു. ആദ്യത്തേത് വ്യക്തിത്വത്തിന്റെ സങ്കോചവും രണ്ടാമത്തേത് വ്യക്തിത്വ വികാസവുമാണ്.

ശിഷ്യന് താൻ അർഹിക്കുന്ന ഗുരുവിനെ ലഭിക്കുമെന്ന് ഒരു ചൊല്ലുണ്ട്. പ്രപഞ്ചം എന്റെ ഗുരുവാണ്. ഇച്ഛാശക്തി ജ്ഞാനശക്തി ക്രിയാശക്തി സ്വരൂപിണിയായ പരാശക്തിയുടെ ഈ സംസാരപ്രപഞ്ചം- വിദ്യാഭ്യാസനിർവ്വചനത്തിൽ വിദ്യാർത്ഥിയും ഗുരുവും ഓരോ ഡൈനാമിക് സിസ്റ്റങ്ങളാണ്. അവർ പരസ്പരം സ്വാധീനിക്കുന്നു. ഇരുവരിലും മാറ്റം സംഭവിക്കുന്നു. അതാണ് വിദ്യാഭ്യാസമെന്ന പ്രക്രിയ. ജെസ്റ്റാൾട്ട് സൈക്കോളജിയുടെ മണ്ഡലസിദ്ധാന്തം (Field theory) ഇങ്ങനെയാണ്. ഓരോ വ്യക്തിയും ഒരു മണ്ഡലത്തിന്റെ കേന്ദ്രം. തനിക്കു ചുറ്റുമുള്ള വ്യത്യസ്ത രംഗങ്ങളിലെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചു പഠിച്ച് അവയോട് പ്രതികരിക്കുന്ന വ്യക്തി. ഈ ചിന്താമണ്ഡലം ഏറ്റവും അടുത്ത "ഗൃഹ"ത്തിൽനിന്ന് വിപുലമായി [illegible] പ്രപഞ്ചം വരെ വികസിക്കാം. (ചിത്രം നോക്കുക)



ഗ്രാമനഗരമായി, ഞാൻ ഇരിക്കുന്ന കേന്ദ്രം (മണ്ഡലം) കേന്ദ്രത്തിനായ് വ്യക്തിയിൽ ഉണ്ടാകുന്ന വികാസമാണ് വിദ്യ. ഇപ്രകാരം വിദ്യ നേടി, പ്രപഞ്ചമണ്ഡലത്തോളം ചിന്ത ചെന്നെത്തുന്ന തന്റെ കേന്ദ്രത്തിൽ (മണ്ഡലത്തിൽ) വ്യത്യാസങ്ങൾ സൃഷ്ടിക്കാൻ പ്രാപ്തനായിത്തീരുന്നു. താൻ ജീവിക്കുന്ന പ്രപഞ്ചത്തെയും, തനിക്കു ചുറ്റുമുള്ള മനുഷ്യരും ജീവജാലങ്ങളുമടങ്ങിയ പ്രപഞ്ചത്തെ തന്നെ പരസ്പരം പ്രചോദിപ്പിച്ച്, പരസ്പരം മാററങ്ങൾ വരുത്തുന്ന പ്രക്രിയയാണത്. ഇതാണ് വിദ്യാഭ്യാസം — ജീവവികാസം — സർഗ്ഗക്രമം. ഇതാണ് യഥാർത്ഥ വളർച്ച.

ഇന്ന് വിദ്യയ്ക്ക് രണ്ടു രൂപമുണ്ട്. തൊഴിലിനും ഉപജീവനത്തിനുമായി മാത്രം അഭ്യസിക്കുന്ന വിദ്യ. ആത്മസംതൃപ്തിക്കും

ആനന്ദത്തിന്റെ അനുഭൂതി ആണ് വിദ്യ. ഇവ രണ്ടും ഒന്നായിത്തീരുന്ന ഒരു മണ്ഡലമാണ് ശാന്തിതീരം. അദ്ധ്യാപകനും, [illegible] ശിഷ്യരും ഒരേ "പ്രൊഫഷണൽ" എന്ന വിളിക്കാവുന്ന സംഘങ്ങളാണ്. ഒരു "പ്രൊഫഷണൽ" എന്നാലെന്താണ്? യഥാർത്ഥ പ്രൊഫഷണൽ ആരാണത്? വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഒരു പ്രൊഫഷണലിന് വേണ്ടുന്ന ലക്ഷണങ്ങൾ എന്തൊക്കെയാണ്?

1. ഒരു പ്രൊഫഷണലിന് മറ്റാരുടെ മേൽനോട്ടമോ ഉപദേശമോ കൂടാതെയും സ്വന്തം കർമ്മം ചെയ്യാനാവും.
2. ഞാൻ ഒരു "തൊഴിലാളി" മാത്രമാണ് എന്ന് തോന്നലില്ല.
3. മണിക്കൂറ് കണക്കിന് ജോലി നിർത്തി പോവുകയില്ല.
4. താൻ ചെയ്യുന്ന ജോലിക്ക് മണിക്കൂറു നോക്കുകയില്ല, കൂലി ചോദിക്കുക.
5. സ്വാതന്ത്ര്യത്തിന്റെയും കഴിവിന്റെയും സഹായത്താൽ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സന്നദ്ധത ഉണ്ടാവും.
6. സ്വന്തം കഴിവുകൾ വർദ്ധിപ്പിക്കാൻ സദാ ജാഗരൂകനാകും.
7. സ്വന്തം പ്രൊഫഷന് അറിവും കഴിവും വർദ്ധിപ്പിക്കാനായി തന്റേതായ സംഭാവനകൾ ചെയ്യാൻ ശ്രമിക്കും.
8. മറ്റുള്ളവരുടെ വിശ്വാസത്തെ മാനിക്കും.
9. സഹപ്രവർത്തകരോട് വിശ്വസ്തത പുലർത്തും.
10. ഊഹാപോഹങ്ങളും കേട്ടുകേൾവികളും വർജ്ജിക്കും.
11. തന്റെ ബുദ്ധിമുട്ടുകൾ ശരിയായ വഴിയിലൂടെ പരിഹരിക്കും.
12. തന്റെ പ്രൊഫഷണൽ ഉത്തരവാദിത്വങ്ങളെ പാലിക്കും.
13. സഹപ്രവർത്തകരുടെ ഗുണങ്ങൾ മനസ്സിലാക്കും.
14. മറ്റുള്ളവരെ ചൂഷണം ചെയ്തു കൊണ്ടല്ല, സ്വന്തം കഴിവുകൾ വർദ്ധിപ്പിച്ചു കൊണ്ടാണ് സ്വയം നന്നാകാൻ ശ്രമിക്കുക.

15. തന്റെ പ്രൊഫഷനിൽ അഭിമാനമുണ്ടാവും - അതിനോട് ആത്മാർത്ഥതയുള്ളതും.

16. സേവന മനസ്ഥിതിയാണ് പ്രഥമ ലക്ഷ്യമായിരിക്കണം.
(G. B. Leigh body. - What makes a Professional, professional ? - Quot - Educational Psychology. Skinner. page 48.)

ഒരു പ്രത്യേക തൊഴിലിന്റെ പരിധിക്കുള്ളിലാണ്, ജോലി ചെയ്താലും ഇല്ലെങ്കിലും ശമ്പളവും ആനുകൂല്യങ്ങളും പറ്റുന്ന ഉദ്യോഗസ്ഥനല്ല "പ്രൊഫഷണൽ". സ്വതന്ത്രമായി ചിന്തിക്കാനും, അതനുസരിച്ച് ജീവിക്കാനും, തന്റെ ചിന്തയും ജീവിതാനുഭവങ്ങളും മറ്റുള്ളവരുമായി പങ്കിടാനും സാധിക്കുമ്പോഴാണ് അദ്ധ്യാപികക്കുട്ടിയായ ഒരു പ്രൊഫഷണലിന് അക്കാദമിക് സ്വാതന്ത്ര്യം അനുഭവിക്കുന്നത്. ഈ സ്വാതന്ത്ര്യം മറ്റൊരാൾ തരുന്നതല്ല, താൻ സ്വയം അർഹത നേടിയെടുക്കുന്നതാണ്. "അർഹത" നേടുക എന്ന വാക്കിന് വിപുലമായ അർത്ഥതലങ്ങളുണ്ട്. അർഹത നേടിയവരെ തിരിച്ചറിയാനുള്ള കഴിവ് വിരളമായ ഡിപ്പാർട്ട്മെന്റൽ തലവന്മാർക്ക് (H.O.D) ഉണ്ടാവുകയുള്ളൂ. November 6 (1990). രാജു സ്വാമി 'ദി ഹിന്ദു' എന്ന ദിനപത്രത്തിൽ പറഞ്ഞ കാര്യങ്ങൾ പ്രസക്തമാകയാൽ ഉദ്ധരിക്കുന്നു. " പ്രിൻസിപ്പൽമാരുടെയും ഡിപ്പാർട്ട്മെന്റൽ തലവന്മാരുടെയും നേതൃത്വ പരിശീലനം കൊണ്ട് ഏറെ നേട്ടങ്ങളുണ്ടാവും. നേതൃത്വ റോള് ഊർജ്ജസ്വലരായ അദ്ധ്യാപകരെ പ്രോത്സാഹിപ്പിച്ച് ഡിപ്പാർട്ട്മെന്റുകളുടെ വികസനത്തിലും ആധുനികവൽക്കരണത്തിലും പങ്കെടുപ്പിക്കാനും, അദ്ധ്യാപനം, ഗവേഷണം, കൺസൾട്ടൻസി എന്നീ പ്രധാന മേഖലകളിൽ സജീവമാക്കാനും കഴിയും; കഴിയണം. .... - സീനിയർ സ്റ്റാഫിനോട്,

അടിമത്തവിനയവും ഇന്ത്യൻ സ്വാതന്ത്ര്യത്തോടുള്ള അടിമത്ത മനോഭാവവും സ്വന്തം ബന്ധങ്ങളിൽ സൃഷ്ടിച്ചിരുന്ന ഉദ്യോഗസ്ഥന്മാരാണ്. പക്ഷേ, സെക്രട്ടേറിയറ്റിന്റെ വികസനമേഖലയിലെ പ്രാന്തിയിലും ഉന്നതത്തിലും ഇവരെല്ലാം വിശ്വാസം സൃഷ്ടിക്കുകയല്ല ഉണ്ടായ. ഒരു ഡിപ്പാർട്ട്മെന്റിന് തന്റെ സ്വന്തം ഉത്തരവാദിത്വം സ്വതന്ത്രമായി നിറവേറ്റാൻ സ്ഥാപനത്തിന്റെ അധികാരവും പ്രോത്സാഹനവും ലഭിക്കേണ്ടതില്ലേ... ഇന്ന്, ഒരു ഡിപ്പാർട്ട്മെന്റിന്റെ സേവനം കൊണ്ടു മാത്രമേ ഒരു സ്ഥാപനത്തിന് സർവ്വതോമുഖമായ പുരോഗതി ലഭിക്കുകയുള്ളൂ."

ഉദ്യോഗസ്ഥതലത്തിൽ "ഡിപ്പാർട്ട്മെന്റു"കൾ കൂടിത്തിരിക്കുന്നു. അവരെ തിരിച്ചറിയാനും പ്രോത്സാഹിപ്പിക്കാനും സെക്രട്ടേറിയറ്റിന്റെ സർവ്വതോമുഖമായ വികസനത്തിന് നിർണ്ണായകമാം നേതൃത്വമുള്ള H.O.D കൾക്കേ സാധിക്കൂ. H.O.D വെറും ഉദ്യോഗസ്ഥനാണ്, ഡിപ്പാർട്ട്മെന്റല്ല എങ്കിൽ, സെക്രട്ടേറിയറ്റിലെ എല്ലാ ഡിപ്പാർട്ട്മെന്റുകളും ഒരേതരത്തിൽ വെച്ചു വിലയിരുത്തും — അല്ലെങ്കിൽ, 'മുകളിലുള്ള ഓഫീസിന്റെ കീഴിലെ ഉദ്യോഗസ്ഥ'നായി വിനയപൂർവ്വം സേവിക്കാൻ വിധിക്കപ്പെടുന്നു. ഈ അവസ്ഥ വരാതിരിക്കാൻ ഇനിയെങ്കിലും സ്ഥാപനങ്ങൾ — പ്രത്യേകിച്ചും സർക്കാർ സ്ഥാപനങ്ങൾ — ശ്രമിച്ചില്ലെങ്കിൽ നമ്മുടെ നാട് രക്ഷപ്പെടില്ലെന്നും എന്ന് പറയേണ്ടതില്ലല്ലോ.

73

439

3. ബ്ലഡ് ബാങ്ക് എന്ന സ്വപ്നം

